VOL NO: 06 I ISSUE 24
www.nerpatham.com
mail@nerpatham.com
2022 JUNE 11 I ₹10

# നേർപഥം

വാരിക

രാഷ്ട്രീയ കിടമത്സരം എന്നതിനപ്പുറം ഉത്തരേന്ത്യയിലെപ്പോലെ വർഗീയ, സാമുദായിക സ്വത്വങ്ങൾ പ്രതിലോമകരമായി ഉപയോഗിച്ച തെരഞ്ഞെടുപ്പായിരുന്നു തൃക്കാക്കരയിൽ നടന്നത്. അതുകൊണ്ട്തന്നെ മലയാളികളുടെ ബൗദ്ധികനിലവാരവും അപരസ്നേഹവും അടയാളപ്പെടുത്താൻ ഈ തെരഞ്ഞെടുപ്പ് ഫലം നിമിത്തമാകുമെന്നായിരുന്നു നിരീക്ഷണം. തൃക്കാക്കര നൽകുന്ന ആശ്വാസകരമായ ഫലവും മറ്റൊന്നല്ല.

## പ്രവാചകനിന്ദയിലൂടെ സ്വയം നിന്ദ്യരാകുന്നവർ




# വർഗീയതയെ കരകടത്തിയ തൃക്കാക്കര

|| സ്വവർഗരതിയിലെ നന്മയെന്ത്?

|| സഞ്ചാരത്തിന്റെ ഇസ്‌ലാമിക മാനം

|| സോഷ്യൽ മീഡിയ: ചതിക്കുഴികളും പരിഹാരങ്ങളും

# പുറത്തിറങ്ങി...




WISDOM BOOKS
PUBLISHING || DISTRIBUTION
Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

0281
# നേർപഥം
വാരിക

2022 ജൂൺ 11
1443 ദുൽഖഅദ 10
പുസ്തകം 06 / ലക്കം 24




Printed, published & owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Cover:
Riyas & Anil

Design & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly




**05**
മുഖമൊഴി
പ്രവാചകനിന്ദയിലൂടെ
സ്വയം നിന്ദ്യരാകുന്നവർ

**06**
ലേഖനം
രോഗവും മരുന്നും
ഇമാം ഇബ്നുൽ ക്വയ്യിം
അൽജൗസിയ്യ
വിവർത്തനം: ബിൻത് മുഹമ്മദ്

**18**
ലേഖനം
സഞ്ചാരത്തിന്റെ
ഇസ്‌ലാമിക മാനം
ഡോ. ടി. കെ യൂസുഫ്

**21**
ക്വുർആൻ ദർശനം
മുഹമ്മദ്
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

**23**
ലേഖനം
സ്വവർഗരതിയിലെ നന്മയെന്ത്?
ടി.കെ അശ്റഫ്

**26**
ചരിത്രപഥം
പ്രവാചകന്റെ വിവാഹങ്ങൾ
ഹുസൈൻ സലഫി

**31**
ലേഖനം
തശഹ്ഹുദിലെ പ്രാർഥന;
നാം അറിയേണ്ടത്
ദുൽക്കർഷാൻ അലനല്ലൂർ

**34**
കാഴ്ച
കാണരുത്, ആ കാഴ്ചകൾ
നബീൽ പയ്യോളി

കവിത
വെറുപ്പ്
സുലൈമാൻ പെരുമുക്ക്

# ഹജ്ജ്; നെടുമ്പാശ്ശേരിയിലേക്കുള്ള യാത്രാസൗകര്യം വർധിപ്പിക്കണം: വിസ്ഡം യൂത്ത്

മലപ്പുറം: പരിശുദ്ധ ഹജ്ജിനായുള്ള യാത്രയ്ക്കായി തീർഥാടകർ പുറപ്പെടാനുള്ള സമയമായതിനാൽ ജില്ലാ ആസ്ഥാനങ്ങളിൽനിന്ന് നെടുമ്പാശ്ശേരിയിലേക്കുള്ള യാത്രാസൗകര്യങ്ങൾ വർധിപ്പിക്കണമെന്ന് വിസ്ഡം യൂത്ത് സംസ്ഥാന സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു.

മലബാറിൽനിന്നാണ് ഏറ്റവും കൂടുതൽ ഹജ്ജ് തീർഥാടകർ ഉള്ളത്. ഹജ്ജ് എംബാർക്കേഷൻ അടക്കമുള്ള സൗകര്യങ്ങൾ കരിപ്പൂരിൽനിന്ന് മാറ്റിയതിനാൽ പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ട്. അതിനാൽ ജില്ലാ ആസ്ഥാനങ്ങളിൽനിന്ന് നെടുമ്പാശ്ശേരിയിലേക്ക് കെ.എസ്.ആർ.ടി.സി ലോഫ്ളോർ, കെ സ്വിഫ്റ്റ് ബസ് സർവീസുകൾ അധികരിപ്പിച്ച് യാത്രാപ്രശ്നം പരിഹരിക്കണമെന്ന് വിസ്ഡം യൂത്ത് ആവശ്യപെട്ടു.

പ്രസിഡന്റ് ഹാരിസ് മദനി കായക്കൊടി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി, ഒ. മുഹമ്മദ് അൻവർ, യു.മുഹമ്മദ് മദനി, പി.യു സുഹൈൽ, ജംഷീർ സ്വലാഹി, ഡോ. പി.പി നസീഫ്, മുജീബ് ഒട്ടുമ്മൽ, ഹസൻ അൻസാരി, ഫിറോസ് സ്വലാഹി, അബ്ദുറഹ്മാൻ ചുങ്കത്തറ സംസാരിച്ചു.

# പ്രകൃതിവിരുദ്ധത പുരോഗമനമല്ല: വിസ്ഡം യൂത്ത്

കോഴിക്കോട്: പരസ്പരം ആകർഷിക്കുന്നതും സംതുലിതാവസ്ഥ നിലനിർത്തുന്നതുമായ ഇണകളാൽ സംവിധാനിക്കപ്പെട്ട പ്രകൃതിക്ക് വിരുദ്ധമായി സ്വവർഗ വിവാഹത്തെ പുരോഗമനമായി അവതരിപ്പിക്കുന്ന ജെന്റർ രാഷ്ട്രീയത്തിനെതിരെ സമൂഹം ഉൽബുദ്ധരാകണമെന്ന് വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന നേതൃസംഗമം അഭിപ്രായപ്പെട്ടു. എല്ലാറ്റിലും ശാസ്ത്രബോധം അവകാശപ്പെടുന്നവർ തന്നെ ശാസ്ത്രവിരുദ്ധമായ ഇത്തരം ദുരാചാരങ്ങളെ അനുകൂലിക്കുന്നത് ആശ്ചര്യമുളവാക്കുന്നു.

തൃക്കാക്കര ഉപതെരഞ്ഞെടുപ്പിൽ സംഘ് രാഷ്ട്രീയത്തെ അവജ്ഞയോടെ തള്ളിക്കളഞ്ഞ കേരളീയ പ്രബുദ്ധതയിൽ അഭിമാനമുണ്ട്. ഇത് ജനവിരുദ്ധ നയം തിരുത്താൻ സർക്കാരുകൾക്ക് പാഠമാകണമെന്നും വിസ്ഡം യൂത്ത് അഭിപ്രായപ്പെട്ടു.

സംസ്ഥാന പ്രസിഡന്റ് കെ.സി ഹാരിസ് മദനി കായക്കൊടി ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി കെ. താജുദ്ദീൻ സ്വലാഹി അധ്യക്ഷത വഹിച്ചു. ജില്ലാ യുവജന സമ്മേളനം, മണ്ഡലം എംപവർ മീറ്റുകൾ, പാഠം യുവജന സംഗമങ്ങൾ എന്നിവക്ക് അന്തിമരൂപം നൽകി.

സംസ്ഥാന ഭാരവാഹികളായ ഒ. മുഹമ്മദ് അൻവർ, പി. യു സുഹൈൽ, കെ. അബ്ദുല്ല ഫാസിൽ, മുജീബ് ഒട്ടുമ്മൽ, യു. മുഹമ്മദ് മദനി, ഡോ. പി. പി നസീഫ്, പി.വി.എ പ്രിംറോസ്, ജംഷീർ സ്വലാഹി, ഹസൻ അൻസാരി, ഫിറോസ് സ്വലാഹി, അബ്ദുറഹ്മാൻ ചുങ്കത്തറ, അബ്ദുറഹ്മാൻ ഫഹൂം (കാസർകോട്), ശബീർ, മേമി (കണ്ണൂർ), ശഹീർ ഖാൻ സ്വലാഹി, ഇഖ്ബാൽ കൽപറ്റ (വയനാട്), നൗഫൽ അഴിയൂർ, ഉനൈസ് സ്വലാഹി, ശംസീർ സ്വലാഹി, ഹനാൻ ബാസിത് (കോഴിക്കോട്), അബ്ദുൽ ഗഫൂർ, അബ്ദുൽ ഖാലിഖ് സി.എം, റഫീഖലി ഇരിവേറ്റി, മുസ്തഫ മദനി (മലപ്പുറം), വി.പി ബഷീർ (പാലക്കാട്), ഹാരിസ് മാസ്റ്റർ (തൃശൂർ), അൻവർ കലൂർ (എറണാകുളം), ബിലാൽ, കാസിം കുഞ്ഞ് (ആലപ്പുഴ), ത്വാഹാ അബ്ദുൽ ബാരി, സൽമാൻ ഫാരിസ് സ്വലാഹി (തിരുവനന്തപുരം) പ്രസംഗിച്ചു.

# പ്രവാചകനിന്ദയിലൂടെ സ്വയം നിന്ദ്യരാകുന്നവർ


മുഹമ്മദ് നബി(സ്വ) ഒരു മനുഷ്യനെയും വെറുത്തിട്ടില്ല. ആരോടും ഒരന്യായവും ചെയ്തിട്ടില്ല. സ്നേഹിച്ചിട്ടേയുള്ളൂ; എല്ലാവരെയും. അനീതിയും അക്രമവും കാണിക്കുക എന്നത് ആ മഹാത്മാവിന് അചിന്ത്യമായിരുന്നു. ആയിരത്തി നാനൂറിൽപരം വർഷം മുമ്പ് അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞു. എന്നിട്ടും ലോകത്തിന്റെ നാനാഭാഗത്തുനിന്നും അദ്ദേഹത്തെ അവമതിക്കാൻ പലരും തുനിഞ്ഞിറങ്ങുന്നതിന്റെ കാരണമെന്തായിരിക്കും? അദ്ദേഹം ലോകത്തിനു മുന്നിൽ സമർപ്പിച്ച, സ്രഷ്ടാവിൽനിന്നുള്ള സാർവലൗകികവും സാർവകാലികവുമായ ആദർശത്തോടുള്ള തികഞ്ഞ വിദ്വേഷം തന്നെ എന്നതല്ലാതെ മറ്റെന്തുണ്ടിതിന് കാരണം?

2006ൽ ഡാനിഷ് പത്രം പ്രവാചകനെ അവമതിച്ചുകൊണ്ട് പ്രസിദ്ധീകരിച്ച കാർട്ടൂൺ വൻവിവാദമായതാണ്. അത് പുനഃപ്രസിദ്ധീകരിച്ചുകൊണ്ട് ഫ്രാൻസിലെ 'ഷാർലി എബ്ദോ' വാരിക പ്രകോപനത്തിന് വഴിമരുന്നിട്ടു. 2011ൽ വീണ്ടും മുഹമ്മദ് നബി(സ്വ)യുടെ വികൃത കാർട്ടൂൺ പ്രസിദ്ധീകരിച്ചുകൊണ്ട് തങ്ങളുടെ വെറുപ്പിന്റെ ആഴം അവർ ലോകത്തിന് കാണിച്ചുകൊടുത്തു. എന്നാൽ ഇതിലൂടെ ഒരു കാര്യം പ്രസ്തുത വാരികയുടെ അണിയറയിലുള്ളവർ മനസ്സിലാക്കി; മുസ്‌ലിംകളെ പ്രകോപിതരാക്കാൻ മാത്രമല്ല വാരികയുടെ വളർച്ചക്കും ഇത് നല്ലൊരു മാർഗമാണെന്ന്!

ഒരു ജനാധിപത്യ മതനിരപേക്ഷ രാജ്യമായ ഇന്ത്യയിലും ഏതാനും വർഷങ്ങളായി ഇതുപോലെ മുസ്‌ലിംകളെ പ്രകോപിതരാക്കാനും തങ്ങളുടെ അധികാരമുറപ്പിക്കുന്നതിനും വേണ്ടി ആസൂത്രിതമായ പ്രവർത്തനങ്ങൾ ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരിൽ നടന്നുവരുന്നു എന്നത് അനിഷേധ്യമായ കാര്യമാണ്. അതിലെ ഏറ്റവും പുതിയ സംഭവമാണ് ബിജെപി വക്താവായ നുപൂർ ശർമയുടെ പ്രവാചക നിന്ദയും ഡൽഹി ഘടകം മാധ്യമവിഭാഗം തലവൻ നവീൻ കുമാർ ജിൻഡാലിന്റെ ഇസ്‌ലാം വിരുദ്ധ പ്രചാരണവും. വിഷയം ലോകത്താകെ വ്യാപിക്കുകയും നിശിതമായ വിമർശനങ്ങൾക്കും എതിർപ്പിനും ഇടയാകുകയും ചെയ്തപ്പോൾ നുപൂർ ശർമ തന്റെ പരാമർശം പിൻവലിക്കുകയും പാർട്ടി നേതൃത്വം ഇരുവർക്കുമെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തു. 'ഏതെങ്കിലും മതത്തിൽപെട്ട വ്യക്തികളെ അപമാനിക്കുന്നതിനെ ശക്തമായി അപലപിക്കുന്നു. എല്ലാ മതങ്ങളെയും ബഹുമാനിക്കുന്നു. ഏതെങ്കിലും മതത്തെയോ വിഭാഗത്തെയോ താഴ്ത്തിക്കെട്ടുന്ന പ്രത്യയശാസ്ത്രത്തെ ശക്തമായി എതിർക്കുന്നു...' തുടങ്ങിയ പ്രസ്താവന ബിജെപി ദേശീയ ജനറൽ സെക്രട്ടറി അരുൺ സിങ് നടത്തിയതും നാം കണ്ടു. ഇതെല്ലാം ലോകത്തിനു മുന്നിൽ മുഖം രക്ഷിക്കാനുള്ള നാടകം മാത്രമാണെന്ന് മനസ്സിലാക്കാൻ അതിബുദ്ധിയൊന്നും വേണ്ട. സംഘ്പരിവാർ നേതാക്കളും ബിജെപിയുടെ ജനപ്രതിനിധികളുമായ പലരും നടത്തിയ വിഷലിപ്തമായ വർഗീയ പ്രസംഗങ്ങളും പശുവിന്റെ പേരിൽ നടന്ന ആൾക്കൂട്ട കൊലപാതകങ്ങളും നടന്നത് ഇന്ത്യയിൽതന്നെയാണ്. അതിനെയൊക്കെ ഒന്ന് അപലപിക്കാൻ പോലും തയ്യാറാകാതെ മൗനം പാലിച്ച് പിന്തുണ നൽകിയവരുടെ മധുരവാക്കുകൾ എങ്ങനെ വിശ്വസിക്കും?

രാജ്യം ഭരിക്കുന്ന പാർട്ടിയുടെ ഔദ്യോഗിക വക്താവ് നടത്തിയ വിദ്വേഷ പരാമർശത്തിന്റെ ഉത്തരവാദിത്തത്തിൽനിന്ന് എങ്ങനെയാണ് പാർട്ടിക്കും ഭരണകൂടത്തിനും തലയൂരാൻ കഴിയുക? പ്രവാചക നിന്ദക്കെതിരിലുള്ള അറബ് രാജ്യങ്ങളുടെ കൂട്ടായ്മയുടെ എതിർപ്പിനെ വിഭാഗീയത വളർത്തലായി വ്യാഖ്യാനിക്കുകയാണ് ഉത്തരവാദപ്പെട്ടവർ ചെയ്തിരിക്കുന്നത്. പൗരത്വ ഭേദഗതി ബില്ലിലൂടെ രാജ്യത്തെ ജനങ്ങളെ രണ്ടായി വിഭജിക്കാൻ ശ്രമിക്കുന്നവരാണിതു പറയുന്നതെന്ന കാര്യം ഓർക്കുക.

സമാധാനത്തിന്റെ മതമാണ് ഇസ്‌ലാം; മുഹമ്മദ് നബി(സ്വ) സമാധാനത്തിന്റെ ദൂതനും. ആരെങ്കിലും അദ്ദേഹത്തെ അവഹേളിക്കാൻ ശ്രമിച്ചതുകൊണ്ട് അദ്ദേഹത്തിന്റെ മഹത്ത്വത്തിന് കോട്ടംതട്ടില്ല. കഠിനമായി പ്രകോപിപ്പിച്ചാലും മാന്യമായി പ്രതികരിക്കാനാണ് യഥാർഥ വിശ്വാസികൾ ശ്രമിക്കേണ്ടത്. പ്രകോപിപ്പിക്കുന്നവരുടെ ശ്രമങ്ങളെ പരാജയപ്പെടുത്താനുള്ള മാർഗം അതാണ്.





# രോഗവും മരുന്നും ⑦

ഇമാം ഇബ്നുൽ ക്വയ്യിം അൽജൗസിയ്യ
ക്രോഡീകരണം: ഉസ്താദത്ത് ഈമാൻ ഉബൈദ്
വിവർത്തനം: ബിൻത് മുഹമ്മദ്



## 21. അല്ലാഹുവിനെ മഹത്ത്വപ്പെടുത്തുന്നത് കുറയുന്നു

നിസ്സംശയം, പാപങ്ങൾ അല്ലാഹുവിനോടുള്ള ആരാധനാമനോഭാവവും അവനെ മഹത്ത്വപ്പെടുത്തുന്നതും ക്രമേണ ഇല്ലാതാക്കുന്നതാണ്. അയാൾ പുറമെ അല്ലാഹുവിനെ വാഴ്ത്തുന്നുണ്ടെങ്കിൽപോലും ഹൃദയം ശൂന്യമായിരിക്കും. ഒരു അടിമയുടെ ഹൃദയത്തിൽ അല്ലാഹുവിനോട് ബഹുമാനവും ബന്ധവും ഉണ്ടെങ്കിൽ അയാൾക്ക് ഒരിക്കലും അല്ലാഹുവിനോട് അനുസരണക്കേട് കാണിക്കുവാൻ സാധിക്കില്ല. ഒരാൾ അല്ലാഹുവിനെ മഹത്ത്വപ്പെടുത്താതിരുന്നാൽ പാപങ്ങളിൽ ഏർപ്പെട്ടുപോകുന്നത് വളരെ എളുപ്പമായിത്തീരും. മാതാപിതാക്കളോട് ബഹുമാനമില്ലെങ്കിൽ അവരോട് അപമര്യാദയിൽ പെരുമാറുന്ന പോലെയാണത്.

അല്ലാഹുവിനെ മഹത്ത്വപ്പെടുത്തുവാനുള്ള മനസ്സ് ലഭിക്കുക അത്ര എളുപ്പമല്ല. അതിന് നന്നായി പരിശ്രമിക്കേണ്ടതുണ്ട്. പക്ഷേ, പാപകർമങ്ങൾ അതിനെ ഇല്ലാതാക്കുന്നത് വളരെ വേഗത്തിലാണ്. അയാൾ അത് അറിയുകപോലുമില്ല. അല്ലാഹുവിനെ മഹത്ത്വപ്പെടുത്തുന്നത് ഒരാൾ നിർത്തിയാൽ അതിന്റെ പരിണിതഫലം മറ്റുള്ളവർക്ക് അയാളോടുള്ള ബന്ധത്തിൽ പ്രതിഫലിക്കും. ജനങ്ങൾ അയാളെ ശ്രദ്ധിക്കുകയോ അംഗീകരിക്കുകയോ ചെയ്യില്ല. ഒരാൾ എത്രമാത്രം അല്ലാഹുവിനെ മാനിക്കുകയും അവനെ സൂക്ഷിച്ച് ജീവിക്കുകയും ചെയ്യുന്നുവോ അത്രമാത്രം അയാൾ ജനങ്ങൾക്കിടയിൽ സമ്മതനായിരിക്കും.

**"അല്ലാഹുവേ, വിഷമാവസ്ഥയിൽനിന്നും അതിയായ സങ്കടങ്ങളിൽനിന്നും കഴിവില്ലായ്മയിൽനിന്നും അലസതയിൽനിന്നും ഭീരുത്വത്തിൽനിന്നും പിശുക്കിൽനിന്നും കടബാധ്യതയിൽനിന്നും അന്യർ ഞങ്ങളുടെമേൽ സമ്മർദം ചെലുത്തുന്നതിൽനിന്നും ഞാൻ നിന്നോട് അഭയം പ്രാപിക്കുന്നു'' (ബുഖാരി 7/158).**

നിസ്സംശയം, പാപങ്ങൾ അല്ലാഹുവിനോടുള്ള ആരാധനാമനോഭാവവും അവനെ മഹത്ത്വപ്പെടുത്തുന്നതും ക്രമേണ ഇല്ലാതാക്കുന്നതാണ്. അയാൾ പുറമെ അല്ലാഹുവിനെ വാഴ്ത്തുന്നുണ്ടെങ്കിൽപോലും ഹൃദയം ശൂന്യമായിരിക്കും. ഒരു അടിമയുടെ ഹൃദയത്തിൽ അല്ലാഹുവിനോട് ബഹുമാനവും ബന്ധവും ഉണ്ടെങ്കിൽ അയാൾക്ക് ഒരിക്കലും അല്ലാഹുവിനോട് അനുസരണക്കേട് കാണിക്കുവാൻ സാധിക്കില്ല. ഒരാൾ അല്ലാഹുവിനെ മഹത്ത്വപ്പെടുത്താതിരുന്നാൽ പാപങ്ങളിൽ ഏർപ്പെട്ടുപോകുന്നത് വളരെ എളുപ്പമായിത്തീരും.

"...ആരെ അല്ലാഹു നിന്ദിതനും അപമാനിതനും ആക്കിയോ അവന് പിന്നെ മഹത്ത്വമേകുന്നവരാരുമില്ല..." (ഹജ്ജ് 18).

### 22. പാപി നിരന്തരം വിഭ്രാന്തിയിലായിരിക്കും

പാപിയുടെ ഹൃദയത്തിൽ അല്ലാഹു ഭയവും പരിഭ്രാന്തിയും ഇട്ടുകൊടുക്കും. എന്ത് സംഭവിച്ചാലും അയാൾക്ക് എപ്പോഴും ഭയമായിരിക്കും. എന്നാൽ ഇസ്‌ലാം അഥവാ അല്ലാഹുവിന് കീഴൊതുങ്ങിക്കൊണ്ട് ജീവിക്കുന്ന ഗുണം നമുക്ക് ഉണ്ടായാൽ അത് ഒരു സുരക്ഷിതമായ കോട്ടപോലെയായിരിക്കും. നമ്മൾ അല്ലാഹുവിന്റെ സംരക്ഷണവലയത്തിലുമായിരിക്കും. കഴിഞ്ഞകാര്യങ്ങളിൽ വ്യസനിക്കുകയോ ഭാവിയെക്കുറിച്ചോർത്ത് ഭയപ്പെടുകയോ ചെയ്യുന്നതല്ല.

അല്ലാഹു പറയുന്നു:

"എന്നാൽ (കാര്യം) അങ്ങനെയല്ല. ഏതൊരാൾ സൽകർമകാരിയായിക്കൊണ്ട് അല്ലാഹുവിന്ന് ആത്മസമർപ്പണം ചെയ്തുവോ അവന്ന് തന്റെ രക്ഷിതാവിങ്കൽ അതിന്റെ പ്രതിഫലം ഉണ്ടായിരിക്കുന്നതാണ്. അത്തരക്കാർക്ക് യാതൊന്നും ഭയപ്പെടേണ്ടതില്ല; അവർ ദുഃഖിക്കേണ്ടിവരികയുമില്ല"(അൽബക്വറ 112).

### 23. ശൂന്യതയും ഒറ്റപ്പെടലും അനുഭവപ്പെടും

അല്ലാഹുവിനോടുള്ള അനുസരണ നമ്മുടെ ഹൃദയത്തെ അല്ലാഹുവിലേക്ക് അടുപ്പിക്കുകയും മനസ്സിനെ സമ്പന്നമാക്കുകയും ചെയ്യുന്നു. പാപങ്ങൾ നമ്മുടെ ഹൃദയത്തെ അല്ലാഹുവിൽനിന്നും അകറ്റിക്കളയുന്നതാണ്. വാസ്തവത്തിൽ അല്ലാഹുവല്ല അകലുന്നത്, നമ്മളാണ് അല്ലാഹുവിൽനിന്നും അകലുന്നത്. പാപങ്ങളുടെ ആഘാതത്താൽ ക്രമേണ വിഷാദത്തിനടിമപ്പെടുകയും ചെയ്യും. ഈയൊരു അവസ്ഥയുണ്ടായാൽ ഉടനെത്തന്നെ ഇസ്തിഗ്ഫാർ നടത്തണം. അതാണ് വിഷാദത്തിനുള്ള മറുമരുന്ന്. അല്ലാഹു പറയുന്നു: "സത്യവിശ്വാസം സ്വീകരിക്കുകയും ദൈവസ്മരണയാൽ മനസ്സുകൾ ശാന്തമാകുകയും ചെയ്യുന്നവരാണവർ. അറിയുക; ദൈവസ്മരണകൊണ്ട് മാത്രമാണ് മനസ്സുകൾ ശാന്തമാകുന്നത്" (റഅ്ദ് 28).

നിഷേധവും ബഹുദൈവാരാധനയുമാണ് പാപങ്ങളിൽ ഏറ്റവും ഗുരുതരമായത്. അതുള്ളവർക്കാണ് വിരസതയും ശൂന്യതയും ഏറ്റവും കൂടുതൽ അനുഭവപ്പെടുക. എല്ലാ സുഖസൗകര്യങ്ങളുമുള്ള ആധുനിക നഗരങ്ങളിൽ താമസിക്കുന്നവർക്കാണ് ആത്മഹത്യാപ്രവണത ഏറ്റവും കൂടുതൽ. നമ്മൾ എത്രമാത്രം അല്ലാഹുവിന്റെ സ്മരണയിൽനിന്നും അവഗണനയിലും അശ്രദ്ധയിലും കഴിയുന്നോ അത്രയും നമുക്ക് ശൂന്യത അനുഭവപ്പെടും; മുഖത്തും പെരുമാറ്റ രീതിയിലും ഇത് പ്രകടമാകും.

## പാഠം 16

## പാപങ്ങളുടെ ദുഷ്ഫലങ്ങൾ

### 24. അല്ലാഹു പാപിയെ വിട്ടുകളയുന്നതാണ്

അല്ലാഹുവിന് ഒരിക്കലും മറവി സംഭവിക്കില്ല. പക്ഷേ, ഒരാളുടെ പാപങ്ങൾ നിമിത്തം അല്ലാഹു അയാളെ അവഗണിച്ചുകളയും. അല്ലാഹു നമ്മെ കൈവിട്ടാൽ ആർക്കും നമ്മെ രക്ഷിക്കുവാൻ കഴിയില്ല. പിശാചിന്റെ പ്രലോഭനങ്ങളിൽനിന്നും സ്വന്തം ദേഹേച്ഛകളിൽനിന്നും നമ്മെ കാക്കുവാൻ അല്ലാഹുവിന്റെ കാവൽ കൂടിയേതീരൂ. അല്ലാഹു ഒരാളെ കൈവിട്ടാൽ പിശാച് അയാളുടെ അധികാരിയാകുകയും കൂടുതൽ വഴികെടുത്തുകയും ചെയ്യുന്നതാണ്. അങ്ങനെ അവൻ പലതരം പാപങ്ങളും അക്രമങ്ങളും കാട്ടിക്കൂട്ടുന്നതാണ്. എങ്ങനെയാണ് ആളുകൾക്ക് കൊലപാതകം പോലുള്ള വൻപാപങ്ങൾ ചെയ്യുവാൻ സാധിക്കുന്നത് എന്ന് ചിലപ്പോൾ നാം ആശ്ചര്യപ്പെടാറില്ലേ? അതെ, അവർക്ക് അല്ലാഹുവിന്റെ കാവലില്ല; അവർ പിന്തുടരുന്നത് ദേഹേച്ഛകളെയും പിശാചിനെയുമാണ്. ഇത് നാശത്തിലേക്കുള്ള പതനവുമാണ്. അല്ലാഹു പറയുന്നു:

പാപിയുടെ ഹൃദയത്തിൽ അല്ലാഹു ഭയവും പരിഭ്രാന്തിയും ഇട്ടുകൊടുക്കും. എന്ത് സംഭവിച്ചാലും അയാൾക്ക് എപ്പോഴും ഭയമായിരിക്കും. എന്നാൽ ഇസ്‌ലാം അഥവാ അല്ലാഹുവിന് കീഴൊതുങ്ങിക്കൊണ്ട് ജീവിക്കുന്ന ഗുണം നമുക്ക് ഉണ്ടായാൽ അത് ഒരു സുരക്ഷിതമായ കോട്ടപോലെയായിരിക്കും. നമ്മൾ അല്ലാഹുവിന്റെ സംരക്ഷണവലയത്തിലുമായിരിക്കും. കഴിഞ്ഞകാര്യങ്ങളിൽ വ്യസനിക്കുകയോ ഭാവിയെക്കുറിച്ചോർത്ത് ഭയപ്പെടുകയോ ചെയ്യുന്നതല്ല.

**അല്ലാഹു ഒരാളെ കൈവിട്ടാൽ പിശാച് അയാളുടെ അധികാരിയാകുകയും കൂടുതൽ വഴികെടുത്തുകയും ചെയ്യുന്നതാണ്. അങ്ങനെ അവൻ പലതരം പാപങ്ങളും അക്രമങ്ങളും കാട്ടിക്കൂട്ടുന്നതാണ്. എങ്ങനെയാണ് ആളുകൾക്ക് കൊലപാതകം പോലുള്ള വൻപാപങ്ങൾ ചെയ്യുവാൻ സാധിക്കുന്നത് എന്ന് ചിലപ്പോൾ നാം ആശ്ചര്യപ്പെടാറില്ലേ? അതെ, അവർക്ക് അല്ലാഹുവിന്റെ കാവലില്ല; അവർ പിന്തുടരുന്നത് ദേഹേച്ഛകളെയും പിശാചിനെയുമാണ്. ഇത് നാശത്തിലേക്കുള്ള പതനവുമാണ്.**

"അല്ലയോ വിശ്വസിച്ചവരേ, അല്ലാഹുവിനോട് ഭയഭക്തിയുള്ളവർ ആകുവിൻ. ഓരോ മനുഷ്യനും താൻ നാളേക്കുവേണ്ടി ഒരുക്കിവെച്ചിട്ടുള്ളത് എന്താണെന്ന് നോക്കിക്കൊള്ളട്ടെ. അല്ലാഹുവിനെ ഭയപ്പെട്ടിരിക്കുവിൻ. നിശ്ചയം അല്ലാഹു നിങ്ങൾ ചെയ്യുന്ന സകല പ്രവൃത്തികളെക്കുറിച്ചും സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു. നിങ്ങൾ അല്ലാഹുവിനെ വിസ്മരിച്ച ജനത്തെപ്പോലെ ആകരുത്. അപ്പോൾ അല്ലാഹു അവരെക്കുറിച്ചുതന്നെ അവരെ വിസ്മൃതരാക്കിക്കളഞ്ഞു. അവർ ദുർമാർഗികൾ തന്നെയാകുന്നു" (അൽഹശ്ർ 18-19).

ഒരാൾ പാപംചെയ്യുമ്പോൾ അയാൾ അല്ലാഹുവിനെ മറക്കുന്നതാണ്. നിരന്തരം പാപങ്ങൾ ചെയ്യുമ്പോൾ അല്ലാഹുവിനെ പരിപൂർണമായി മറക്കുന്നതും നന്മയേകുന്ന കാര്യങ്ങൾ ചെയ്യാൻ ക്രമേണ അയാൾ മറന്നുപോകുന്നതുമാണ്. അങ്ങനെ സ്വന്തം കരങ്ങൾകൊണ്ടുതന്നെ നശിക്കപ്പെടുകയും ചെയ്യുന്നു. ക്ലേശങ്ങളിൽനിന്നും ക്ലേശങ്ങളിലേക്ക് അവൻ പതിക്കുന്നു. ദേഹേച്ഛകൾ അവരുടെ മനസ്സിനെ മൂടിക്കളയുന്നതാണ്. അല്ലാഹു പറയുന്നു: "എന്റെ ഉദ്ബോധനത്തെ അവഗണിക്കുന്നവനാണ് ഈ ലോകത്ത് ഇടുങ്ങിയ ജീവിതമാണുണ്ടാവുക. പുനരുദ്ധാന നാളിൽ നാം അവനെ അന്ധനായാണ് ഉയർത്തെഴുന്നേൽപിക്കുക" (ത്വാഹാ 124).


### 25. പാപങ്ങൾ നന്മനിറഞ്ഞവരുടെ കൂട്ടത്തിൽനിന്നും പുറത്താക്കുന്നു

നന്മകൾ അധികമായും നല്ലനിലയിലും നിർവഹിക്കുന്നതിന് 'ഇഹ്സാൻ' എന്ന് പറയുന്നു. ക്വുർആനിൽ വിവിധ സ്ഥലങ്ങളിൽ ഈ ഗുണത്തെ വാഴ്ത്തിപ്പറഞ്ഞിട്ടുണ്ട്. ഈ ഗുണങ്ങളുള്ളവർ ആരാധനാകർമങ്ങൾ നിർവഹിക്കുമ്പോഴും മറ്റുള്ളവരുമായുള്ള ഇടപാടുകൾ നടത്തുമ്പോഴും അല്ലാഹുവിനെ ധ്യാനിച്ചുകൊണ്ടും ശരിയായ നിലയിലും നിർവഹിക്കുന്നതാണ്. ഈമാനിന്റെ ഏറ്റവും ഉന്നതമായ തലമാണത്. എന്നാൽ ഏറ്റവും മികച്ചരീതിയിൽ കാര്യങ്ങൾ നിർവഹിക്കണമെന്ന് നാം ആഗ്രഹിക്കുമെങ്കിലും പലപ്പോഴും സംഭവിക്കാറില്ല. നമ്മുടെ പാപങ്ങൾതന്നെ അതിനു കാരണം. പാപങ്ങൾ അധികരിച്ചാൽ ഈ വിഭാഗത്തിൽനിന്നും നാം പുറത്താക്കപ്പെടുമോ എന്ന് ഭയക്കേണ്ടതുണ്ട്. ഇസ്തിഗ്ഫാർ ഇതിന് വലിയ പരിഹാരമാകുന്നു. ഇഹ്സാൻ നഷ്ടപ്പെട്ടാൽ വലിയ പ്രതിഫലം തടയപ്പെടും. കാരണം ഇഹ്സാനിന്റെ പ്രതിഫലം ഉടനടി നമുക്ക് അനുഭവപ്പെടുന്നതാണ്. അല്ലാഹു ഒരുവന് നല്ലത് ഉദ്ദേശിച്ചാൽ അയാൾ കാര്യങ്ങൾ ഇഹ്സാനോടുകൂടി ചെയ്യുന്നതായിരിക്കും. സംസാരവും പെരുമാറ്റവും ഏറ്റവും മികച്ച രീതിയിലായിരിക്കും. ഇത് അല്ലാഹുവിൽനിന്നുള്ള വലിയ ശ്രേഷ്ഠതയാകുന്നു.

### 26. പാപങ്ങൾ ഹൃദയത്തിന്റെ കരുത്ത് ചോർത്തുന്നു

മനുഷ്യന്റെ അടിസ്ഥാനം ഹൃദയമാണ്. പാപങ്ങളിലൂടെ ഹൃദയം തളരുന്നതാണ്. ഹൃദയം തളർന്നതാണെങ്കിൽ ശരീരവും നാവും അലസത പ്രാപിക്കും. നബി(സ്വ) നടത്തിയ പ്രധാന യാത്രയായ തബൂക്ക് യാത്രയിൽ കപടവിശ്വാസികൾ പോകാൻ ആഗ്രഹിച്ചില്ല. അവർ പങ്കെടുക്കണമെന്ന് അല്ലാഹുവും ആഗ്രഹിച്ചില്ല. അവരുടെ പാപങ്ങൾകാരണം അല്ലാഹു അവരെ പിന്നിലാക്കുകയും അകറ്റിനിർത്തുകയും ചെയ്തു. അല്ലാഹു പറയുന്നു: "യഥാർഥത്തിൽ നിങ്ങളോടൊപ്പം പുറപ്പെടാൻ ഉദ്ദേശമുണ്ടായിരുന്നെങ്കിൽ അവരതിന് ഒരുക്കങ്ങൾ ചെയ്യുമായിരുന്നു. എന്നാൽ അവർ പുറപ്പെടുന്നത് അല്ലാഹുവിന് ഇഷ്ടമായില്ല. അതിനാൽ അവൻ അവരെ ആലസ്യത്തിൽ തടഞ്ഞുവെച്ചു. കുത്തിയിരിക്കുന്നവരോടൊപ്പം ഇരുന്നുകൊള്ളുക എന്ന് പറയപ്പെടുകയും ചെയ്തു" (തൗബ 46).

സൽകർമങ്ങൾ ചെയ്യാൻ അവസരമുള്ളപ്പോൾ നാം അത് ചെയ്യുന്നത് തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നു എന്നതിന് അടയാളമാണിത്. നന്മകൾ ചെയ്യാൻ മടിയുണ്ടായാൽ അതിന് പല തടസ്സങ്ങളുമുണ്ടാകും. അതെ, നമുക്ക് ആഗ്രഹമില്ലാതാകുമ്പോൾ പല തടസ്സങ്ങളുമുണ്ടാകുന്നതാണ്.



ഉദാഹരണത്തിന്, നമുക്ക് അറിവു തേടാൻ തടസ്സമുണ്ടെങ്കിൽ, അല്ലെങ്കിൽ ക്വുർആൻ പാരായണം നടക്കുന്നില്ലെങ്കിൽ നമ്മിൽ പാപങ്ങൾ വല്ലതുമുണ്ടോ എന്ന് നോക്കുക. പാപങ്ങളിൽനിന്നും പശ്ചാത്തപിച്ചാൽ മനസ്സിന് ശക്തി ലഭിക്കുന്നതും നന്മ പ്രവർത്തിക്കാൻ സാധിക്കുന്നതുമാണ്.

## പാഠം 17

## പാപങ്ങളുടെ ദുഷ്ഫലങ്ങൾ

### 27. ഹൃദയം നിർജീവമാകും

പാപങ്ങൾ നമ്മുടെ ഹൃദയത്തെ നിർജീവമാക്കും. കുറ്റബോധം പോലുള്ള ഉന്നതവികാരങ്ങൾക്ക് അവിടെ പിന്നെ സ്ഥാനമുണ്ടാകുന്നതല്ല. രോഗം ബാധിച്ച ഹൃദയത്തിന് എല്ലാം തലതിരിഞ്ഞേ തോന്നുകയുള്ളൂ. തണുപ്പില്ലെങ്കിലും തണുക്കുന്നതായി അയാൾക്ക് അനുഭവപ്പെടും.

ഹൃദയം രോഗിയായിത്തന്നെ അവശേഷിച്ചാൽ അത് എട്ടുതരം കാര്യങ്ങളിലേക്ക് നയിക്കും. നബി (സ്വ) ഇപ്രകാരം പ്രാർഥിക്കുമായിരുന്നു: "അല്ലാഹുവേ, ദുഃഖഭാരം, സങ്കടം, കഴിവില്ലായ്മ, അലസത, ഭീരുത്വം, പിശുക്ക്, കടബാധ്യത, ശത്രുക്കളുടെ സമ്മർദം എന്നിവയിൽനിന്നും ഞാൻ നിന്നോട് അഭയം ചോദിക്കുന്നു" (അബൂദാവൂദ്).

**സൽകർമങ്ങൾ ചെയ്യാൻ അവസരമുള്ളപ്പോൾ നാം അത് ചെയ്യുന്നത് തീർച്ചയായും അല്ലാഹു ഇഷ്ടപ്പെടുന്നു. നന്മകൾ ചെയ്യാൻ മടിയുണ്ടായാൽ അതിന് പല തടസ്സങ്ങളുമുണ്ടാകും. അതെ, നമുക്ക് ആഗ്രഹമില്ലാതാകുമ്പോൾ പല തടസ്സങ്ങളുമുണ്ടാകുന്നതാണ്. ഉദാഹരണത്തിന്, നമുക്ക് അറിവുതേടാൻ തടസ്സമുണ്ടെങ്കിൽ, അല്ലെങ്കിൽ ക്വുർആൻ പാരായണം നടക്കുന്നില്ലെങ്കിൽ നമ്മിൽ പാപങ്ങൾ വല്ലതുമുണ്ടോ എന്ന് നോക്കുക. പാപങ്ങളിൽനിന്നും പശ്ചാത്തപിച്ചാൽ മനസ്സിന് ശക്തി ലഭിക്കുന്നതും നന്മ പ്രവർത്തിക്കാൻ സാധിക്കുന്നതുമാണ്.**

ഈ പ്രാർഥന, പാപങ്ങളിലൂടെ ഉണ്ടാകാൻ സാധ്യതയുള്ള മനസ്സിന്റെ നിർജീവാവസ്ഥയും എട്ട് കുഴപ്പങ്ങളും സൂചിപ്പിക്കുന്നു. അവ താഴെ കൊടുക്കുന്നു:

**ദുഃഖ ഭാരം:** പാപങ്ങൾ നമ്മെ പലരീതിയിലുള്ള വിഷമാവസ്ഥയിലെത്തിക്കും. നമ്മൾ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുവാൻ വേണ്ടിയാകുന്നു അത്.

**സങ്കടം:** നമ്മൾ ചിലപ്പോൾ നിയന്ത്രണാതീതമായ രീതിയിൽ സങ്കടത്തിൽ പെട്ടുപോകും. ഉറ്റവരുടെ വേർപാട്, ധനനഷ്ടം, ആരോഗ്യം നശിക്കുക ഇങ്ങനെ പലവിധത്തിൽ സങ്കടങ്ങൾ നമ്മെ ബാധിച്ചേക്കാം. ചിലർ ഇവയെ മറക്കാൻ വേണ്ടി തെറ്റായ മാർഗങ്ങൾ അവലംബിക്കുമെങ്കിലും അത് വീണ്ടും സങ്കടങ്ങൾ വർധിപ്പിക്കുന്നതാണ്.

**കഴിവില്ലായ്മ:** എല്ലാ ഉത്തമമായ ജോലികളും ഭാരപ്പെട്ടതായി നമുക്ക് അനുഭവപ്പെടും. ഒരാൾ വ്യായാമം ചെയ്യുവാൻ വളരെ തത്പരനായിരിക്കും. പക്ഷേ, മസ്ജിദിൽ പോയി നമസ്കാരം നിർവഹിക്കാൻ സാധിക്കില്ല. ഒരുവൻ വായനയിൽ അഗ്രഗണ്യനായിരിക്കും പക്ഷേ, ക്വുർആൻ പാരായണം ചെയ്യാൻ സാധിക്കില്ല. മറ്റുകാര്യങ്ങൾക്ക് അതിരാവിലെ ഉണരാൻ ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ല. പക്ഷേ, പ്രഭാത നമസ്കാരം നിർവഹിക്കാൻ വലിയ ബുദ്ധിമുട്ടായിരിക്കും.

ഒന്നും ചെയ്യാൻ താൽപര്യമില്ലാതെ വെറുതെ ഇരിക്കുക. ഇസ്തിഗ്ഫാർ ആണ് പരിഹാരം. അതിന് ഒരു ചെലവുമില്ല.

**ഭീരുത്വം:** ധൈര്യം ലഭിക്കാൻ സാഹസികമായ കാര്യങ്ങളിൽ ഏർപ്പെട്ടാൽ മതി എന്ന് പലരും ഉപദേശിക്കും. പക്ഷെ, അതിന് പാപത്തിൽനിന്നും പശ്ചാത്തപിക്കലാണ് പ്രധാന മാർഗം. പാപം കാരണം ഭീരുത്വമുണ്ടാകും. ഒരു യോഗം നടക്കുന്നതിനിടക്ക് എഴുന്നേറ്റ് പോയി നമസ്കരിക്കാൻ കഴിയാത്തത് ഇതിന് ഉദാഹരണമാണ്.

**പിശുക്ക്:** നാം ഇസ്തിഗ്ഫാർ ചെയ്യുമ്പോൾ ദാനധർമങ്ങൾ ചെയ്യുവാൻ കൂടുതൽ തൽപരരായിരിക്കും.

**കടബാധ്യത:** പാപങ്ങൾ കൊണ്ടുചെന്നെത്തിക്കുന്ന വിഷമാവസ്ഥയിൽ ഏറ്റവും മുൻനിരയിലുള്ള അവസ്ഥയാണ് കടബാധ്യത. നമ്മൾ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുമ്പോൾ അല്ലാഹു നമ്മുടെ അവസ്ഥ നന്നാക്കും. നമ്മൾ പ്രതീക്ഷിക്കാത്ത സ്രോതസ്സുകളിലൂടെ നമ്മുടെ കടങ്ങൾ വീട്ടപ്പെടും.

**അന്യരുടെ സമ്മർദം:** ചില സമയങ്ങളിൽ നമ്മൾ മറ്റുള്ളവരുടെ സമ്മർദത്തിന് അടിമപ്പെട്ട് പോകാറില്ലേ? നമ്മുടെതന്നെ പാപങ്ങളാണ് അതിന് കാരണം. അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുമ്പോൾ നമുക്ക് അത്തരം ആളുകളുടെ ഭരണത്തിൽനിന്നും മോചനം ലഭിക്കുന്നു. ചുരുക്കത്തിൽ ഈ എട്ട് കാര്യങ്ങളിൽ നിന്നും അല്ലാഹുവിനോട് അഭയംതേടണമെന്നും പാപങ്ങൾ ഉപേക്ഷിച്ചുകൊണ്ട് അതിനുവേണ്ടി പരിശ്രമിക്കണമെന്നും നബി(സ്വ)യുടെ ഈ പ്രാർഥന പഠിപ്പിക്കുന്നു. (അവസാനിച്ചില്ല)

"അല്ലാഹുവേ, വിഷമാവസ്ഥയിൽനിന്നും അതിയായ സങ്കടങ്ങളിൽനിന്നും കഴിവില്ലായ്മയിൽനിന്നും അലസതയിൽനിന്നും ഭീരുത്വത്തിൽനിന്നും പിശുക്കിൽനിന്നും കടബാധ്യതയിൽനിന്നും അന്യർ ഞങ്ങളുടെമേൽ സമ്മർദം ചെലുത്തുന്നതിൽനിന്നും ഞാൻ നിന്നോട് അഭയം പ്രാപിക്കുന്നു" (ബുഖാരി 7/158).

*(തുടരും)*



കവർ സ്റ്റോറി

# വർഗീയതയെ കരകടത്തിയ തൃക്കാക്കര

സുഫ്‌യാൻ അബ്ദുസ്സലാം
✆ : 81296 17676

**രാഷ്ട്രീയ കിടമത്സരം എന്നതിനപ്പുറം ഉത്തരേന്ത്യയിലെപ്പോലെ വർഗീയ, സാമുദായിക സ്വത്വങ്ങൾ പ്രതിലോമകരമായി ഉപയോഗിച്ച തെരഞ്ഞെടുപ്പായിരുന്നു തൃക്കാക്കരയിൽ നടന്നത്. അതുകൊണ്ട്തന്നെ മലയാളികളുടെ ബൗദ്ധികനിലവാരവും അപരസ്നേഹവും അടയാളപ്പെടുത്താൻ ഈ തെരഞ്ഞെടുപ്പ് ഫലം നിമിത്തമാകുമെന്നായിരുന്നു നിരീക്ഷണം. തൃക്കാക്കര നൽകുന്ന ആശ്വാസകരമായ ഫലവും മറ്റൊന്നല്ല.**

കേരളം ഒട്ടേറെ തെരഞ്ഞെടുപ്പുകൾക്കും ഉപതെരഞ്ഞെടുപ്പുകൾക്കും സാക്ഷിയായിട്ടുണ്ട്. വിവിധ മുന്നണികളും വ്യക്തിത്വങ്ങളും തങ്ങളുടെ ജയപരാജയങ്ങൾ അനുഭവിച്ചറിഞ്ഞിട്ടുമുണ്ട്. രാഷ്ട്രീയമായ മത്സരങ്ങൾ എന്നതിനപ്പുറത്തേക്ക് കേരളത്തിലെ തെരഞ്ഞെടുപ്പുകൾക്ക് വലിയ സവിശേഷതകൾ നല്കപ്പെടാറുണ്ടായിരുന്നില്ല. രാഷ്ട്രീയ വിഷയങ്ങളെക്കാൾ വർഗീയവും ജാതീയവുമായ ഒട്ടനവധി പ്രതിലോമകരമായ ഘടകങ്ങളാണ് പലപ്പോഴും ഉത്തരേന്ത്യയിലിലെയും ഇന്ത്യയിലെ മറ്റു ചില പ്രദേശങ്ങളിലെയും തെരഞ്ഞെടുപ്പുകളിൽ സ്വാധീനിക്കപ്പെടാറുണ്ടായിരുന്നതെങ്കിൽ കേരളം പൊതുവിൽ അത്തരം മൂലകങ്ങളിൽ നിന്നും മുക്തമായിരുന്നു.  എന്നാൽ ഇതിൽനിന്നും തീർത്തും വിഭിന്നമായ കാഴ്ചയാണ് കഴിഞ്ഞ മെയ് 31 ന് നടന്ന തൃക്കാക്കര ഉപതെരഞ്ഞെടുപ്പിൽ പ്രതിഫലിച്ചത്.

### വർഗീയത ചവറ്റുകൊട്ടയിൽ

കേരളത്തെ ബാധിക്കുന്ന ഗുരുതരമായ പല രാഷ്ട്രീയ വിഷയങ്ങളും മുന്നണികൾ വിഷയമാക്കാൻ ശ്രമിച്ചിരുന്നുവെങ്കിലും തൃക്കാക്കരയിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച നാൾ മുതൽ ചർച്ചയായത് കേരളത്തെ ഭ്രാന്താലയമാക്കിക്കൊണ്ടുള്ള രാക്ഷസരൂപം പൂണ്ട വർഗീയതയായിരുന്നു. ജാതിയും മതവും പറഞ്ഞ് പരസ്പര വൈരവും വിദ്വേഷവും വളർത്തുന്ന പ്രചാരണങ്ങൾ നടത്താൻ ഒട്ടും സാങ്കോചമില്ലാത്ത വിധം ചില കേന്ദ്രങ്ങൾ പ്രവർത്തിക്കുകയും അത്തരം കേന്ദ്രങ്ങൾക്ക് വളരാൻ സാധിക്കുന്ന വിധത്തിൽ കേരളത്തെ മാറ്റിയെടുക്കാൻ മറ്റുചില രാഷ്ട്രീയ കേന്ദ്രങ്ങൾ പ്രവർത്തിക്കുകയും ചെയ്ത

അത്യന്തം ഗുരുതരമായ സാഹചര്യത്തിലൂടെയായിരുന്നു കേരളം കടന്നുപോയത്. എന്നാൽ അത്തരം വർഗീയ പ്രചാരകരെയും അതിനെ പ്രീണിപ്പിച്ച് നേട്ടം കൊയ്യാൻ ശ്രമിക്കുന്നവരെയും ചരിത്രത്തിലെ ചവറ്റുകൊട്ടയിലേക്ക് വലിച്ചെറിഞ്ഞുകൊണ്ടാണ് തൃക്കാക്കരയിലെ ജനങ്ങൾ പ്രതികരിച്ചത്. പരമ്പരാഗതമായി യു.ഡി.എഫ് വിജയിച്ചുവരുന്ന മണ്ഡലത്തിൽ അവർ കുറേക്കൂടി മുന്നോട്ടുപോയി ഉജ്വല വിജയം നേടിയ ആഹ്ളാദങ്ങളെക്കാൾ അവർ നേടിയ ഉജ്വല വിജയത്തിലൂടെ കേരള മണ്ണിൽ വേരൂന്നാൻ കുറെ കാലമായി വെമ്പുകയായിരുന്ന വർഗീയത തകർന്നു തരിപ്പണമായതിന്റെ ആശ്വാസത്തിന്റെ നെടുവീർപ്പുകളാണ് കേരളീയ മതനിരപേക്ഷ സമൂഹത്തിൽനിന്നും ഇപ്പോൾ പുറത്തേക്ക് ഉയർന്നുകൊണ്ടിരിക്കുന്നത്. ക്രിസ്ത്യൻ ജനതയിൽ മുസ്‌ലിം വിരുദ്ധ മനോഭാവം സൃഷ്ടിച്ച് ന്യൂനപക്ഷങ്ങളെ തമ്മിലടിപ്പിച്ച് നേട്ടം കൊയ്യാമെന്ന് കരുതിയിരുന്ന സംഘ്പരിവാറിന്റെ അജണ്ടകളെയാണ് തൃക്കാക്കരയിലെ ഹിന്ദു, ക്രിസ്ത്യൻ, മുസ്‌ലിം മതനിരപേക്ഷ സമൂഹം ശവപ്പെട്ടിയിലാക്കി അവസാനത്തെ ആണിയും അടിച്ച് ഖബ്റടക്കിയത്.

**കേരളത്തെ ബാധിക്കുന്ന ഗുരുതരമായ പല രാഷ്ട്രീയ വിഷയങ്ങളും മുന്നണികൾ വിഷയമാക്കാൻ ശ്രമിച്ചിരുന്നുവെങ്കിലും തൃക്കാക്കരയിൽ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച നാൾ മുതൽ ചർച്ചയായത് കേരളത്തെ ഭ്രാന്താലയമാക്കിക്കൊണ്ടുള്ള രാക്ഷസ രൂപം പൂണ്ട വർഗീയതയായിരുന്നു. ജാതിയും മതവും പറഞ്ഞ് പരസ്പര വൈരവും വിദ്വേഷവും വളർത്തുന്ന പ്രചാരണങ്ങൾ നടത്താൻ ഒട്ടും സാങ്കോചമില്ലാത്ത വിധം ചില കേന്ദ്രങ്ങൾ പ്രവർത്തിക്കുകയും അത്തരം കേന്ദ്രങ്ങൾക്ക് വളരാൻ സാധിക്കുന്ന വിധത്തിൽ കേരളത്തെ മാറ്റിയെടുക്കാൻ മറ്റുചില രാഷ്ട്രീയ കേന്ദ്രങ്ങൾ പ്രവർത്തിക്കുകയും ചെയ്ത അത്യന്തം ഗുരുതരമായ സാഹചര്യത്തിലൂടെയായിരുന്നു കേരളം കടന്നുപോയത്. എന്നാൽ അത്തരം വർഗീയ പ്രചാരകരെയും അതിനെ പ്രീണിപ്പിച്ച് നേട്ടം കൊയ്യാൻ ശ്രമിക്കുന്നവരെയും ചരിത്രത്തിലെ ചവറ്റുകൊട്ടയിലേക്ക് വലിച്ചെറിഞ്ഞുകൊണ്ടാണ് തൃക്കാക്കരയിലെ ജനങ്ങൾ പ്രതികരിച്ചത്.**

### പി.സി.ജോർജും അനന്തപുരിയും

കഴിഞ്ഞ ഏപ്രിൽ 29 ന് തിരുവനന്തപുരത്ത് നടന്ന അനന്തപുരി ഹിന്ദു മഹാസമ്മേളനത്തിലെ പി.സി.ജോർജിന്റെ സാന്നിധ്യവും പ്രസംഗവുമാണ് കേരളത്തിൽ ഒരു മാസക്കാലം നിറഞ്ഞുനിന്നത്. ജോർജിന്റെ അനന്തപുരി സമ്മേളനത്തിലെ സാന്നിധ്യം യാദൃച്ഛികമായി സംഭവിച്ചതല്ല. കൃത്യമായ ആസൂത്രണങ്ങളോടെ ചിലതെല്ലാം മനസ്സിൽ കണ്ടുകൊണ്ടുള്ളതായിരുന്നുവെന്ന് മാധ്യമ വാർത്തകൾ ശ്രദ്ധിച്ചാൽ മനസ്സിലാകും. പരിപാടി നടക്കുന്നതിന് ഒരാഴ്ച മുമ്പ് ഏപ്രിൽ 20 നു തന്നെ ഇന്ത്യ ടുഡേ അടക്കമുള്ള ചില മാധ്യമങ്ങൾ അനന്തപുരി സമ്മേളനത്തിൽ പി.സി.ജോർജ് പ്രസംഗിക്കുമെന്നും ലവ് ജിഹാദ് അടക്കം സംവേദനക്ഷമതയുള്ള, കേരളത്തിന്റെ മതനിരപേക്ഷതയിൽ സാരമായ പരിക്കുകൾ ഉണ്ടാക്കാവുന്ന പരാമർശങ്ങൾ നടത്തുമെന്നും റിപ്പോർട്ട് ചെയ്തിരുന്നു. ഈ വാർത്തകൾ വ്യക്തമാക്കുന്നത് പി.സി. ജോർജിന് വർഗീയ ആകാരം നൽകി എഴുന്നള്ളിച്ചതിൽ വ്യക്തമായ ഗൂഢാലോചനകൾ ഉണ്ടായിരുന്നു എന്ന യാഥാർഥ്യമാണ്.

ഡി.വൈ.എഫ്.ഐ പ്രാദേശിക നേതാവായ ഷെജിൻ ഒരു ക്രിസ്ത്യൻ കുടുംബാംഗമായ ജ്യോത്സ്നയെ രജിസ്റ്റർ വിവാഹം ചെയ്ത പശ്ചാത്തലത്തിലാണ് ജോർജിന് ഹിന്ദു ഐക്യവേദിയും വി.എച്ച്.പിയും സംഘ്പരിവാർ സംഘടനകളും നടത്തിവരുന്ന അനന്തപുരി സമ്മേളനത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കുന്നത്. കുമ്മനം രാജശേഖരൻ, സ്വാമി ചിദാനന്ദപുരി, വി.മുരളീധരൻ, ഒ രാജഗോപാൽ, വിജി തമ്പി, സന്ദീപ് വചസ്പതി എന്നിവർ മുഖ്യ ആകർഷകങ്ങളായി നടക്കുന്ന സമ്മേളനത്തിലാണ് ഒരു ക്രിസ്ത്യൻ സമുദായാംഗമായ പി.സി. ജോർജ് പങ്കെടുക്കുന്നത് എന്നതിൽ നിന്നുതന്നെ ജോർജിന്റെ സമ്മേളനത്തിലെ റോൾ വളരെ വ്യക്തമായിരുന്നു. കോടഞ്ചേരിയിലെ വിവാഹം ഒരിക്കലും ഒരു ഇസ്‌ലാം മത വിശ്വാസി ഒരു ക്രിസ്ത്യൻ യുവതിയെ വിവാഹം കഴിച്ചതല്ല എന്ന കാര്യം എല്ലാവർക്കും അറിയാവുന്ന കാര്യമായിരുന്നു. എന്നിട്ടും അതിനെ ലവ് ജിഹാദായി പ്രചരിപ്പിക്കുവാനും അതുവഴി കേരളത്തിലെ വലത് ഇടത് രാഷ്ട്രീയം മുഴുവനും ക്രിസ്ത്യാനികൾക്ക് എതിരാണെന്ന് വരുത്തിത്തീർക്കുവാനും ക്രിസ്ത്യാനികൾക്ക് ഇനി രക്ഷ ബി.ജെ.പി മാത്രമാണെന്ന് സ്ഥാപിക്കാനുമായിരുന്നു പി.സി.ജോർജിനെ രംഗത്തിറക്കിയതിന്റെ പ്രധാന ഉദ്ദേശ്യം. പി.സി.ജോർജിനെ മാത്രമല്ല, മുസ്‌ലിം വിരുദ്ധത ക്രിസ്ത്യൻ സമൂഹത്തിൽ പ്രചരിപ്പിക്കാൻ മാത്രം രൂപം കൊണ്ട 'കാസ'യുടെ പ്രസിഡണ്ട് കെവിൻ പീറ്ററും സംഘ്പരിവാർ ഒരുക്കിയ ഈ സമ്മേളനത്തിൽ പങ്കെടുത്തു. ലവ് ജിഹാദ് ഒരു നിശ്ശബ്ദ പോരാട്ടമാണെന്നും ഹൈന്ദവ, ക്രൈസ്തവ യുവതികളെ പാട്ടിലാക്കി മുസ്‌ലിം ജനസംഖ്യ വർധിപ്പിക്കാനുള്ള പദ്ധതിയാണ് ഇതെന്നും കാസ പ്രസിഡണ്ട് പറഞ്ഞതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

### സംഘ്പരിവാറിന്റെ ജോർജിയൻ തന്ത്രങ്ങൾ

ക്രൈസ്തവ സമുദായത്തിന് ഭേദപ്പെട്ട ജനസംഖ്യയുള്ള തൃക്കാക്കരയിലെ തെരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ട് പി.സി.ജോർജിനെയും കാസയെയും കൂട്ടി ക്രൈസ്തവ, ഹൈന്ദവ വോട്ടുകൾ ഏകീകരിക്കാമെന്നായിരുന്നു ബി.ജെ.പി കണക്കുകൂട്ടിയത്. അതിനായി ആവനാഴിയിലെ അസ്ത്രങ്ങൾക്ക് പകരം മാലിന്യക്കുപ്പയിലെ വിസർജ്യങ്ങൾ എടുത്ത് പ്രയോഗിക്കുകയായിരുന്നു അവർ. പി.സി. ജോർജിന്റെ 'തിരുവാ' നിരന്തരം ഉപയോഗിച്ച് ക്രൈസ്തവ സമൂഹത്തിൽ മുസ്‌ലിം സമുദായത്തെ കുറിച്ച് ഭയം സൃഷ്ടിക്കാമെന്നും അതുവഴി വലത്, ഇടത് മുന്നണികളെ പ്രതിരോധിക്കാമെന്നും അവർ മനപ്പായസം ഉണ്ടു. അതിനായി അവർ ജോർജിന്റെ നാവിലൂടെ പ്രചരിപ്പിച്ചത് ഗുരുതരമായ മുസ്‌ലിം വിദ്വേഷമായിരുന്നു. കച്ചവടം ചെയ്യുന്ന മുസ്‌ലിംകൾ പാനീയങ്ങളിൽ വന്ധ്യത വരുത്താനുള്ള മരുന്നുകൾ ബോധപൂർവം കലർത്തുന്നു, മുസ്‌ലിംകൾ ബോധപൂർവം ജനസംഖ്യ വർധിപ്പിച്ച് ഇന്ത്യയെഇസ്‌ലാമിക രാഷ്ട്രമാക്കാൻ ശ്രമിക്കുന്നു, മുസ്‌ലിം പുരോഹിതന്മാർ ഭക്ഷണത്തിൽ മൂന്ന് പ്രാവശ്യം തുപ്പിയ ശേഷം വിതരണം ചെയ്യുന്നു, മുസ്‌ലിംകളായ കച്ചവടക്കാർ അവരുടെ സ്ഥാപനങ്ങൾ അമുസ്‌ലിം മേഖലകളിൽ സ്ഥാപിച്ച് അമുസ്‌ലിംകളുടെ സമ്പത്ത് കവർന്നു കൊണ്ടുപോകുന്നു തുടങ്ങിയ നുണകളുടെ ഭാണ്ഡക്കെട്ടുകളാണ് ജോർജിന്റെ നാവിലൂടെ സംഘ്പരിവാർ പിഴിഞ്ഞെടുത്തത്.

### കർണാടകയും ക്രൈസ്തവ സമൂഹവും

സംഘ്പരിവാർ ക്രിസ്ത്യാനികളുടെ സേവകരായി കേരളത്തിൽ വേഷം കെട്ടിയാടുമ്പോൾ തൊട്ടടുത്ത സംസ്ഥാനമായ കർണാടകയിൽ ക്രൈസ്തവ സഹോദരങ്ങൾക്കെതിരെ അവർ ഉറഞ്ഞു തുള്ളുകയാണ്. കേരളത്തിലെ ഭൂരിപക്ഷം വരുന്ന ഹൈന്ദവ സഹോദരങ്ങൾ മതേതര വിശ്വാസികളായത് കൊണ്ട് ഹിന്ദുക്കളുടെ പേര് പറഞ്ഞ് കേരളത്തിൽ അക്കൗണ്ട് തുടങ്ങാൻ അവർക്ക് സാധിക്കില്ല എന്ന യാഥാർഥ്യം അവർക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് 18 ശതമാനത്തോളം വരുന്ന ക്രൈസ്തവരെ പ്രീണിപ്പിച്ച് ഉദ്ദേശ്യം സാധിച്ചെടുക്കുക എന്നത് മാത്രമാണ് സംഘ്പരിവാർ ലക്ഷ്യമിടുന്നത്. അധികാരത്തിന്റെ മട്ടുപ്പാവിൽ എത്തിക്കഴിഞ്ഞാൽ ഇപ്പോൾ അവർ ക്രൈസ്തവ സമൂഹത്തോട് കാണിക്കുന്ന കപട സ്നേഹമോ വിശ്ലിച്ചിരിയോ ഒന്നും തന്നെ ഉണ്ടാവില്ലെന്ന് എല്ലാവരും മനസ്സിലാക്കിയിട്ടുണ്ട്. കർണാടകയിൽ അധികാരത്തിലിരുന്ന് ഫാസിസത്തിന്റെ സകല അധർമങ്ങളും നിർവഹിച്ചുകൊണ്ടിരിക്കുന്ന സംഘ്പരിവാർ ജനസംഖ്യയിൽ രണ്ട് ശതമാനത്തിന് താഴെ മാത്രം വരുന്ന ക്രൈസ്തവരോട് കാണിക്കുന്ന കൊടും ക്രൂരതകൾ കർണാടകയിലെ ക്രൈസ്തവ നേതാക്കൾ വിവരിച്ചിട്ടുണ്ട്.

**കോടഞ്ചേരിയിലെ വിവാഹം ഒരിക്കലും ഒരു ഇസ്‌ലാം മത വിശ്വാസി ഒരു ക്രിസ്ത്യൻ യുവതിയെ വിവാഹം കഴിച്ചതല്ല എന്ന കാര്യം എല്ലാവർക്കും അറിയാവുന്ന കാര്യമായിരുന്നു. എന്നിട്ടും അതിനെ ലവ് ജിഹാദായി പ്രചരിപ്പിക്കുവാനും അതുവഴി കേരളത്തിലെ വലത് ഇടത് രാഷ്ട്രീയം മുഴുവനും ക്രിസ്ത്യാനികൾക്ക് എതിരാണെന്ന് വരുത്തിത്തീർക്കുവാനും ക്രിസ്ത്യാനികൾക്ക് ഇനി രക്ഷ ബി.ജെ.പി മാത്രമാണെന്ന് സ്ഥാപിക്കാനുമായിരുന്നു പി.സി. ജോർജിനെ രംഗത്തിറക്കിയതിന്റെ പ്രധാന ഉദ്ദേശ്യം.**

കഴിഞ്ഞ വർഷം സെപ്തംബർ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ നിരവധി അക്രമങ്ങളുടെ പരമ്പരയാണ് സംഘ്പരിവാറിൽ നിന്നും കർണാടകയിലെ ക്രിസ്ത്യാനികൾക്ക് നേരിടേണ്ടി വന്നത്. സെപ്തംബറിൽ മുഖ്യമന്ത്രി ബാസവരാജ് ബൊമ്മൈ സംസ്ഥാനത്ത് മതപരിവർത്തന നിരോധന ബിൽ പ്രഖ്യാപിച്ചതോടെയാണ് അതിക്രൂരമായ അതിക്രമങ്ങൾ ക്രൈസ്തവ സഹോദരങ്ങൾക്ക് നേരെ ആരംഭിച്ചത്. ക്രിസ്തുമസ് ആഘോഷങ്ങൾക്കെതിരെയും രൂക്ഷമായ ആക്രമണങ്ങളുണ്ടായി. ആർ.എസ്.എസ്, ബജ്റംഗദൾ, ബഞ്ചാര നിഗമ, ഹിന്ദു ജാഗരൺ വേദികെ, ശ്രീരാമസേന തുടങ്ങിയ സംഘ് സംഘങ്ങൾ അഴിഞ്ഞാടി. ചർച്ചുകളിലും പ്രാർഥനാഹാളുകളിലും അവർ അതിക്രമിച്ചു കയറി. പള്ളികൾ നശിപ്പിച്ചും ക്രിസ്ത്യൻ ഭക്തിഗാനങ്ങൾക്ക് പകരം ഹിന്ദു ഭക്തിഗാനങ്ങൾ പാടിക്കൊണ്ടും പുരോഹിതന്മാരെ മർദിച്ചുകൊണ്ടും ബൈബിളും ഇതര ക്രിസ്തീയ സാഹിത്യങ്ങളും കത്തിച്ചു കൊണ്ടും മാമോദിസ കർമങ്ങൾ തടസ്സപ്പെടുത്തിയും അവർ ക്രൈസ്തവ സമൂഹത്തെ ഭയപ്പെടുത്തി. സംസ്ഥാന പോലീസ് അഴിഞ്ഞാട്ടക്കാർക്ക് വേണ്ടി ഒത്താശ ചെയ്യുവെന്നും ക്രൈസ്തവ ജനതക്ക് സംസ്ഥാന സർക്കാരിൽ നിന്നോ പോലീസിൽ നിന്നോ യാതൊരു സഹായവും ലഭിച്ചില്ലെന്നും പി.യു.സി.എൽ പുറത്തുവിട്ട മനുഷ്യാവകാശ റിപ്പോർട്ട് വ്യക്തമാക്കുന്നുണ്ട്.

### ബെംഗളൂരു ആർച്ച് ബിഷപ്പിന്റെ വാക്കുകൾ

ബെംഗളൂരു ആർച്ച് ബിഷപ്പ് പീറ്റർ മച്ചാഡോ നൽകിയ വിവരണങ്ങൾ കേരളത്തിലെ ക്രൈസ്തവ, മുസ്‌ലിം ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള താക്കീതാണ്. ക്രിസ്ത്യാനികളുടെ മതസ്വാതന്ത്ര്യത്തെ ഹനിക്കുന്നതിന് വേണ്ടി മതപരിവർത്തന നിയമം നിയമസഭയിൽ കൊണ്ടുവന്ന ശേഷം പിന്നീട് മുസ്‌ലിം സമുദായത്തെ ഭയപ്പെടുത്തുന്നതിന് വേണ്ടി ഹിജാബ്, ഹലാൽ വിഷയങ്ങൾ കൊണ്ടുവരികയാണുണ്ടായതെന്നാണ് അദ്ദേഹം പറയുന്നത്.

ഹിജാബ്, ഹലാൽ വിഷയങ്ങളിൽ തങ്ങൾ മുസ്‌ലിം സമുദായത്തിന്റെ കൂടെ ഉറച്ചുനിൽക്കുമെന്നും ക്രൈസ്തവർക്കെതിരെ സംഘ്പരിവാർ നടത്തിയ അതിക്രമങ്ങളിൽ മുസ്‌ലിം സമുദായം ക്രൈസ്തവ സമൂഹത്തിന് പൂർണ പിന്തുണ നല്കുകയാണുണ്ടായതെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. മുസ്‌ലിംകളും ക്രൈസ്തവരും രാജ്യത്തെ ന്യൂനപക്ഷങ്ങളാണെന്ന ബോധം അവർക്കുണ്ടായിരിക്കണെമെന്നും ആരെങ്കിലും താത്കാലികമായി വെച്ചുനീട്ടുന്ന അപ്പക്കഷ്ണങ്ങൾക്ക് പിറകെ പോകാതെ ഭരണഘടന നൽകുന്ന അവകാശങ്ങൾ നേടിയെടുക്കാൻ ശ്രമിക്കുകയാണ് വേണ്ടതെന്നും പരസ്പരം തെറ്റുധാരണകൾ വളർത്താനും തമ്മിലടിപ്പിക്കാനും ന്യൂനപക്ഷ വിരുദ്ധ കേന്ദ്രങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ അവർക്ക് വിധേയമാകുവാനല്ല, കുതന്ത്രങ്ങളെ തിരിച്ചറിഞ്ഞും യഥാർഥ ശത്രുക്കളെ മനസ്സിലാക്കിയും ഭൂരിപക്ഷം വരുന്ന മതനിരപേക്ഷ സമൂഹത്തിന്റെ കൂടെ നിന്നും രാജ്യത്തിന്റെ ഉത്തമ ലക്ഷ്യങ്ങൾക്ക് വേണ്ടി ഒറ്റക്കെട്ടായി നിലക്കൊള്ളാനാണ് ശ്രമിക്കേണ്ടതെന്നും ആർച്ച് ബിഷപ്പ് ക്രൈസ്തവ മുസ്‌ലിം സഹോദരങ്ങളോട് അഭ്യർഥിച്ചിരുന്നു. കർണാടകയിൽ മാത്രമല്ല, ഇന്ത്യയിൽ ക്രൈസ്തവർ ന്യൂനാൽ ന്യൂനപക്ഷമായിട്ടുള്ള എല്ലാ സംസ്ഥാനങ്ങളിലും സംഘ്പരിവാർ ഇതേനിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ അല്പം ഭേദപ്പെട്ട ജനസംഖ്യ ക്രിസ്ത്യാനികൾക്കുള്ള സംസ്ഥാനങ്ങളിൽ അവരുടെ തോളിൽ കയറിനിന്ന് അധികാരത്തിന്റെ സോപാനങ്ങളിൽ എത്താനുള്ള കുതന്ത്രങ്ങളാണ് അവർ പയറ്റിക്കൊണ്ടിരിക്കുന്നത്. അധികാരത്തിൽ എത്തിക്കഴിഞ്ഞാൽ ന്യൂനപക്ഷങ്ങൾക്ക് മേൽ വിഷപ്പല്ലുകൾ കുത്തിയിറക്കിയും ഉന്മൂലന രാഷ്ട്രീയം പുറത്തെടുത്തും അവർ കടുത്ത ന്യൂനപക്ഷ വിരുദ്ധരാവുകയും ചെയ്യുന്നു.



## വിദ്വേഷികൾക്കെതിരെ നടപടി ശക്തമല്ല?!

കേരളത്തിലെ മുസ്‌ലിം സമുദായത്തെ കുറിച്ച് ക്രൈസ്തവ സഭകൾക്കോ മതമേലധ്യക്ഷന്മാർക്കോ ക്രൈസ്തവ സമൂഹത്തിനോ ഇല്ലാത്ത അഭിപ്രായങ്ങൾ ക്രൈസ്തവരുടേതായി അവതരിപ്പിക്കാനാണ് സംഘ്പരിവാർ ജോർജിനെയും കാസയെയും ഉപയോഗപ്പെടുത്തിയത്. ഇത്രമാത്രം ജുഗുപ്സാവഹമായ നിലപാട് കേരളത്തിൽ ഇന്നേവരെ ഉണ്ടായിട്ടില്ല. വർഗീയത കൊണ്ട് ജനമനസ്സുകളിൽ മുറിവേൽപ്പിക്കാൻ ശ്രമിക്കുന്ന നാവുകളെ പിഴുതുമാറ്റാനുള്ള ശ്രമങ്ങൾ എത്രകണ്ട് ഫലപ്രദവും ആത്മാർഥവുമായിരുന്നുവെന്ന് കൂടി പരിശോധിക്കപ്പെടേണ്ടതുണ്ട്. ഇങ്ങനെ സംസാരിക്കുന്നവരെ മുഖം നോക്കാതെ കൃത്യമായ വകുപ്പുകൾ ചേർത്ത് അറസ്റ്റ് ചെയ്യുകയാണ് വേണ്ടതെന്ന് എല്ലാവരും പറയുമെങ്കിലും അത് വേണ്ട വിധം നടക്കുന്നില്ല എന്നതാണ് യാഥാർഥ്യം. അനന്തപുരി പ്രസംഗം കഴിഞ്ഞ് മണിക്കൂറുകൾക്കകം പോലീസ് സ്വമേധയാ കേസ് എടുക്കേണ്ടതായിരുന്നു. കാരണം കേരളത്തിൽ ഇന്നുവരെ കാണാത്ത അത്രവലിയ വർഗീയ വിഷം ചീറ്റലായിരുന്നു അനന്തപുരിയിൽ നടന്നത്. കേരളത്തിലെ മുഴുവൻ മതനിരപേക്ഷ മനസ്സുകളിലും വലിയ ആഘാതമുണ്ടാക്കിയ പ്രസംഗമായിരുന്നു അത്. എന്നിട്ടും അതിനെതിരെ വളരെ പെട്ടെന്നുള്ള നടപടി ഉണ്ടായില്ല. പ്രതിഷേധങ്ങൾ കനത്തപ്പോൾ മാത്രമാണ് പോലീസ് അറസ്റ്റിന് മുതിർന്നത്. അറസ്റ്റിന് ശേഷം വഴിനീളെ 'സ്വീകരണങ്ങൾ' നൽകാൻ അവസരം നൽകിക്കൊണ്ടുള്ള 'ജൈത്രയാത്ര' ആയിരുന്നു കേരളം കണ്ടത്. ജാമ്യം നൽകരുതെന്ന് ശക്ത

**സംഘ്പരിവാർ ക്രിസ്ത്യാനികളുടെ സേവകരായി കേരളത്തിൽ വേഷം കെട്ടിയാടുമ്പോൾ തൊട്ടടുത്ത സംസ്ഥാനമായ കർണാടകയിൽ ക്രൈസ്തവ സഹോദരങ്ങൾക്കെതിരെ അവർ ഉറഞ്ഞുതുള്ളുകയാണ്. കേരളത്തിലെ ഭൂരിപക്ഷം വരുന്ന ഹൈന്ദവ സഹോദരങ്ങൾ മതേതര വിശ്വാസികളായത് കൊണ്ട് ഹിന്ദുക്കളുടെ പേര് പറഞ്ഞ് കേരളത്തിൽ അക്കൗണ്ട് തുടങ്ങാൻ അവർക്ക് സാധിക്കില്ല എന്ന യാഥാർഥ്യം അവർക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് 18 ശതമാനത്തോളം വരുന്ന ക്രൈസ്തവരെ പ്രീണിപ്പിച്ച് ഉദ്ദേശ്യം സാധിച്ചെടുക്കുക എന്നത് മാത്രമാണ് സംഘ്പരിവാർ ലക്ഷ്യമിടുന്നത്. അധികാരത്തിന്റെ മട്ടുപ്പാവിൽ എത്തിക്കഴിഞ്ഞാൽ ഇപ്പോൾ അവർ ക്രൈസ്തവ സമൂഹത്തോട് കാണിക്കുന്ന കപടസ്നേഹമോ വിഡ്ഢിച്ചിരിയോ ഒന്നും തന്നെ ഉണ്ടാവില്ലെന്ന് എല്ലാവരും മനസ്സിലാക്കിയിട്ടുണ്ട്.**

മായി വാദിക്കാൻ സർക്കാരിന്റെ എ.പി.പി മജിസ്ട്രേറ്റിന്റെ മുന്നിൽ ഹാജരായില്ല എന്നതും ബന്ധപ്പെട്ട വകുപ്പുകളുടെ ഉദാസീനത വ്യക്തമാക്കുന്നു. ജാമ്യം ലഭിച്ച ഉടനെത്തന്നെ ജാമ്യവ്യവസ്ഥകളെ ലംഘിക്കുന്ന തരത്തിൽ വീണ്ടും ജോർജ് സംസാരിച്ചു. ജാമ്യം ലഭിച്ച് പത്ത് ദിവസം കഴിഞ്ഞ് വീണ്ടും കൊച്ചിയിലെ വെണ്ണലയിൽ വെച്ച് ജോർജ് വിദ്വേഷപ്രസംഗം തുടരുകയും ചെയ്തു. വീണ്ടും അറസ്റ്റും ജാമ്യവും ലഭിക്കുന്നു. ജാമ്യത്തെ തുടർന്ന് കേസന്വേഷണവുമായി ബന്ധപ്പെട്ട് പൊലീസിന് മുമ്പിൽ ഹാജരാവണമെന്ന് നിർദേശിച്ചപ്പോൾ അതിന് 'പുല്ലുവില' പ്രഖ്യാപിച്ച് തൃക്കാക്കരയിലെ പ്രചാരണപരിപാടികൾക്ക് പോവുകയായിരുന്നു ജോർജ് ചെയ്തത്. പലപ്പോഴും പോലീസ് സംവിധാനത്തിന് ഇത്തരത്തിലുള്ള വിഷജന്തുക്കൾക്ക് മുമ്പിൽ അടിയറവ് പറയേണ്ടിവരുന്ന സാഹചര്യത്തെ കേരളീയ സമൂഹം അത്യന്തം ഉത്കണ്ഠയോടെയാണ് വീക്ഷിക്കുന്നത്.

**പൊതുജനങ്ങൾക്കും ചില ചോദ്യങ്ങളുണ്ട്**

മതനിരപേക്ഷ സമൂഹത്തിന് ലെജിസ്ലേറ്റർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി, പോലീസ് സംവിധാനങ്ങളോട് മൊത്തത്തിൽ ചില ചോദ്യങ്ങളുണ്ട്. മതവിദ്വേഷ പരാമർശങ്ങൾ നടത്തി നാട്ടിൽ വർഗീയ കലാപങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുന്നവർക്കെതിരെ എന്തുകൊണ്ടാണ് വേണ്ട നടപടികൾ കൈക്കൊള്ളാത്തത്? ആളും തരവും നോക്കിയും മതവും രാഷ്ട്രീയവും പരിഗണിച്ചുമെല്ലാമാണോ നമ്മുടെ നാട്ടിൽ നീതിയുടെ നിർവഹണം നടക്കേണ്ടത്? എത്ര ഉന്നതനായിരുന്നാലും വളരെക്കാലം നിയമസഭാ സാമാജികനായിരുന്നാലും നിയമത്തിന്റെ വഴിയെ എല്ലാവരെയും നടത്തേണ്ടതില്ലേ? സാധാരണക്കാരായ പലരും മനഃപൂർവമല്ലാത്ത പരാമർശങ്ങളുടെ പേരിൽ പോലും

**കേരളത്തിലെ മുസ്‌ലിം സമുദായത്തെ കുറിച്ച് ക്രൈസ്തവ സഭകൾക്കോ മതമേലധ്യക്ഷന്മാർക്കോ ക്രൈസ്തവ സമൂഹത്തിനോ ഇല്ലാത്ത അഭിപ്രായങ്ങൾ ക്രൈസ്തവരുടേതായി അവതരിപ്പിക്കാനാണ് സംഘ്പരിവാർ ജോർജിനെയും കാസയെയും ഉപയോഗപ്പെടുത്തിയത്. ഇത്രമാത്രം ജുഗുപ്സാവഹമായ നിലപാട് കേരളത്തിൽ ഇന്നേവരെ ഉണ്ടായിട്ടില്ല. വർഗീയത കൊണ്ട് ജനമനസ്സുകളിൽ മുറിവേൽപ്പിക്കാൻ ശ്രമിക്കുന്ന നാവുകളെ പിഴുതുമാറ്റാനുള്ള ശ്രമങ്ങൾ എത്രകണ്ട് ഫലപ്രദവും ആത്മാർഥവുമായിരുന്നുവെന്ന് കൂടി പരിശോധിക്കപ്പെടേണ്ടതുണ്ട്.**

കാരാഗൃഹങ്ങളിൽ കഴിയുന്ന രാജ്യമാണ് ഇന്ത്യ. രാഷ്ട്രീയ വിമർശനങ്ങളുടെ പേരിൽ പോലും കേസെടുക്കുകയും ജാമ്യമില്ലാ വകുപ്പുകൾ ചാർത്തുകയും ചെയ്ത എത്രയോ സംഭവങ്ങൾ നമ്മുടെ മുമ്പിലുള്ളപ്പോൾ വളരെ വ്യക്തമായി വർഗീയ വിഷം തുപ്പുന്നവർക്കെതിരെ എടുക്കുന്ന നടപടികളിൽ ഒരു ഔത്സുക്യമില്ലായ്മയും ആത്മാർഥതയില്ലായ്മയും പ്രകടമാകുന്നത് പൊതുസമൂഹത്തിന് നൽകുന്ന സന്ദേശമെന്താണ്? നമ്മുടെ രാജ്യത്തിന്റെ മതേതരത്വത്തിനും മത സൗഹാർദത്തിനും ഇത്ര വില മാത്രമേ നൽകേണ്ടതുള്ളൂ? ഇങ്ങനെ സാധാരണക്കാരായ ജനങ്ങളിൽനിന്നും ഉയരുന്ന ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി നൽകാൻ രാജ്യത്തിന്റെ നിയമ, ഭരണ സംവിധാനങ്ങൾക്ക് ഉത്തരവാദിത്തമുണ്ട്.

**മുസ്‌ലിം, ക്രൈസ്തവ ഭിന്നതയുടെ ഉപഭോക്താക്കൾ ആര്?**

ക്രിസ്ത്യൻ സമുദായത്തെ വൈകാരികമാക്കി നിർത്തിക്കൊണ്ട് അവരെ ചൂഷണം ചെയ്യുന്ന പ്രവണത കേരളത്തിൽ ഇയ്യിടെയായി കൂടുതലായിട്ടുണ്ട്. പി.സി.ജോർജിന്റെ പ്രസംഗം വരുന്നതിനും മുമ്പ് തന്നെ മുസ്‌ലിം സമുദായം അനർഹമായി പലതും കൈക്കലാക്കുകയാണെന്നും ന്യൂനപക്ഷ വകുപ്പും അതിലൂടെ ലഭിക്കുന്ന ആനുകൂല്യങ്ങളും മുസ്‌ലിംകൾ കുത്തകയാക്കി വെച്ചിരിക്കുകയാണെന്നുമുള്ള പ്രചാരണങ്ങൾ ഏതാനും വർഷങ്ങളായി നമ്മുടെ അന്തരീക്ഷത്തിൽ മുഖരിതമാകുകയും ചാനലുകളും പത്രങ്ങളും വഴി അതിന് കാര്യമായ പബ്ലിസിറ്റി നൽകുകയും ചെയ്തതിന് കേരളം സാക്ഷിയാണ്. വർഗീയതയിൽ അധിഷ്ഠിതമായ പ്രചാരണങ്ങൾ നടത്തി മത വിഭാഗങ്ങളിൽ ധ്രുവീകരണം സൃഷ്ടിച്ച് അതിലൂടെ നേട്ടങ്ങൾ കൈവരിക്കാനാണ് ഭരിക്കുന്നവരും ഇതര രാഷ്ട്രീയ കക്ഷികളും ശ്രമിച്ചുവന്നത്. അതിന്റെ പേരിലാണ് മുസ്‌ലിം സമുദായ



ത്തിന് ഭരണഘടനാ പരമായി ലഭിച്ചുവന്ന ആനുകൂല്യത്തിൽ വെള്ളം ചേർത്ത് അതിൽ നിന്നും ഇരുപത് ശതമാനം ക്രൈസ്തവ വിഭാഗങ്ങൾക്ക് നൽകിയത്. ഇത് ക്രൈസ്തവ സമുദായത്തെ പ്രീണിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മാത്രം നടത്തിവന്ന പ്രവർത്തനമാണ്. ക്രൈസ്തവ സഹോദരങ്ങൾ ഒരിക്കലും ആഗ്രഹിക്കാത്തതും അവർ ഉദ്ദേശിക്കാത്തതുമായ കാര്യമായിരുന്നു അത്. എന്നാൽ മുസ്‌ലിംകൾ കൂടുതൽ നേടുന്നു എന്ന കള്ളപ്രചാരണം നടത്തി ക്രൈസ്തവ സമുദായത്തിൽ ഭീതി ജനിപ്പിക്കാനുള്ള ശ്രമമാണ് നടന്നുവന്നത്.

നമ്മുടെ ഭരണഘടന പൗരന് സമത്വവും സ്വാതന്ത്ര്യവും ഉറപ്പ് നൽകുന്നുണ്ട്. ജാതി, മതം, പ്രദേശം, ലിംഗം എന്നിവയുടെ പേരിലുള്ള വിവേചനത്തിൽനിന്ന് സുരക്ഷിതമായ സംരക്ഷണം നൽകുന്നുമുണ്ട്. എന്നിരുന്നാലും, സാമൂഹികമായും വിദ്യാഭ്യാസ പരമായും പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായി പ്രത്യേക വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിൽ നിന്ന് ഇത് രാജ്യത്തെ തടയുന്നില്ല എന്ന് ഭരണഘടന വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. മതഭാഷാ ന്യൂനപക്ഷങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാനുള്ള അവകാശവും ഭരണഘടന ഉറപ്പുനൽകുന്നുണ്ട്. വിദ്യാഭ്യാസ രംഗത്തും ഉദ്യോഗ രംഗത്തും ഏതെങ്കിലും ഒരു സമുദായം പുറന്തള്ളപ്പെട്ടു പോയിട്ടുണ്ടെങ്കിൽ അവരെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്താനുള്ള പദ്ധതികൾ വേണമെന്ന് നിഷ്കർഷിച്ചത് ഭരണഘടന തന്നെയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് ഓരോ സമൂഹത്തെ കുറിച്ചും സമുദായങ്ങളെ കുറിച്ചും പഠനം നടന്നത്. മുസ്‌ലിം സമുദായത്തിന്റെ ഉദ്യോഗരംഗത്തെ പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിന് പ്രത്യേക പദ്ധതികൾ വേണമെന്ന് നിർദേശിച്ചത് ഭരണഘടനാപരമായി സ്ഥാപിതമായ സച്ചാർ കമ്മിറ്റിയാണ്.



എന്നാൽ അതിനെ മൊത്തം ന്യൂനപക്ഷങ്ങൾക്കുള്ള ആനുകൂല്യമായി ദുർവ്യാഖ്യാനിക്കുകയും പ്രസ്തുത ആനുകൂല്യങ്ങൾ മുസ്‌ലിംകൾ മൊത്തമായി അടിച്ചെടുക്കുകയാണെന്നും നല്ലവരായ ക്രൈസ്തവ സഹോദരങ്ങൾക്കിടയിൽ പ്രചാരണം നടത്തുകയാണുണ്ടായത്.

**ക്രൈസ്തവ സമൂഹത്തെ മുന്നിൽ നിർത്തിയുള്ള വർഗീയ പരീക്ഷണങ്ങളുടെ രംഗവേദിയാവുകയായിരുന്നു തൃക്കാക്കര. എന്നാൽ തൃക്കാക്കര അതിന് മറുപടി നൽകിക്കഴിഞ്ഞു. വിഷലിപ്തമായ വർഗീയതയോ സഭാ സ്വാധീനമോ ഒന്നും തന്നെ തൃക്കാക്കരയിൽ വിലപ്പോയില്ല. ക്രിസ്ത്യൻ സമുദായത്തെ ഹിന്ദുത്വ അജണ്ടയുമായി കൂട്ടിക്കെട്ടാൻ തുനിഞ്ഞിറങ്ങിയ ഫാസിസ്റ്റ് മുന്നണിക്ക് കെട്ടിവെച്ച കാശ് പോലും കിട്ടിയില്ല. വർഗീയ ശക്തികളുടെ ചെകിടത്ത് തൃക്കാക്കരക്കാർ നൽകിയ ശക്തമായ പ്രഹരമാണ് തെരഞ്ഞെടുപ്പ് ഫലം. ഏതു മുന്നണി വിജയിച്ചുവെന്നതല്ല മറിച്ച് വർഗീയതയെ മണ്ഡലത്തിന്റെ നാലയലത്ത് പോലും അടുപ്പിക്കാതെ തൃക്കാക്കരക്കാർ അകറ്റിനിർത്തി എന്നതാണ് പ്രസക്തമാവുന്നത്.**

അങ്ങനെ കോടതിയിൽ പോലും സച്ചാർ/പാലോളി കമ്മിറ്റികൾ വഴി സ്ഥാപിതമായ ആനുകൂല്യങ്ങളെ അട്ടിമറിക്കുന്ന തരത്തിലുള്ള നടപടികളാണ് ഉണ്ടായത്. നിയമ, ഭരണ സംവിധാനങ്ങൾ വഴിവിട്ട് പ്രവർത്തിച്ചതിന്റെ ഏതാനും ചില ഉദാഹരണങ്ങളാണ് ഇത്. ന്യൂനപക്ഷ വിഭാഗങ്ങളിൽ പെട്ട ക്രൈസ്തവ, മുസ്‌ലിം സമുദായങ്ങൾക്കിടയിൽ അകൽച്ച സൃഷ്ടിക്കാനും അവയെ വോട്ട് ബാങ്കാക്കാനുമുള്ള ശ്രമങ്ങളുടെ ഭാഗമാണ് ഇതെല്ലാം. ഇത് സൃഷ്ടിക്കുന്ന ആഘാതങ്ങൾ എന്തുമാത്രം വലിയ ഗർത്തങ്ങളും വിള്ളലുകളുമാണ് നമ്മുടെ മത സൗഹാർദ സമൂഹത്തിൽ രൂപപ്പെടുത്തുന്നത് എന്ന് ചിന്തിക്കാൻ നമ്മുടെ രാഷ്ട്രീയ, ഭരണ, നിയമ നേതൃത്വങ്ങൾക്ക് സാധിക്കുന്നില്ലെങ്കിൽ അതിന്റെ വില കനത്തതായിരിക്കും.

### തെരഞ്ഞെടുപ്പുകളും മതമേലധ്യക്ഷന്മാരും

തൃക്കാക്കര തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് ശേഷം ക്രൈസ്തവ സഭയെ മുന്നിൽ നിർത്തി ഉണ്ടായ പ്രചാരണങ്ങൾ കേരളീയ സമൂഹത്തിന് അപമാനകരമാണ്. സ്ഥാനാർഥികളുടെ മതവും ജാതിയും സഭാ ആഭിമുഖ്യവുമെല്ലാം ഒരു തെരഞ്ഞെടുപ്പിൽ ചർച്ചയാവുന്നുവെങ്കിൽ എത്രമാത്രം കപടമാണ് നമ്മുടെ മതേതരത്വവും ജനാധിപ

ത്യവും! ക്രൈസ്തവ മേഖലകളിൽ ബിഷപ്പുമാരും കർദിനാളുമാരും സഭാ അധ്യക്ഷന്മാരും മുസ്‌ലിം മേഖലകളിൽ തങ്ങന്മാരും മുസ്ല്യാന്മാരുമടങ്ങുന്ന പൗരോഹിത്യവും ഹൈന്ദവ മേഖലകളിൽ സ്വാമിമാരും ക്ഷേത്ര ഭാരവാഹികളുമാണ് വിജയികളെ തീരുമാനിക്കേണ്ടത് എന്നുവന്നാൽ പിന്നെ നാടിന്റെ മതേതര പാരമ്പര്യത്തിന് എന്ത് മൂല്യമാണുള്ളത്? തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചാൽ സ്ഥാനാർഥികൾ സഭകളിലും ദർഗകളിലും ആശ്രമങ്ങളിലും കയറിയിറങ്ങി വിശ്വാസി സമൂഹങ്ങളെ സ്വാധീനിക്കാൻ ശ്രമിക്കുന്നത് എന്തുമാത്രം വില കുറഞ്ഞ നടപടികളാണ്! പ്രബുദ്ധവും ഉദ്ബുദ്ധവുമായ ഒരു രാഷ്ട്രീയ സമൂഹത്തിന് ഇതെല്ലാം ചേർന്നതാണോ?

തൃക്കാക്കരയിലെ സ്ഥാനാർഥികളുടെ സഭാ പശ്ചാത്തലവും ആഭിമുഖ്യവും ചർച്ചയായത് സമാനതകളില്ലാത്ത വിധമാണ്. സീറോ മലബാർ സഭയിലെ എറണാകുളം-അങ്കമാലി അതിരൂപതയുടെ കീഴിലുള്ള ലിസി ആശുപത്രിയിലെ പ്രമുഖ ഹൃദ്രോഗ വിദഗ്ധനാണ് ഒരു മുന്നണിയുടെ സ്ഥാനാർഥി എന്ന വിധത്തിലുള്ള പ്രചാരണം ക്രൈസ്തവ സഭയിൽ തന്നെ അങ്കലാപ്പ് സൃഷ്ടിച്ചു. ഒടുവിൽ അങ്കമാലി രൂപതയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ 'സത്യദീപം' വാരികയ്ക്ക് പ്രതികരണവുമായി രംഗത്ത് വരേണ്ടി വന്നു. 'ഏതെങ്കിലും സഭാ/സംഘടനാ നേതൃത്വത്തിന്റെ നിർദേശങ്ങൾക്കു വഴങ്ങി അതിലുൾപ്പെടുന്നവർ അന്ധമായി വോട്ട് കുത്തും എന്ന ചിന്തയാൽ രാഷ്ട്രീയ നേതൃത്വം ഇപ്പോഴും നയിക്കപ്പെടുന്നത് അത്ഭുതമായി തോന്നുന്നു. ഒരു ജനതയുടെ രാഷ്ട്രീയ പ്രബുദ്ധതയെ യഥാർഥത്തിൽ അപമാനിക്കുകയാണിവിടെ. 'സ്വന്തം സ്ഥാനാർഥി'യെ നിറുത്തി അവഹേളിതമായ സമകാലിക സംഭവങ്ങൾ ഉദാഹരണമായി മുന്നിലുണ്ടെങ്കിലും 'നിർദേശിക്കുന്നവർ'ക്കും, 'നിറുത്തുന്നവർ'ക്കും ഇപ്പോഴും കാര്യങ്ങൾ മനസ്സിലായിട്ടില്ലെന്ന് വേണം കരുതാൻ.' (സത്യദീപം മെയ് 12 എഡിറ്റോറിയൽ).

**മുസ്‌ലിം വിരുദ്ധ രാഷ്ട്രീയത്തെ പ്രതിരോധിക്കാനെന്ന മട്ടിൽ അരങ്ങേറിയ മാർച്ചും പ്രകടനവും മുദ്രാവാക്യങ്ങളും കേരളത്തിന്റെ മതേതര മനസ്സിൽ ഏൽപ്പിച്ച മുറിവുകൾ ചില്ലറയല്ല. സമാധാനത്തിന്റെ ദർശനമായ ഇസ്‌ലാമിനെ പ്രതിരോധിക്കാനെന്ന വ്യാജേന എത്തിയ തീവ്രവാദികൾ ഉയർത്തിയ മുദ്രാവാക്യങ്ങൾ അന്യമത വിദ്വേഷത്തെ ജ്വലിപ്പിക്കുന്നതായിരുന്നു എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. 'അരിയും മലരും കുന്തിരിക്കവും' വീട്ടിൽ സൂക്ഷിക്കാനും കാലന്മാരായി തങ്ങൾ നിങ്ങളുടെ വീടുകളിൽ എത്തുമെന്നും പറഞ്ഞുകൊണ്ട് കേരളത്തിലെ ഹൈന്ദവ, ക്രൈസ്തവ സഹോദരങ്ങളെ ഭയപ്പെടുത്തുന്ന വിധത്തിലുള്ള ആക്രോശങ്ങളാണ് മുഴങ്ങിക്കേട്ടത്.**

### തൃക്കാക്കരക്കാർക്ക് ബിഗ് സല്യൂട്ട്

ചുരുക്കിപ്പറഞ്ഞാൽ, ക്രൈസ്തവ സമൂഹത്തെ മുന്നിൽ നിർത്തിയുള്ള വർഗീയ പരീക്ഷണങ്ങളുടെ രംഗവേദിയാവുകയായിരുന്നു തൃക്കാക്കര. എന്നാൽ തൃക്കാക്കര അതിന് മറുപടി നൽകിക്കഴിഞ്ഞു. വിഷലിപ്തമായ വർഗീയതയോ സഭാ സ്വാധീനമോ ഒന്നും തന്നെ തൃക്കാക്കരയിൽ വിലപ്പോയില്ല. ക്രിസ്ത്യൻ സമുദായത്തെ ഹിന്ദുത്വ അജണ്ടയുമായി കൂട്ടിക്കെട്ടാൻ തുനിഞ്ഞിറങ്ങിയ ഫാസിസ്റ്റ് മുന്നണിക്ക് കെട്ടിവെച്ച കാശ് പോലും കിട്ടിയില്ല. വർഗീയ ശക്തികളുടെ ചെകിടത്ത് തൃക്കാക്കരക്കാർ നൽകിയ ശക്തമായ പ്രഹരമാണ് തെരഞ്ഞെടുപ്പ് ഫലം. ഏതു മുന്നണി വിജയിച്ചുവെന്നതല്ല മറിച്ച് വർഗീയതയെ മണ്ഡലത്തിന്റെ നാലയലത്ത് പോലും അടുപ്പിക്കാതെ തൃക്കാക്കരക്കാർ അകറ്റിനിർത്തി എന്നതാണ് പ്രസക്തമാവുന്നത്. കേരളത്തിലെ മറ്റെല്ലാ മണ്ഡലങ്ങളിലെയും ജനങ്ങൾ ഇതുപോലെ വർഗീയവും ജാതീയവുമായ പ്രചാരണങ്ങളെ ചെറുത്തുതോൽപ്പിക്കേണ്ടതുണ്ട്. കേരളത്തിന്റെ മഹിതമായ പാരമ്പര്യവും അതു തന്നെയാണ്.

### ആലപ്പുഴയിൽ അഴിഞ്ഞാടിയ വർഗീയത

മുസ്‌ലിം വിരുദ്ധതയെ രാഷ്ട്രീയമായി അവതരിപ്പിച്ച് വർഗീയതയെ തൃക്കാക്കരയുടെ മണ്ണിൽ വിളയിപ്പിച്ചെടുക്കാമെന്ന് സ്വപ്നം കണ്ടുകൊണ്ട് ചിലർ നടന്ന അതേ സന്ദർഭത്തിൽ തന്നെയാണ് മുസ്‌ലിംകളുടെ പേരിൽ വർഗീയതയുടെ മറ്റൊരു രാക്ഷസരൂപം ആലപ്പുഴയിൽ അരങ്ങേറിയത്. മുസ്‌ലിം വിരുദ്ധ രാഷ്ട്രീയത്തെ പ്രതിരോധിക്കാനെന്ന മട്ടിൽ അരങ്ങേറിയ മാർച്ചും പ്രകടനവും മുദ്രാവാക്യങ്ങളും കേരളത്തിന്റെ മതേതര മനസ്സിൽ ഏൽപ്പിച്ച മുറിവുകൾ ചില്ലറയല്ല. സമാധാനത്തിന്റെ ദർശനമായ ഇസ്‌ലാമിനെ പ്രതിരോധിക്കാനെന്ന വ്യാജേന എത്തിയ



തീവ്രവാദികൾ ഉയർത്തിയ മുദ്രാവാക്യങ്ങൾ അന്യമത വിദ്വേഷത്തെ ജ്വലിപ്പിക്കുന്നതായിരുന്നു എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. 'അരിയും മലരും കുന്തിരിക്കവും' വീട്ടിൽ സൂക്ഷിക്കാനും കാലന്മാരായി തങ്ങൾ നിങ്ങളുടെ വീടുകളിൽ എത്തുമെന്നും പറഞ്ഞുകൊണ്ട് കേരളത്തിലെ ഹൈന്ദവ, ക്രൈസ്തവ സഹോദരങ്ങളെ ഭയപ്പെടുത്തുന്ന വിധത്തിലുള്ള ആക്രോശങ്ങളാണ് മുഴങ്ങിക്കേട്ടത്.

തീവ്രവാദികൾ തങ്ങളുടെ പ്രവൃത്തികളെ ന്യായീകരിക്കാൻ മറുവിഭാഗങ്ങളുടെ പ്രവർത്തനങ്ങളെയാണ് എടുത്ത് കാണിക്കാറുള്ളത്. പി.സി.ജോർജും കാസയുമെല്ലാം പറയുന്നത് തങ്ങൾ മുസ്‌ലിംകൾക്കെതിരെയല്ല പറയുന്നത്, മറിച്ച് മുസ്‌ലിം തീവ്രവാദികളായ പോപ്പുലർ ഫ്രണ്ടുകാരെ കുറിച്ചാണ് എന്നാണ്. പോപ്പുലർ ഫ്രണ്ടിനും പറയാനുള്ളത് മറ്റൊന്നല്ല, തങ്ങൾ അന്യമതങ്ങൾക്കെതിരെയല്ല മറിച്ച് സംഘ്പരിവാറിനെയും ക്രിസ്ത്യൻ വിഭാഗത്തിൽ പെട്ട തീവ്രവാദികളെയും ഉദ്ദേശിച്ചുകൊണ്ടാണ് പറയുന്നത് എന്നാണ്. എന്നാൽ ഇവരുടെ സംസാരങ്ങളിലും മുദ്രാവാക്യങ്ങളിലും നിറഞ്ഞുനിൽക്കുന്നത് അന്യമത വിദ്വേഷമാണ് എന്ന കാര്യത്തിൽ സംശയമില്ല. കേരളത്തെ വർഗീയതയുടെ തുരുത്താക്കി മാറ്റുവാനാണ് ഇരുകൂട്ടരും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. സംഘ്പരിവാറും ജോർജും കാസയും പച്ചനുണകൾ തട്ടിവിടുമ്പോൾ അതിനെ മലയാളി മനസ്സുകളിൽ അരക്കിട്ടുറപ്പിക്കുന്ന ജോലിയാണ് പോപ്പുലർ ഫ്രണ്ടുകാർ നിർവഹിച്ചുകൊണ്ടിരിക്കുന്നത്.

**വർഗീയത പൈശാചികതയുടെ ബാഹ്യരൂപം**

തൃക്കാക്കര കേരളീയ മനസ്സിന്റെ ശരിയായ പ്രതിഫലനമാണ്. ഇവിടം വർഗീയത വളരില്ല. അതിനുവേണ്ടി ആരെങ്കിലും വെള്ളവും വളവും ആയുധങ്ങളും തയ്യാറാക്കി വെച്ചിട്ടുണ്ടെങ്കിൽ അവ ഇറക്കിവെക്കാൻ സമയമായി എന്ന സന്ദേശമാണ് അത് നൽകുന്നത്. വർഗീയ ചിന്തകൾ വിശ്വാസത്തിൽനിന്നല്ല, അവിശ്വാസത്തിൽ നിന്നാണ് ഉദ്ഭൂതമാകുന്നത്. അവ ദൈവിക ബോധത്തിൽ നിന്നല്ല, പൈശാചിക ദുർബോധനങ്ങളിൽ നിന്നാണ് ഉയിർകൊള്ളുന്നത്. ദൈവവിശ്വാസവും ആത്മീയ ബോധവും നഷ്ടപ്പെട്ട മത ചിന്തകൾ മാത്രമാണ് വർഗീയതയുടെ ചേരുവകൾ. വിശ്വാസവും സ്നേഹവും സഹിഷ്ണുതയും ക്ഷമയുമാണ് ഒരു ദൈവവിശ്വാസിയുടെ മുഖമുദ്ര. വായിൽ വരുന്നതെല്ലാം വിളിച്ചുപറയുന്ന രീതി വിശ്വാസികളുടേതല്ല. ശത്രുവിനോടാണെങ്കിലും സ്വേച്ഛാധിപതിയായ ഭരണാധികാരിയോടാണെങ്കിലും സംസാരങ്ങളിലും പ്രതികരണങ്ങളും മിതത്വം വേണമെന്നതാണ് ദൈവികദർശനം.

**ദൈവവിശ്വാസി വർഗീയവാദിയാവില്ല**

സംസാരങ്ങളിലും പ്രസംഗങ്ങളിലും പ്രതികരണങ്ങളും ഉണ്ടാവേണ്ട മാതൃകാപരമായ സ്വഭാവത്തെ കുറിച്ച് ഖുർആൻ പറയുന്നത് ഇപ്രകാരമാണ്: ലോകം കണ്ടതിൽ വെച്ചേറ്റവും വലിയ ധിക്കാരിയും സ്വേച്ഛാധിപതിയുമായ ഫറോവയുടെ അടുക്കലേക്ക് പോകുവാൻ മൂസാ നബിയോട് അല്ലാഹു ആജ്ഞാപിച്ച സന്ദർഭത്തിൽ പറഞ്ഞ വാചകങ്ങൾ ഇതിലേക്ക് വെളിച്ചം നൽകുന്നു: 'നിങ്ങൾ രണ്ടുപേരും ഫിർഔൻറെ അടുത്തേക്ക് പോകുക. തീർച്ചയായും അവൻ അതിക്രമകാരിയാണ്. നിങ്ങൾ അവനോട് സൗമ്യമായ വാക്ക് പറയുക. അവൻ ഒരു വേള ചിന്തിച്ച് മനസ്സിലാക്കിയേക്കാം. അല്ലെങ്കിൽ ഭയപ്പെട്ടുവെന്ന് വരാം.' (ഖുർആൻ 20:43-44).

അപക്വവും ശത്രുതാപരവുമായ പ്രവർത്തനങ്ങളും സംസാരങ്ങളും മറുവിഭാഗങ്ങളിൽ നിന്നുണ്ടാകുമ്പോൾ അതിനെക്കാൾ മോശമായ രൂപത്തിൽ സംസാരിച്ചും പ്രവർത്തിച്ചും അതിനെ എങ്ങനെ ഇല്ലാതാക്കാൻ സാധിക്കുമെന്നായിരിക്കരുത് ഒരു ദൈവവിശ്വാസി ചിന്തിക്കേണ്ടത്. പകരം അവരോട് ഏറ്റവും നല്ല രൂപത്തിൽ പ്രതികരിച്ചും ക്ഷമയും സഹിഷ്ണുതയും അവലംബിച്ചും സമൂഹത്തിന്റെ ഭദ്രതക്ക് കോട്ടം തട്ടാത്ത വിധത്തിൽ മാത്രമായിരിക്കണം പ്രതികരിക്കേണ്ടത്. കുറെ ഒച്ചപ്പാടും ബഹളങ്ങളുമല്ല ആവശ്യം, മറിച്ച് പ്രശ്നങ്ങൾക്കുള്ള പരിഹാരമാണ് ഒരു ദൈവവിശ്വാസി തേടേണ്ടത്. പരിഹാരം ശാന്തമായ ചർച്ചകളിലൂടെയും പരസ്പര വിശ്വാസത്തിലൂടെയും മാത്രമെ സാധ്യമാകൂ.

തൃക്കാക്കരയിൽനിന്നും ഉയർന്നുപൊങ്ങിയ നിശ്വാസങ്ങൾ മതസൗഹാർദത്തിൻ്റെതാണ്. മതനിരപേക്ഷ ജനാധിപത്യവാദികൾ കേരളത്തിൽ ഇപ്പോഴും സജീവമാണെന്ന് അത് ബോധ്യപ്പെടുത്തുന്നു. തൃക്കാക്കര ഫലം ഭാവി കേരളത്തിന്റെ ഗതിവിഗതികൾ നിർണയിക്കുന്നതിൽ സുപ്രധാന പങ്ക് നിർവഹിക്കുമെന്ന് പ്രത്യാശിക്കാം. വർഗീയ ശക്തികളിൽനിന്നും മുക്തമായ തെളിമയാർന്ന മതനിരപേക്ഷതയുടെയും സൗഹാർദത്തിന്റെയും കേദാരമായി കേരളം പ്രശോഭിതമായി നിലനിൽക്കുമെന്ന് പ്രതീക്ഷിക്കാം. ■

**തൃക്കാക്കരയിൽനിന്നും ഉയർന്നുപൊങ്ങിയ നിശ്വാസങ്ങൾ മതസൗഹാർദത്തിൻ്റെതാണ്. മതനിരപേക്ഷ ജനാധിപത്യവാദികൾ കേരളത്തിൽ ഇപ്പോഴും സജീവമാണെന്ന് അത് ബോധ്യപ്പെടുത്തുന്നു. തൃക്കാക്കര ഫലം ഭാവികേരളത്തിന്റെ ഗതിവിഗതികൾ നിർണയിക്കുന്നതിൽ സുപ്രധാന പങ്ക് നിർവഹിക്കുമെന്ന് പ്രത്യാശിക്കാം. വർഗീയ ശക്തികളിൽനിന്നും മുക്തമായ തെളിമയാർന്ന മതനിരപേക്ഷതയുടെയും സൗഹാർദത്തിന്റെയും കേദാരമായി കേരളം പ്രശോഭിതമായി നിലനിൽക്കുമെന്ന് പ്രതീക്ഷിക്കാം.**



# സഞ്ചാരത്തിന്റെ ഇസ്‌ലാമികമാനം

ഡോ. ടി. കെ യൂസുഫ്
:9349798262

'ടൂറിസ്റ്റ്' എന്ന പദം കേൾക്കുമ്പോൾ ഒരു വലിയ ബാഗും തോളിലേറ്റി മുഷിഞ്ഞ ടീഷർട്ടും ട്രൗസറും ധരിച്ച് റെയിൽവെ സ്റ്റേഷനിൽ ഉലാത്തുന്ന സായിപ്പിന്റെയോ കടൽത്തീരത്തെ പഞ്ചാരമണലിൽ അൽപവസ്ത്രധാരിണിയായി കമഴ്ന്നുകിടന്ന് ഇളനീർ കുടിക്കുന്ന മദാമ്മയുടെയോ ചിത്രമായിരിക്കും പലരുടെയും മനസ്സിൽ തെളിഞ്ഞുവരിക. അതുകൊണ്ട് തന്നെ ടൂറിസത്തിന് ഇസ്‌ലാം പ്രോത്സാഹനം നൽകിയിട്ടുണ്ടെന്ന് പറയുമ്പോൾ പലർക്കും അത് അതിശയകരവും അവിശ്വസനീയവുമായിരിക്കും.

വിശുദ്ധ ക്വുർആൻ സഞ്ചാരികളെ എണ്ണിയത് ആരാധനയിൽ ഏർപ്പെടുകയും നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്ന ഉത്തമരായ സത്യവിശ്വാസികളുടെ കൂട്ടത്തിലാണ്. അല്ലാഹു പറയുന്നു: "പശ്ചാത്തപിക്കുന്നവർ, ആരാധനിയിൽ ഏർപ്പെടുന്നവർ, സ്തുതികീർത്തനം ചെയ്യുന്നവർ, സഞ്ചരിക്കുന്നവർ, കുമ്പിടുകയും സാഷ്ടാഗം നടത്തുകയും ചെയ്യുന്നവർ, സദാചാരം കൽപിക്കുകയും ദുരാചാരത്തിൽനിന്ന് വിലക്കുകയും ചെയ്യുന്നവർ, അല്ലാഹുവിന്റെ അതിർവരമ്പുകൾ കാത്തുസൂക്ഷിക്കുന്നവർ ഇങ്ങനെയുള്ള സത്യവിശ്വാസികൾക്ക് സന്തോഷവാർത്ത അറിയിക്കുക" (ക്വുർആൻ 9:112).

ഇസ്‌ലാം സഞ്ചാരികൾക്ക് എത്രമാത്രം പ്രാധാന്യം നൽകിയെന്ന് മനസ്സിലാക്കാൻ മേൽവചനംതന്നെ ധാരാളം മതി. തന്നെയുമല്ല, പ്രാപഞ്ചിക ദൃഷ്ടാന്തങ്ങൾ കണ്ടറിഞ്ഞ് അല്ലാഹുവിന്റെ കഴിവുകൾ മനസ്സിലാക്കുവാൻ ഭൂമിയിലൂടെ

**പ്രാപഞ്ചിക ദൃഷ്ടാന്തങ്ങൾ കണ്ടറിഞ്ഞ് അല്ലാഹുവിന്റെ കഴിവുകൾ മനസ്സിലാക്കുവാൻ ഭൂമിയിലൂടെയുള്ള സഞ്ചാരം ഏറെ ഉപകാരപ്രദമാണ്. ആകാശഭൂമികളിലുള്ള അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ കാണണമെങ്കിൽ ബാഹ്യനേത്രങ്ങൾക്കു പുറമെ അതിനു സന്നദ്ധമായ ഒരു അന്തരംഗം കൂടി വേണ്ടിവരും. അതു കരസ്ഥമാക്കണമെങ്കിൽ സഞ്ചാരം അത്യാവശ്യമാണെന്നാണ് ക്വുർആൻ പറയുന്നത്.**



യുള്ള സഞ്ചാരം ഏറെ ഉപകാരപ്രദമാണ്. ആകാശഭൂമികളിലുള്ള അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ കാണണമെങ്കിൽ ബാഹ്യനേത്രങ്ങൾക്കു പുറമെ അതിനു സന്നദ്ധമായ ഒരു അന്തരംഗം കൂടി വേണ്ടിവരും. അതു കരസ്ഥമാക്കണമെങ്കിൽ സഞ്ചാരം അത്യാവശ്യമാണെന്നാണ് ക്വുർആൻ പറയുന്നത്.

"ഇവർ ഭൂമിയിലൂടെ സഞ്ചരിക്കുന്നില്ലേ? എങ്കിൽ ചിന്തിച്ച് മനസ്സില്ലാക്കാനുതകുന്ന ഹൃദയങ്ങളും കേട്ടറിയാനുള്ള കാതുകളും അവർക്ക് ലഭിക്കുമായിരുന്നു. തീർച്ചയായും കണ്ണുകളെയല്ല അന്ധത ബാധിക്കുന്നത്; നെഞ്ചുകളിലുള്ള ഹൃദയങ്ങളെയാണ് അന്ധത ബാധിക്കുന്നത്" (ക്വുർആൻ 22:46).

ചലനവും സഞ്ചാരവുമില്ലാതെ ഒരിടത്തുതന്നെ ചടഞ്ഞുകൂടുന്നത് മന്ദതയ്ക്കും ഹൃദയാന്ധതയ്ക്കും വഴിയൊരുക്കുമെന്ന സൂചനയും ഈ വചനം നൽകുന്നുണ്ട്.

ആവർത്തനവിരസമായ ജീവിതരീതി മനുഷ്യന്റെ ബൗദ്ധിക പ്രവർത്തനങ്ങളുടെ കാര്യക്ഷമതക്ക് മങ്ങലേൽപിക്കുന്നതായി ആധുനിക മനഃശാസ്ത്ര പഠനങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. വിനോദസഞ്ചാരംകൊണ്ടു ലഭിക്കുന്ന മാനസികോല്ലാസം ഇതിന് അല്പമെങ്കിലും ആശ്വാസം നൽകാൻ സാധ്യതയുള്ളതാണ്. 'നിങ്ങൾ മനസ്സിന് ആശ്വാസം നൽകുക, കാരണം ആലസ്യം അതിനെ അന്ധമാക്കും' എന്ന നബിവചനവും ഈ രംഗത്ത് ശ്രദ്ധേയമാണ്.

മദ്ഹബിന്റെ ഇമാമുകളിൽ പ്രമുഖനായ ഇമാം ശാഫിഈയും സഞ്ചാരത്തെ വാനോളം പുകഴ്ത്തുന്നുണ്ട്. സഞ്ചാരമെന്ന റിസ്ക് എടുത്തെങ്കിൽ മാത്രമെ ജീവിതത്തിന്റെ ത്രിൽ ആസ്വദിക്കാൻ കഴിയൂ എന്നാണ് അദ്ദേഹത്തിന്റെ വീക്ഷണം. യാത്ര ചെയ്യാതെ ജന്മനാട്ടിൽ ഒതുങ്ങിക്കൂടുന്ന അവസ്ഥയെ ഒഴുകാതെ കെട്ടിനിന്ന് ദുഷിക്കുന്ന ജലാശയത്തോടും, വേട്ടയാടാൻ പുറപ്പെടാതെ കൂട്ടിൽ പട്ടിണി കിടന്ന് ക്ഷയിക്കുന്ന സിംഹത്തോടുമാണ് അദ്ദേഹം ഉപമിച്ചത്. സ്വർണത്തിനും ചന്ദനത്തിനും മൂല്യമുണ്ടാകുന്നത് അവ തങ്ങളുടെ വാസസ്ഥലം വിട്ട് കയറ്റുമതി ചെയ്യപ്പെടുമ്പോൾ മാത്രമായതുകൊണ്ട് മനുഷ്യനും അൽപം നിലയും വിലയുമുണ്ടാകണമെങ്കിൽ നാടുവിടണമെന്നാണ് അദ്ദേഹം ബുദ്ധിയുള്ളവരെ ഉപദേശിക്കുന്നത്.

മാനസിക പിരിമുറുക്കങ്ങൾക്ക് അയവുവരുത്തുന്ന വിനോദസഞ്ചാരം മനുഷ്യന്റെ സർഗ പ്രതിഭ വളർത്തുന്നതിലും കാര്യമായ പങ്കുവഹിക്കുന്നുണ്ട്. പല സാഹിത്യകാരന്മാർക്കും ഗൗരവകരമായ എഴുത്തിന് പ്രചോദനം നൽകിയത് അവരുടെ സഞ്ചാരമാണ്. എഴുതാൻ ആഗ്രഹമുണ്ട് പക്ഷേ, എഴുതാൻ ഒന്നുമില്ല എന്ന അവസ്ഥയിൽനിന്ന് അവർക്ക് പലപ്പോഴും മോചനം ലഭിക്കാറുള്ളത് യാത്രാനുഭവങ്ങളാണ്.

യാത്രക്കാർക്ക് ഇസ്‌ലാം നമസ്‌കാരത്തിൽ ഇളവും നോമ്പിൽ ഇടയും നൽകിയതോടൊപ്പം സകാത്തിന്റെ ഒരു വിഹിതവും നീക്കിവെച്ചിട്ടുണ്ട്. ഈ ആനുകൂല്യങ്ങളെല്ലാം സഞ്ചാരികൾക്കും ലഭിക്കേണ്ടതാണ്. കാരണം ദേശാടനത്തിലൂടെ അവർ ഒട്ടനവധി ജനങ്ങളുടെ

ജീവിത രീതികളും ചിന്താഗതികളും പ്രവർത്തനങ്ങളും മനസ്സിലാക്കുകയാണ് ചെയ്യുന്നത്. അതിലുപരി വിശുദ്ധ ക്വുർആൻ ഒരു ദൃഷ്ടാന്തമായി എണ്ണിയ ഭാഷ, വർണ വൈവിധ്യം കണ്ടറിയണമെങ്കിലും ദേശാന്തരഗമനം അത്യാവശ്യമാണ്.

"നിങ്ങളുടെ ഭാഷകളിലും വർണങ്ങളിലുമുള്ള വ്യത്യാസവും അവന്റെ ദൃഷ്ടാന്തങ്ങളിൽ പെട്ട തത്രെ. തീർച്ചയായും അതിൽ അറിവുള്ളവർക്ക് ദൃഷ്ടാന്തമുണ്ട്" (ക്വുർആൻ 30:22).

ഭൂമുഖത്ത് ജനങ്ങളെ വിറപ്പിച്ച് ഭരണം നടത്തിയ അതിക്രമികളായ അധികാരികൾക്ക് വന്നുഭവിച്ച ദുരന്തഫലങ്ങൾ കണ്ടറിയാനും സഞ്ചാരം സഹായകമാണ്. ജർമനിയിൽ ഹിറ്റ്‌ലറുടെ കൊടും ക്രൂരതയുടെ ദുർഭൂതങ്ങളെ കാണാമെങ്കിൽ ഇറ്റലിയിൽ ഉമർ മുഖ്താറിന്റെ അശ്വഭടന്മാരോട് അടരാടിയ മുസോളിനിയുടെയും കൂട്ടാളികളുടെയും കബന്ധങ്ങൾ ദർശിക്കാൻ കഴിയും. ഈജിപ്തിലെ പിരമിഡുകളിലേക്ക് നോക്കിയാൽ അവിടുത്തെ പ്രാചീന ഭരണമേധാവികളായ ഫറോവമാരുടെ അനിതരസാധാരണമായ അധീശത്തവും അലംഘനീയമായ ആജ്ഞാശക്തിയും ഗ്രഹിക്കാൻ കഴിയും. സർവോപരി പുരാതന ഈജിപ്തുകാരുടെ പുനർജന്മ വിശ്വാസവും അവിടുത്തെ അടിമകളുടെ അത്യന്തം ക്ലേശപൂരിതമായ അവസ്ഥ



യും ആ കൂറ്റൻ ശവകുടീരങ്ങൾ മൂകമായ ഭാഷയിൽ സഞ്ചാരികളോട് വിളിച്ചുപറയുന്നുണ്ട്. പ്രകൃതിവിരുദ്ധ രതിയുടെ ഞെട്ടിപ്പിക്കുന്ന ദുരന്തഫലങ്ങൾ കാണണമെങ്കിൽ ചാവുകടലിനരികിലൂടെ സഞ്ചരിച്ചാൽ മതി. പാപികളുടെ പര്യവസാനം കാണാൻ വേണ്ടിയുള്ള ഇത്തരം യാത്രകൾക്കും ഇസ്‌ലാം പ്രോത്സാഹനം നൽകുന്നുണ്ട്.

"എന്നാൽ അവർക്ക് മുമ്പുണ്ടായിരുന്നവരുടെ പര്യവസാനം എങ്ങനെയായിരുന്നു എന്ന് കാണാൻ അവർ ഭൂമിയിൽ സഞ്ചരിച്ചുനോക്കിയിട്ടില്ലേ? അവർ ഇവരെക്കാൾ എണ്ണം കൂടിയവരും ശക്തികൊണ്ടും ഭൂമിയിൽ വിട്ടേച്ചുപോയ അവശിഷ്ടങ്ങൾകൊണ്ടും ഏറ്റവും പ്രബലൻമാരുമായിരുന്നു. എന്നിട്ടും അവർ നേടിയെടുത്തിരുന്നതൊന്നും അവർക്ക് പ്രയോജനപ്പെട്ടില്ല" (ക്വുർആൻ 40:82).

വിജ്ഞാന ചക്രവാളം വികസിപ്പിക്കുന്നതിൽ വിനോദസഞ്ചാരത്തിനുള്ള പങ്ക് ഒരു അനിഷേധ്യ വസ്തുതയാണല്ലോ. സ്ഥലകാല ചുറ്റുപാടുകളിൽനിന്ന് ആർജിക്കുന്ന അറിവും അനുഭവവും മനുഷ്യന്റെ വ്യക്തിത്വ വികസനത്തിന് ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. വീട്ടിൽ ഒതുങ്ങിക്കൂടി ജീവിക്കുന്നവനെക്കാളും ഭേദമായിരിക്കുമല്ലോ നാട്ടിലേക്കും നഗരത്തിലേക്കും ഇറങ്ങിച്ചെല്ലുന്നുവൻ. ഭാഷയുടെയും ദേശത്തിന്റെയും അതിർവരമ്പുകൾ ഭേദിച്ച് സഞ്ചരിക്കുന്നവർ മറ്റുള്ളവരെക്കാളും അറിവും വിശാല വീക്ഷണവും ഉള്ളവരായിരിക്കും.

നാം ജീവിക്കുന്ന ഈ ലോകത്തിന്റെ അവസ്ഥയും പുരോഗതിയും കണ്ടുപിടുത്തങ്ങളും വെല്ലുവിളികളും മനസ്സിലാക്കണമെങ്കിൽ ഗൃഹാതുരത്തിന്റെ പുറംതോട് പൊട്ടിച്ച് പുറത്തുകടക്കേണ്ടിവരും. ജനങ്ങളുടെ പുരോഗതി, അധോഗതി, സമ്പന്നത, ദാരിദ്ര്യം, രോഗം, ആരോഗ്യം, യുദ്ധം, സമാധാനം തുടങ്ങി ഒട്ടേറെ അനുഭവങ്ങളിൽ നിന്നും പാഠം ഉൾക്കൊള്ളാൻ കഴിയുമെന്നതാണ് സഞ്ചാരത്തിന്റെ ഏറ്റവും വലിയ സവിശേഷത. തൊഴിലില്ലാഴ്മയുടെ ശാപത്തിൽ നിന്നും കരകയറാൻ പല രാജ്യങ്ങളെയും സഹായിക്കുന്നത് വിനോദസഞ്ചാര വികസനമാണ്.

മാതൃകായോഗ്യരായ സഞ്ചാരികൾ ഇസ്‌ലാമിക പ്രബോധന രംഗത്ത് നിസ്തുലമായ പങ്ക് നിർവഹിച്ചിട്ടുണ്ട്. അതുകൊണ്ട്തന്നെ ജനങ്ങളെ അധാർമികതയിലേക്ക് തള്ളിവിടുന്ന സെക്സ് ടൂറിസവും, അവരെ അന്ധവിശ്വാസത്തിന്റെയും അനാചാരത്തിന്റെയും അടിമകളാക്കുന്ന സിയാറത്ത് യാത്രകളും അരങ്ങുതകർക്കുന്ന ഇക്കാലത്ത് ഇസ്‌ലാമിക മാർഗനിർദേശങ്ങൾ മുറുകെ പിടിക്കുന്ന ഫലപ്രദമായ ഒരു ടൂറിസ്റ്റ് പാക്കേജ് അനിവാര്യമാണ്.

**മദ്ഹബിന്റെ ഇമാമുകളിൽ പ്രമുഖനായ ഇമാം ശാഫിഈയും സഞ്ചാരത്തെ വാനോളം പുകഴ്ത്തുന്നുണ്ട്. സഞ്ചാരമെന്ന റിസ്ക് എടുത്തെങ്കിൽ മാത്രമെ ജീവിതത്തിന്റെ ത്രിൽ ആസ്വദിക്കാൻ കഴിയൂ എന്നാണ് അദ്ദേഹത്തിന്റെ വീക്ഷണം. യാത്ര ചെയ്യാതെ ജന്മനാട്ടിൽ ഒതുങ്ങിക്കൂടുന്ന അവസ്ഥയെ ഒഴുകാതെ കെട്ടി നിന്ന് ദുഷിക്കുന്ന ജലാശയത്തോടും, വേട്ടയാടാൻ പുറപ്പെടാതെ കൂട്ടിൽ പട്ടിണി കിടന്ന് ക്ഷയിക്കുന്ന സിംഹത്തോടുമാണ് അദ്ദേഹം ഉപമിച്ചത്. സ്വർണത്തിനും ചന്ദനത്തിനും മൂല്യമുണ്ടാകുന്നത് അവ തങ്ങളുടെ വാസസ്ഥലം വിട്ട് കയറ്റുമതി ചെയ്യപ്പെടുമ്പോൾ മാത്രമായതുകൊണ്ട് മനുഷ്യനും അൽപം നിലയും വിലയുമുണ്ടാകണമെങ്കിൽ നാടുവിടണമെന്നാണ് അദ്ദേഹം ബുദ്ധിയുള്ളവരെ ഉപദേശിക്കുന്നത്.**

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം: 47

# മുഹമ്മദ്

(മദീനയിൽ അവതരിച്ചത്)

29. അതല്ല, ഹൃദയങ്ങളിൽ രോഗമുള്ള ആളുകൾ അല്ലാഹു അവരുടെ ഉള്ളിലെ പക വെളിപ്പെടുത്തുകയേയില്ല എന്നാണോ വിചാരിച്ചത്?

30. നാം ഉദ്ദേശിച്ചിരുന്നെങ്കിൽ നിനക്ക് നാം അവരെ കാട്ടിത്തരുമായിരുന്നു. അങ്ങനെ അവരുടെ ലക്ഷണംകൊണ്ട് നിനക്ക് അവരെ മനസ്സിലാക്കാമായിരുന്നു. സംസാരശൈലിയിലൂടെയും തീർച്ചയായും നിനക്ക് അവരെ മനസ്സിലാക്കാവുന്നതാണ്. അല്ലാഹു നിങ്ങളുടെ പ്രവൃത്തികൾ അറിയുന്നു.

31. നിങ്ങളുടെ കൂട്ടത്തിൽ സമരം ചെയ്യുന്നവരെയും ക്ഷമ കൈക്കൊള്ളുന്നവരെയും നാം തിരിച്ചറിയുകയും, നിങ്ങളുടെ വർത്തമാനങ്ങൾ നാം പരിശോധിച്ചു നോക്കുകയും ചെയ്യുന്നതുവരെ നിങ്ങളെ നാം പരീക്ഷിക്കുകതന്നെ ചെയ്യും.

32. അവിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് (ജനങ്ങളെ) തടയുകയും, തങ്ങൾക്ക് സൻമാർഗം വ്യക്തമായി കഴിഞ്ഞതിനു ശേഷം റസൂലുമായി മാത്സര്യത്തിൽ ഏർപ്പെടുകയും ചെയ്തവരാരോ തീർച്ചയായും അവർ അല്ലാഹുവിന് യാതൊരു ഉപദ്രവവും വരുത്തുകയില്ല. വഴിയെ അവൻ അവരുടെ കർമങ്ങൾ നിഷ്ഫലമാക്കിക്കളയുകയും ചെയ്യും.

33. സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ അനുസരിക്കുക. റസൂലിനെയും നിങ്ങൾ അനുസരിക്കുക. നിങ്ങളുടെ കർമങ്ങളെ നിങ്ങൾ നിഷ്ഫലമാക്കിക്കളയാതിരിക്കുകയും ചെയ്യുക.

أَمْ حَسِبَ الَّذِينَ فِي قُلُوبِهِم مَّرَضٌ أَن لَّن
يُخْرِجَ اللَّهُ أَضْغَانَهُمْ ﴿٢٩﴾

وَلَوْ نَشَاءُ لَأَرَيْنَاكَهُمْ فَلَعَرَفْتَهُم بِسِيمَاهُمْ
وَلَتَعْرِفَنَّهُمْ فِي لَحْنِ الْقَوْلِ وَاللَّهُ يَعْلَمُ
أَعْمَالَكُمْ ﴿٣٠﴾

وَلَنَبْلُوَنَّكُمْ حَتَّىٰ نَعْلَمَ الْمُجَاهِدِينَ مِنكُمْ
وَالصَّابِرِينَ وَنَبْلُوَ أَخْبَارَكُمْ ﴿٣١﴾

إِنَّ الَّذِينَ كَفَرُوا وَصَدُّوا عَن سَبِيلِ اللَّهِ
وَشَاقُّوا الرَّسُولَ مِن بَعْدِ مَا تَبَيَّنَ لَهُمُ الْهُدَىٰ لَن
يَضُرُّوا اللَّهَ شَيْئًا وَسَيُحْبِطُ أَعْمَالَهُمْ ﴿٣٢﴾

۞ يَا أَيُّهَا الَّذِينَ آمَنُوا أَطِيعُوا اللَّهَ وَأَطِيعُوا
الرَّسُولَ وَلَا تُبْطِلُوا أَعْمَالَكُمْ ﴿٣٣﴾

29) അല്ലാഹു പറയുന്നു: (അതല്ല, ഹൃദയങ്ങളിൽ രോഗമുള്ള ആളുകൾ വിചാരിച്ചുവോ) സംശയങ്ങളോ ദേഹേച്ഛകളോ, ഇവമൂലം ഹൃദയം അതിന്റെ ആരോഗ്യാവസ്ഥ ശരിയായി നിലനിൽക്കാതിരിക്കുന്നു. (അല്ലാഹു വെളിപ്പെടുത്തുകയേ ഇല്ലെന്ന്) ഇസ്‌ലാമിനോടും അതിന്റെ ആളുകളോടും അവരുടെ ഉള്ളിലുള്ള ശത്രുതയും പകയും ഇത് അല്ലാഹുവിന്റെ യുക്തിക്ക് നിരക്കാത്ത വിചാരമാണ്. അസത്യവാനെയും സത്യവാനെയും അല്ലാഹു വേർതിരിക്കുകതന്നെ ചെയ്യും. വിശ്വാസത്തിൽ മാറ്റം വരാതെ അതിൽ ഉറച്ച് നിൽക്കുന്നതാരെന്ന് മനസ്സിലാക്കാവുന്ന പരീക്ഷണങ്ങളിലൂടെയായിരിക്കും അത്. അവനാണ് യഥാർഥ വിശ്വാസി. എന്നാൽ ക്ഷമിക്കാതെ തിരിഞ്ഞുകളയുന്നവൻ പരീക്ഷണങ്ങൾ വരുമ്പോൾ വിശ്വാസം ദുർബലമാവുകയും അസ്വസ്ഥനാവുകയും മനസ്സിലുള്ള വിദ്വേഷവും കാപട്യവും വെളിവാകുകയും ചെയ്യുന്നു. ഇത് ദൈവികയുക്തിയുടെ താല്പര്യമാണ്.

30) അതോടൊപ്പം അല്ലാഹു പറയുന്നു: (നാം ഉദ്ദേശിച്ചിരുന്നുവെങ്കിൽ, നിനക്ക് നാം അവരെ കാട്ടിത്തരുമായിരുന്നു. അങ്ങനെ അവരുടെ ലക്ഷണം കൊണ്ട് നിനക്ക് അവരെ മനസ്സിലാക്കാമായിരുന്നു.) ആ അടയാളങ്ങൾ അവരുടെ മുഖങ്ങളിൽ വരച്ചുവെച്ചതുപോലെയുണ്ട്. (സംസാരശൈലിയിലൂടെയും നിനക്കവരെ മനസ്സിലാക്കാവുന്നതാണ്) അവരുടെ ഹൃദയങ്ങളിലുള്ളത് വെളിവാകാതിരിക്കുകയില്ല. അവരുടെ നാവുകളിൽ അത് വ്യക്തമാകും. ഹൃദയങ്ങളിലുള്ളത് അറിയിക്കുന്ന ഉപകരണമാണ് നാവ്. ഹൃദയത്തിലെ നന്മതിന്മകളെ നാവ് പുറത്തുകൊണ്ടുവരുന്നു (അല്ലാഹു നിങ്ങളുടെ പ്രവൃത്തികൾ അറിയുന്നു) അങ്ങിനെ നിങ്ങൾക്കതിന് പ്രതിഫലവും നൽകുന്നു.

31) തന്റെ അടിമയെ അല്ലാഹു പരീക്ഷിക്കുന്ന ഏറ്റവും വലിയ പരീക്ഷണത്തെക്കുറിച്ചാണ് തുടർന്ന് അല്ലാഹു പറയുന്നത്. അത് അല്ലാഹുവിന്റെ മാർഗത്തിലുള്ള ധർമസമരമാണ്. അല്ലാഹു പറയുന്നു: (നിങ്ങളെ നാം പരീ ക്ഷിക്കുകതന്നെ ചെയ്യും) അതായത് നിങ്ങളുടെ ക്ഷമയും വിശ്വാസവും നാം പരീക്ഷിക്കുകതന്നെ ചെയ്യും. (നിങ്ങളുടെ കൂട്ടത്തിൽ സമരം ചെയ്യുന്നവരെയും ക്ഷമ കൈക്കൊള്ളുന്നവരെയും നാം തിരിച്ചറിയുകയും നിങ്ങളുടെ വർത്തമാനങ്ങൾ നാം പരിശോധിച്ച് നോക്കുകയും ചെയ്യുന്നതുവരെ) അല്ലാഹുവിന്റെ കൽപനകൾ സ്വീകരിക്കുകയും അവന്റെ മാർഗത്തിൽ യുദ്ധം ചെയ്യുകയും അവന്റെ ദീനിനെ സഹായിക്കുകയും അവന്റെ വചനത്തെ ഉന്നതമാക്കുകയും ചെയ്യുന്നവൻ ആരെന്ന്. അവനാണ് യഥാർഥ വിശ്വാസി. ഇതിനെല്ലാം മടികാണിക്കുന്ന അവൻ വിശ്വാസത്തിലും ന്യൂനതയുള്ളവനാണ്.

32) അല്ലാഹുവിലേക്കെത്തിക്കുന്ന വഴിയിൽ നിന്ന് സൃഷ്ടികളെ തടയുകയും അല്ലാഹുവിൽ അവിശ്വസിക്കുന്നതടക്കമുള്ള സർവതിന്മകളും ചെയ്യുന്നവർക്കുള്ള ശക്തമായ താക്കീതാണിത് (തങ്ങൾക്ക് സന്മാർഗം വ്യക്തമായതിനുശേഷം റസൂലുമായി മാത്സര്യത്തിൽ ഏർപ്പെടുകയും ചെയ്തവരാരോ) അവനോട് ധിക്കാരം കാണിക്കുകയും മനപ്പൂർവം എതിരു പ്രവർത്തിക്കുകയും ചെയ്തവർ, അറിവില്ലായ്മയോ വഴികേടോ മൂലമല്ല തീർച്ചയായും അവർ (അല്ലാഹുവിന് യാതൊരു ഉപദ്രവവും വരുത്തുകയില്ല). അവന്റെ ആധിപത്യത്തിന് അതുകൊണ്ടൊരു കുറവുംവരില്ല. (അവരുടെ കർമങ്ങൾ നിഷ്ഫലമാക്കിക്കളയുകയും ചെയ്യും) അതായത് അസത്യത്തെ സഹായിക്കാൻ അവർ ചെയ്ത അധ്വാനങ്ങൾ. അതൊന്നും പരാജയവും നഷ്ടവുമല്ലാതെ അവർക്ക് വരുത്തുകയില്ല. അവർ പ്രതിഫലം കാംക്ഷിക്കുന്ന പ്രവർത്തനങ്ങൾ സ്വീകരിക്കപ്പെടാതെ പോകു ന്നു. സ്വീകരിക്കാനാവശ്യമായ നിബന്ധനകളില്ലാത്തതിനാൽ.

33) ഇവിടെ ചില കാര്യങ്ങൾ അല്ലാഹു നിർദേശിക്കുന്നു. അവരുടെ കാര്യങ്ങൾ പൂർത്തിയാക്കാനും മത-ഭൗതിക സൗഭാഗ്യങ്ങൾ നേടാനുതകുന്നതുമായവ. അത് മതത്തിന്റെ അടിസ്ഥാനപരവും അല്ലാത്തതുമായ കാര്യങ്ങളിൽ അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കലാണ്. അനുസരണമെന്നാൽ കൽപനകൾ സ്വീകരിക്കലും വിരോധങ്ങൾ ഉപേക്ഷിക്കലുമാണ്. അതാവട്ടെ നിർദേശിച്ച രൂപത്തിൽ തന്നെയും ആത്മാർഥതയോടും പൂർണമായും മതനിർദേശങ്ങൾ പാലിച്ചുംകൊണ്ടായിരിക്കണം. (നിങ്ങളുടെ കർമങ്ങളെ നിങ്ങൾ നിഷ്ഫലമാക്കിക്കളയാതിരിക്കുകയും ചെയ്യുക) പ്രവൃത്തിച്ചതിനുശേഷം അത് നിഷ്ഫമാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടവ ഇതിൽ ഉൾപ്പെടും. കൊടുത്തത് എടുത്തുപറയുക, തന്നെക്കുറിച്ചുള്ള മതിപ്പ്, അഹങ്കാരം, സൽകീർത്തിക്കുവേണ്ടിയുള്ള പ്രവർത്തനം മുതലായവ പ്രവർത്തനങ്ങളെ തകരാറാക്കുന്ന കാര്യങ്ങളാണ്. അവ പ്രതിഫലം നഷ്ടപ്പെടുത്തുന്നു. പ്രവർത്തനങ്ങളെ ഇല്ലാതാക്കുന്ന പാപങ്ങൾ ചെയ്യുന്നതും ഇതിൽപെടും. ഒരു പ്രവർത്തനം ചെയ്യുമ്പോൾ അത് ചെയ്യുന്ന സമയത്ത് അതിൽ സംഭവിച്ചേക്കാവുന്ന തകരാറുകൾ പാടില്ലെന്നതും ഇതിൽപെടും. നമസ്കാരം, നോമ്പ്, ഹജ്ജ് മുതലായ കാര്യങ്ങളെ നിഷ്ഫലമാക്കുന്ന കാര്യങ്ങൾ, ഇവയെല്ലാം ഈ വിരോധത്തിന്റെ പരിധിയിൽ കൊണ്ടുവരാം.

അനിവാര്യ കാരണങ്ങളില്ലാതെ നിർബന്ധമായ ഒരു കർമം അവസാനിപ്പിക്കുന്നത് നിഷിദ്ധമാണെന്നും സുന്നത്തായ ഒരു കാര്യം അവസാനിപ്പിക്കുന്നത് കറാഹത്താണെന്നും ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ ഫുഖഹാക്കൾ അഭിപ്രായപ്പെട്ടിട്ടുണ്ട്. കർമങ്ങൾ നിഷ്ഫമാക്കുന്നതിനെ അല്ലാഹു വിരോധിക്കുമ്പോൾ അത് ആ പ്രവർത്തനം ശരിയായ രൂപത്തിലും പൂർണതയിലും ആയിരിക്കണമെന്നും അറിവിലും പ്രവർത്തനത്തിലും അത് ഏറ്റവും നല്ല രൂപത്തിൽ ആയിരിക്കണമെന്നതിനുകൂടിയുള്ള കൽപനയാണിത്. ■



# സ്വവർഗരതിയിലെ നന്മയെന്ത്?

ടി.കെ അശ്റഫ്
: 81118 07199

മുസ്‌ലിം കുടുംബത്തിൽപെട്ട രണ്ട് പെൺകുട്ടികൾക്ക് ഒന്നിച്ച് ജീവിക്കുവാൻ ഹൈക്കോടതി അനുവാദം നൽകിയ സംഭവം വീണ്ടും സ്വവർഗരതി ചർച്ചചെയ്യപ്പെടാൻ കാരണമായിരിക്കുകയാണ്. മുസ്‌ലിം സമുദായത്തിൽനിന്ന് ഇതിനെതിരെ വിമർശനങ്ങൾ സ്വാഭാവികമായും ഉയർന്നുവരും. അതെന്തുകൊണ്ടാണെന്ന് പൊതുസമൂഹവും മുസ്‌ലിം സമുദായത്തിലെ യുവതലമുറയും അറിഞ്ഞിരിക്കേണ്ടതുണ്ട്.

മനുഷ്യർ സ്ത്രീയും പുരുഷനുമായാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. അവർ പരസ്പരം ഇണചേരുക എന്നതാണ് പ്രകൃതി നിയമം. അത് ലംഘിക്കുമ്പോൾ അവരുടെ മാത്രമല്ല, സമൂഹത്തിന്റെയാകമാനം സ്വൈര്യജീവിതം തകർന്നുപോകും എന്നതാണ് വസ്തുത. മതരഹിത സമൂഹത്തിന്റെ നിർമിതിക്കായി സ്വപ്നം കണ്ടിരിക്കുന്ന ലിബറൽ ചിന്താഗതിക്കാർ ഈ സന്ദർഭത്തെ വിദഗ്ധമായി ഉപയോഗിക്കുന്നുണ്ട്. അത്തരം ചിന്താഗതിക്കാരായ മാധ്യമ പ്രവർത്തകർ പൊതുസമൂഹം സ്വവർഗാനുരാഗത്തിന് അനുകൂലമാണെന്ന് വരുത്താൻ പാകത്തിൽ അഭിപ്രായരൂപീകര ണം നടത്തുന്നത് ഓൺലൈൻ മീഡിയയിൽ വ്യാപകമാണ്. സ്വവർഗരതിയെ എതിർക്കുന്നവരുടെ മുന്നിലേക്ക് ഇവരുടെ മൈക്ക് പലപ്പോഴും എത്തുന്നില്ല. എത്തിയാൽ തന്നെ അവരുടെ അഭിപ്രായത്തെ ബാലൻസിംഗിന് മാത്രമായി എഡിറ്റ് ചെയ്തു ചേർക്കുകയാണ് പതിവ്. മാധ്യമങ്ങളുടെ ഈ തട്ടിപ്പ് തിരിച്ചറിയേണ്ടതുണ്ട്.

വളർന്നുവരുന്ന തലമുറക്ക് സ്വവർഗരതിയുടെ സാമൂഹികമായും ആരോഗ്യസംബന്ധമായുമുള്ള പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്നും അതിന്റെ മതപരമായ വിധി എന്തെന്നും മനസ്സിലാക്കിക്കൊടുക്കേണ്ടതുണ്ട്. അതിനു ശ്രമിക്കാതെ പുതുതലമുറയെ മുഴുവൻ ധിക്കാരികളും തോന്ന്യാസികളുമായി ചിത്രീകരിക്കുന്നത് അവർ കൂടുതൽ നിഷേധികളാകാൻ മാത്രമെ സഹായകമാവുകയുള്ളൂ.

പതിനെട്ടു വയസ്സായാൽ ഓരോ വ്യക്തിയെയും നിയന്ത്രിക്കേണ്ടത് അവന്റെ പരിമിതമായ ബുദ്ധിയാണെന്ന പൊതുബോധത്തെയാണ് ആദ്യം തിരുത്തേണ്ടത്. 18 വയസ്സിൽ പ്രായപൂർത്തിയായതിനാൽ സ്വതന്ത്രമായി തീരുമാനമെടുക്കാൻ വ്യക്തിയെ അനുവദിക്കുന്നുവെന്നത് രാജ്യത്തുള്ള നിയമം മാത്രമാണ്. അതിനർഥം, ഇനി ഇത്രയുംകാലം പോറ്റിവളർത്തിയ മാതാപിതാക്കളെയും കുടുംബത്തെയും സമൂഹത്തെയും വെല്ലുവിളിക്കാനുള്ള ലൈസൻസ് ലഭിച്ചു എന്നതല്ല.

ഇസ്‌ലാംമത വിശ്വാസികളെ സംബന്ധിച്ചിടത്തോളം, എത്ര വയസ്സായാലും അവരുടെ ഇഛയ്ക്ക് അനുസരിച്ച് ജീവിക്കാൻ മതം അനുവാദം നൽകുന്നില്ല. വിശുദ്ധ ക്വുർആനും പ്രവാചക വചനങ്ങളും നിഷ്‌കർശിക്കുന്ന നിയമങ്ങൾ സ്വന്തം മനസ്സിന് അനിഷ്ടകരമായതാണെങ്കിൽ കൂടി അത് പാലിക്കുമ്പോഴാണ് സത്യവിശ്വാസം സ്വീകരിച്ചവരാകുന്നത്. പരിമിതമായ അറിവു മാത്രമുള്ള മനുഷ്യൻ പലപ്പോഴും തന്നിഷ്ടത്തിന്റെ അനന്തരഫലം അനുഭവിച്ചശേഷം അല്ലാഹുവിന്റെ നിയമത്തിലേക്ക് മടങ്ങിയെത്തുകയാണ് പതിവ്. ഇസ്‌ലാം നന്മയാണെന്ന് പറഞ്ഞ ഒരു കാര്യത്തിലും ഇന്നുവരെ തിന്മ കണ്ടെത്താൻ ആർക്കും സാധിച്ചിട്ടില്ല. ഇസ്‌ലാം തിന്മയാണെന്ന് വിധി പറഞ്ഞതിൽ നന്മ കണ്ടെത്താനും കഴിഞ്ഞിട്ടില്ല.

**വളർന്നുവരുന്ന തലമുറക്ക് സ്വവർഗരതിയുടെ സാമൂഹികമായും ആരോഗ്യസംബന്ധമായുമുള്ള പ്രത്യാഘാതങ്ങൾ എന്തൊക്കെയാണെന്നും അതിന്റെ മതപരമായ വിധി എന്തെന്നും മനസ്സിലാക്കിക്കൊടുക്കേണ്ടതുണ്ട്. അതിനു ശ്രമിക്കാതെ പുതുതലമുറയെ മുഴുവൻ ധിക്കാരികളും തോന്ന്യാസികളുമായി ചിത്രീകരിക്കുന്നത് അവർ കൂടുതൽ നിഷേധികളാകാൻ മാത്രമെ സഹായകമാവുകയുള്ളൂ.**

സ്വവർഗരതിക്കെതിരെ ശക്തമായ താക്കീതാണ് ക്വുർആൻ നൽകുന്നത്. ലൂത്വ് നബി(അ)യുടെ ചരിത്രം പറയുമ്പോൾ സ്വവർഗരതി എത്രത്തോളം വെറുക്കപ്പെട്ടതാണെന്ന് ക്വുർആൻ വ്യക്തമാക്കുന്നുണ്ട്. ചില ക്വുർആൻ വചനങ്ങൾ കാണുക:



"നിങ്ങൾ ലോകരിൽനിന്ന് ആണുങ്ങളുടെ അടുക്കൽ ചെല്ലുകയാണോ? നിങ്ങളുടെ രക്ഷിതാവ് നിങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചുതന്നിട്ടുള്ള നിങ്ങളുടെ ഇണകളെ വിട്ടുകളയുകയുമാണോ? അല്ല, നിങ്ങൾ അതിക്രമകാരികളായ ഒരു ജനത തന്നെ" (26:165,166).

"നിങ്ങൾ കാമനിവൃത്തിക്കായി സ്ത്രീകളെ വിട്ട് പുരുഷൻമാരുടെ അടുക്കൽ ചെല്ലുകയാണോ? അല്ല, നിങ്ങൾ അവിവേകം കാണിക്കുന്ന ഒരു ജനതയാകുന്നു" (27:55).

"അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവേ, കുഴപ്പക്കാരായ ഈ ജനതക്കെതിരിൽ എന്നെ നീ സഹായിക്കണമേ..." (29:30).

സമൂഹത്തിന്റെ സാധാരണ നില തകർന്നാലുള്ള അവസ്ഥയെക്കുറിച്ച് വ്യക്തമായ ചിത്രം നൽകുവാൻ പര്യാപ്തമാണ് ഈ വചനങ്ങൾ. അക്രമകാരികളായ ജനത, അവിവേകം കാണിക്കുന്ന ജനത, അതിരു വിട്ട് പ്രവർത്തിക്കുന്ന ജനത, കുഴപ്പക്കാരായ ജനത, എന്നിങ്ങനെയാണ് ഈ വചനങ്ങളിൽ സ്വവർഗഭോഗികളായ ഭൂമിയിലെ ആദ്യ സമുദായത്തെ വിളിച്ചിരിക്കുന്നത്.

ലൂത്വ് നബി(അ)യുടെ സമുദായം ചെയ്തുകൊണ്ടിരുന്ന ലൈംഗിക വൈകൃതത്തെപ്പറ്റി പരാമർശിക്കുമ്പോൾ ക്വുർആൻ ശക്തമായ പ്രയോഗങ്ങളാണ് നടത്തുന്നത്:

"നാം അവരുടെമേൽ ഒരുതരം മഴവർഷിപ്പിക്കുകയും ചെയ്തു. അപ്പോൾ ആ കുറ്റവാളികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കുക" (7:84).

"ലൂത്വിനെയും (ദൂതനായി അയച്ചു). തന്റെ ജനതയോട് അദ്ദേഹം ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) തീർച്ചയായും നിങ്ങൾ നീചകൃത്യമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. നിങ്ങൾക്ക് മുമ്പ് ലോകരിൽ ഒരാളും അത് ചെയ്യുകയുണ്ടായിട്ടില്ല" (29:28).

"നിന്റെ ജീവിതം തന്നെയാണ് സത്യം. തീർച്ചയായും അവർ അവ



രുടെ ലഹരിയിൽ വിഹരിക്കുകയായിരുന്നു" (15:72).

സ്വവർഗരതിയിൽ ഏർപ്പെടുന്നവർ കുറ്റവാളികളാണെന്നും അവർ ചെയ്തുകൊണ്ടിരിക്കുന്നത് ലോകത്ത് അതുവരെ ഒരാളും ചെയ്തിട്ടില്ലാത്ത അതീവനികൃഷ്ടമായ കാര്യമാണെന്നും അതിലേർപ്പെട്ടവർ ഒരുതരം ലഹരിയിലാണെന്നും ഈ വചനങ്ങൾ വ്യക്തമാക്കുന്നു. അധർമത്തെ വിശേഷിപ്പിക്കാവുന്ന പ്രധാനപ്പെട്ട പദങ്ങളെല്ലാം ക്വുർആൻ സ്വവർഗരതിക്കെതിരെ പ്രയോഗിച്ചിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. പ്രകൃതിവിരുദ്ധവും മനുഷ്യത്വരഹിതവും കാമത്തിൽ മാത്രം കേന്ദ്രീകൃതവുമായ സ്വവർഗരതിയെ ഒരുനിലക്കും അംഗീകരിക്കാനാവില്ലെന്ന നിലപാടാണ് ഇസ്‌ലാമിന്റേത്.

**സ്വവർഗരതിയിൽ ഏർപ്പെടുന്നവർ കുറ്റവാളികളാണെന്നും അവർ ചെയ്തുകൊണ്ടിരിക്കുന്നത് ലോകത്ത് അതുവരെ ഒരാളും ചെയ്തിട്ടില്ലാത്ത അതീവനികൃഷ്ടമായ കാര്യമാണെന്നും അതിലേർപ്പെട്ടവർ ഒരുതരം ലഹരിയിലാണെന്നും ക്വുർആൻ വചനങ്ങൾ വ്യക്തമാക്കുന്നു. അധർമത്തെ വിശേഷിപ്പിക്കാവുന്ന പ്രധാനപ്പെട്ട പദങ്ങളെല്ലാം ക്വുർആൻ സ്വവർഗരതിക്കെതിരെ പ്രയോഗിച്ചിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. പ്രകൃതിവിരുദ്ധവും മനുഷ്യത്വരഹിതവും കാമത്തിൽ മാത്രം കേന്ദ്രീകൃതവുമായ സ്വവർഗരതിയെ ഒരുനിലക്കും അംഗീകരിക്കാനാവില്ലെന്ന നിലപാടാണ് ഇസ്‌ലാമിന്റേത്.**

മുഹമ്മദ് നബി(സ) ഇക്കാര്യം ഊന്നിപ്പറയുന്നുണ്ട്. സ്വവർഗരതി എത്രത്തോളം വലിയ തിന്മയാണെന്ന് വ്യക്തമാക്കുന്ന നിരവധി ഹദീസുകളുണ്ട്: ജാബിർ(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "ലൂത്വിന്റെ സമുദായം ചെയ്ത തിന്മയാണ് എന്റെ ജനതയിൽ ഞാൻ ഏറ്റവും കൂടുതൽ ഭയപ്പെടുന്നത്."

ഇബ്നു അബ്ബാസ്(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "ലൂത്വിന്റെ സമുദായം ചെയ്ത തിന്മ ചെയ്യുന്നവരെ അല്ലാഹു ശപിക്കട്ടെ, മൃഗഭോഗികളെയും അല്ലാഹു ശപിക്കട്ടെ (നബി ഇത് മൂന്നു പ്രാവശ്യം ആവർത്തിച്ചു)."

ഇബ്നു അബ്ബാസ്(റ) നിവേദനം, നബി(സ്വ) പറഞ്ഞു: "ലൂത്വിന്റെ ജനം ചെയ്ത തിന്മ ചെയ്യുന്നവരെ നിങ്ങൾ കണ്ടാൽ അത് ചെയ്തവരെയും അതിന് ഉപയോഗിച്ചവരെയും വധിച്ചു കളയുക" (ഇത് ഇസ് ലാമിക രാജ്യങ്ങളിലെ ഭരണാധികാരികൾക്ക് മാത്രം ബാധകമായ വിധിയാണ്).

മറ്റു ശിക്ഷാവിധികളെപ്പോലെ തന്നെ സ്വവർഗരതിക്കും തെറ്റുചെയ്യുന്നവർക്ക് ശിക്ഷ വിധിക്കുക മാത്രമല്ല ഇസ്‌ലാം ചെയ്യുന്നത്. തിന്മകൾ ചെയ്യാനുള്ള സാഹചര്യങ്ങൾ ഇല്ലായ്മ ചെയ്തതിന് ശേഷവും ഏതെങ്കിലും കുറ്റകൃത്യങ്ങളിൽ ആരെങ്കിലും അകപ്പെടുന്നു എങ്കിൽ അവർ സാമൂഹ്യവിരുദ്ധരും മാതൃകാപരമായ ശിക്ഷ അർഹിക്കുന്നവരുമാണ് എന്നതാണ് ഇസ്‌ലാമിന്റെ നിലപാട്.

അമേരിക്കയിൽ ആദ്യമായി എയ്ഡ്സ് നിരീക്ഷിക്കപ്പെടുന്നത് ലോസ് ആഞ്ചൽസിലെ അഞ്ച് സ്വവർഗരതിക്കാരിലായിരുന്നു. അമേരിക്കയിലെ സെന്റർ ഫോർ ഡിസീസ് കൺട്രോളിന്റെ (സിഡിസി) 2003ലെ കണക്കുപ്രകാരം എയ്ഡ്സ് ബാധിതരിൽ 63 ശതമാനത്തിനും സ്വവർഗസംഭോഗം വഴിയാണ് രോഗമുണ്ടായത് എന്ന് തെളിയിക്കുന്നു. 2008 ജനുവരി 15ൽ സാൻഫ്രാൻസിസ്കോ, ലോസ് ആഞ്ചൽസ്, ബോസ്റ്റൺ, ന്യൂയോർക്ക് തുടങ്ങിയ സ്ഥലങ്ങളിലെ സ്വവർഗപ്രണയികൾക്കിടയിൽ മാരകമായ ലൈംഗിക, ത്വക്ക് രോഗങ്ങൾ പടർന്നുപിടിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സിഫിലിസ് രോഗികളിൽ 65 ശതമാനവും സ്വവർഗഭോഗികൾക്കിടയിലാണ് എന്നാണ് റിപ്പോർട്ട്. 1976 മുതൽ തന്നെ സ്വവർഗ ഭോഗികളിൽ വ്യാപകമായിരുന്ന ലൈംഗിക രോഗങ്ങളെപ്പറ്റിയുള്ള മുന്നറിയിപ്പുകൾ ലോകാരോഗ്യ വേദികൾ താക്കീതായി നൽകിയിട്ടുണ്ട്. ഗൊണോറിയ, ലിംഫോഗ്രാനുലോമ വെനേറിയം, വിവിധ ലൈംഗിക ക്യാൻസറുകൾ, ഫിഗിലോസിസ് തുടങ്ങിയ രോഗങ്ങളും വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

സ്വവർഗരതി സാർവത്രികമായാൽ മനുഷ്യവംശംതന്നെ കുറ്റിയറ്റുപോകുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. സാമൂഹികമായ അനവധി പ്രശ്നങ്ങൾ വിളിച്ചുവരുത്തുന്നതാണ് സ്വവർഗാനുരാഗം. അതിനാൽ നൈമിഷികമായ ഒരു ഹരത്തിനുപുറത്ത് ഇത്തരം കെണികളിൽ അകപ്പെടുന്നവർ ഗൗരവമായ പുനരാലോചനക്ക് തയ്യാറാവേണ്ടതാണ്. ■






# പ്രവാചകന്റെ വിവാഹങ്ങൾ

ഹുസൈൻ സലഫി
: +971 50 634 6963

സയ്ദി(റ)ന് നബി(സ്വ) സയ്നബ് ബിൻത് ജഹ്ഷി(റ)നെ വിവാഹം ചെയ്തുകൊടുത്തു. അതിന്റെ പിന്നിൽ നബി(സ്വ)ക്ക് വലിയ ലക്ഷ്യമുണ്ടായിരുന്നു. ജാഹിലിയ്യാകാലത്ത് കുടുംബത്തിന്റെയും തറവാടിന്റെയും പേരിൽ വലിയ താൻപോരിമയും ഗോത്രമഹിമ പറയലും ഉണ്ടായിരുന്നു. ഒരു ഗോത്രക്കാർ താമസിക്കുന്നിടത്ത് മറ്റൊരു ഗോത്രക്കാർ താമസിക്കില്ല, ഒരു സദസ്സിൽ പങ്കെടുക്കില്ല, അന്യഗോത്രത്തിൽനിന്ന് വിവാഹബന്ധം നടത്തില്ല...ഇതെല്ലാമായിരുന്നു അക്കാലത്തെ അറബികളുടെ പ്രകൃതം! ഈ പ്രവണത പിഴുതെറിയലായിരുന്നു പ്രധാനലക്ഷ്യം. ക്വുറയ്ശ് ഗോത്രത്തിൽപെട്ട കുലീനയായ സയ്നബിനെ തന്റെ വളർത്തുപുത്രനായ ഒരു അടിമക്കാണ് നബി (സ്വ) വിവാഹം ചെയ്തുകൊടുക്കുന്നത്.

വിവാഹത്തിനായി നബി(സ്വ) സയ്നബി(റ)നോട് അന്വേഷിച്ചു. അവർക്കും സഹോദരൻ അബ്ദുല്ലക്കും അത് ആദ്യഘട്ടത്തിൽ ഇഷ്ടമായില്ല. അവർ ഈ വിവാഹത്തോട് എതിർപ്പ് പ്രകടിപ്പിച്ചു. സമൂഹത്തിലെ ഈ ഉച്ചനീചത്വം ഇല്ലാതാക്കാൻ ഈ വിവാഹം നബി(സ്വ) തീരുമാനിച്ചതായിരുന്നു. നബി(സ്വ)യുടെ തീരുമാനത്തോട് അനുസരണക്കേട് കാണിക്കാൻ പാടില്ലെന്ന വചനമിറങ്ങിയപ്പോൾ അവർ അതിന് സമ്മതം നൽകി.

“അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്നപക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചുപോയിരിക്കുന്നു” (ക്വുർആൻ 33:36).

ഈ ബന്ധം മുന്നോട്ടുപോകുന്നതിൽ വിഷമമുണ്ടെന്ന് അന്നേ നബി(സ്വ)യോട് സയ്ദ്(റ) പറഞ്ഞിരുന്നു. കാരണം, സയ്നബ്(റ) ഉന്നതകുലജാതയാണ്. സയ്ദ്(റ) ഒരു വളർത്തുപുത്രനും. സയ്നബി(റ)നും ആ വിവാഹത്തോട് വലിയ താൽപര്യമുണ്ടായിരുന്നില്ല. നബി(സ്വ) അവരോട് നിർദേശിച്ചപ്പോൾ അവർ ഇരുവരും അതിന് സമ്മതിക്കുകയായിരുന്നു. നബി(സ്വ)യുടെ താൽപര്യത്തോടും ഇഷ്ടത്തോടും എതിരുനിൽക്കാവതല്ലല്ലോ. ആ വിവാഹബന്ധം മുന്നോട്ടു കൊണ്ടുപോകാൻ ഇരുവർക്കും സാധിച്ചില്ല. ഇരുവർക്കുമിടയിൽ സ്വരച്ചേർച്ചയില്ലാതായി. അസ്വാരസ്യങ്ങൾ ഉടലെടുത്തുതുടങ്ങി. സയ്ദ്(റ)

നബി(സ്വ)യെ സമീപിച്ചു പറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ, സയ്നബുമായുള്ള ബന്ധം മുന്നോട്ടു കൊണ്ടുപോകാൻ പ്രയാസമുണ്ട്. അതിനാൽ ഞാൻ അവരെ ത്വലാക്വ് (വിവാഹ മോചനം) നടത്തിയാലോ?' നബി(സ്വ) സമ്മതിച്ചില്ല. സയ്നബിനെ കൂടെ പിടിച്ചുനിർത്താൻ നബി(സ്വ) കൽപിച്ചു.

നബി(സ്വ)യുടെ ആഗ്രഹം സയ്ദും സയ്നബും ഒരുമിച്ചു ജീവിക്കണമെന്നായിരുന്നു. എന്നാൽ അല്ലാഹുവിന്റെ തീരുമാനം മറ്റൊന്നായിരുന്നു. സയ്ദ്(റ) സയ്നബി(റ)നെ വിവാഹമോചനം ചെയ്തു. അതിലൂടെ ജാഹിലിയ്യാകാലം മുതൽ അറബികളിൽ നിലനിന്നിരുന്ന ഒരു സമ്പ്രദായത്തെ ഇല്ലാതെയാക്കി. അഥവാ, ജാഹിലിയ്യാകാലത്ത് അറബികൾ വളർത്തുപുത്രനെ സ്വന്തം മകനെപ്പോലെയാണ് എല്ലാ കാര്യങ്ങ ലും കണ്ടിരുന്നത്. വളർത്തുപുത്രനെ വളർത്തുന്ന പിതാവിലേക്കു വരെ പേരു ചേർത്തി വിളിക്കുമായിരുന്നു അവർ. അതുപ്രകാരം അവർ സയ്ദ് ഇബ്നു മുഹമ്മദ് എന്നാണ് വിളിച്ചിരുന്നത്. എന്നാൽ ക്വുർആൻ ഒരു നിയമം ഇറക്കി ഈ സമ്പ്രദായത്തെ നിരോധിച്ചു. അല്ലാഹു ക്വുർആനിലൂടെ പ്രഖ്യാപിച്ചു:

"മുഹമ്മദ് നിങ്ങളിൽ ഒരാളുടെയും പിതാവല്ല." ഈ പ്രഖ്യാപനം വന്നതോടെ നബി(സ്വ)യിലേക്ക് ചേർത്ത് സയ്ദി(റ)നെ വിളിക്കുന്നത് വിരോധിച്ചു. ദത്തുപുത്രനെ സ്വന്തം പുത്രനായി കണക്കാക്കാൻ പാടില്ല എന്നത് ഇതിലൂടെ അറിയിച്ചു. അവർക്ക് അനന്തരാവകാശമോ മറ്റു നിയമങ്ങളോ ഒന്നുംതന്നെ പാടില്ല. ദത്തുപുത്രൻ അന്യൻതന്നെയാണ്. സ്വന്തം മക്കളുടെ പദവിയോ സ്ഥാനമോ അവർക്കില്ല. അവരെ അവരുടെ പിതാക്കളിലേക്ക് ചേർത്തിയേ വിളിക്കാവൂ എന്നും കൽപനയുണ്ടായി.

"നിങ്ങൾ അവരെ (ദത്തുപുത്രൻമാരെ) അവരുടെ പിതാക്കളിലേക്ക് ചേർത്തുവിളിക്കുക. അതാണ് അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും നീതിപൂർവകമായിട്ടുള്ളത്. ഇനി അവരുടെ പിതാക്കളെ നിങ്ങൾ അറിയില്ലെങ്കിൽ അവർ മതത്തിൽ നിങ്ങളുടെ സഹോദരങ്ങളും മിത്രങ്ങളുമാകുന്നു. അബദ്ധവശാൽ നിങ്ങൾ ചെയ്തു പോയതിൽ നിങ്ങൾക്ക് കുറ്റമില്ല. പക്ഷേ, നിങ്ങളുടെ ഹൃദയങ്ങൾ അറിഞ്ഞുകൊണ്ടു ചെയ്തത് (കുറ്റകരമാകുന്നു). അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (ക്വുർആൻ 33:5).

സയ്ദി(റ)നെ നബി(സ്വ)യുടെ സ്വന്തം പുത്രനായും അദ്ദേഹത്തിന്റെ ഭാര്യയായ സയ്നബി(റ)നെ മകളുടെ സ്ഥാനത്തായും കണ്ടിരുന്ന രീതിയെ ഇസ്‌ലാം വിരോധിക്കുകയായിരുന്നു. ദത്തുപുത്രൻ ഒരു സ്ത്രീയെ വിവാഹം ചെയ്താൽ ആ സ്ത്രീ ദത്തുപുത്രനെ വളർത്തുന്നയാൾക്ക് അന്യസ്ത്രീ തന്നെയായിരിക്കും. അതിനാൽ ദത്തുപുത്രൻ തന്റെ ഭാര്യയെ വിവാഹമോചനം ചെയ്താൽ ദത്തുപുത്രനെ വളർത്തുന്നയാൾക്ക് ആ സ്ത്രീയെ വിവാഹം കഴിക്കുന്നതിന് ഇസ്‌ലാം അനുവാദം നൽകുന്നു. അതിനെ ഒരിക്കലും സ്വന്തം പുത്രിയെ വിവാഹം കഴിക്കുന്ന ഗണത്തിൽ ഉൾപ്പെടുത്താവതല്ല.

സയ്നബി(റ)നെ സയ്ദ്(റ) ത്വലാക്വ് ചെയ്തപ്പോൾ അല്ലാഹു നബി(സ്വ)ക്ക് സയ്നബി(റ)നെ വിവാഹം ചെയ്തുകൊടുത്തു. ഈ വിവാഹത്തിൽ വലിയ്യൊന്നുമില്ല. അല്ലാഹു നേരിട്ട് നടത്തിയ വിവാഹമായിരുന്നു അത്. അതിനാൽതന്നെ സയ്നബ്(റ) മറ്റു ഭാര്യമാരുടെ കൂട്ടത്തിൽവെച്ച് ഇങ്ങനെ അഭിമാനം പറയാറുണ്ടായിരുന്നു: 'നിങ്ങളുടെയെല്ലാവരുടെയും വിവാഹം ഭൂമിയിൽവെച്ചാണ് നടന്നതെങ്കിൽ എന്റെ വിവാഹം അല്ലാഹു നേരിട്ട് ആകാശത്തുവെച്ചാണ് നടത്തിയിട്ടുള്ളത്.' ദത്തുപുത്രൻ തന്റെ ഭാര്യയെ വിവാഹമോചനം നടത്തിയാൽ അവന്റെ ഭാര്യയെ വിവാഹം കഴിക്കുന്നതിൽ യാതൊരു കുറ്റവുമില്ലെന്ന് ഇതിലൂടെ ലോകരെ പഠിപ്പിച്ചു.

**സയ്ദി(റ)നെ നബി(സ്വ) യുടെ സ്വന്തം പുത്രനായും അദ്ദേഹത്തിന്റെ ഭാര്യയായ സയ്നബി(റ)നെ മകളുടെ സ്ഥാനത്തായും കണ്ടിരുന്ന രീതിയെ ഇസ്‌ലാം വിരോധിക്കുകയായിരുന്നു. ദത്തുപുത്രൻ ഒരു സ്ത്രീയെ വിവാഹം ചെയ്താൽ ആ സ്ത്രീ ദത്തുപുത്രനെ വളർത്തുന്നയാൾക്ക് അന്യസ്ത്രീ തന്നെയായിരിക്കും. അതിനാൽ ദത്തുപുത്രൻ തന്റെ ഭാര്യയെ വിവാഹമോചനം ചെയ്താൽ ദത്തുപുത്രനെ വളർത്തുന്നയാൾക്ക് ആ സ്ത്രീയെ വിവാഹം കഴിക്കുന്നതിന് ഇസ്‌ലാം അനുവാദം നൽകുന്നു. അതിനെ ഒരിക്കലും സ്വന്തം പുത്രിയെ വിവാഹം കഴിക്കുന്ന ഗണത്തിൽ ഉൾപ്പെടുത്താവതല്ല.**

ഹിജ്റ അഞ്ചാം വർഷത്തിലാണ് ഈ വിവാഹം നടക്കുന്നത്.

നബി(സ്വ)യുടെ മറ്റു ഭാര്യമാരിൽനിന്നും സയ്നബി(റ)നു മാത്രം അവകാശപ്പെടാവുന്ന മറ്റു ചില കാര്യങ്ങളുമുണ്ടായിരുന്നു. ഇരുവരുടെയും പിതാമഹൻ ഒന്നാണ്. ഈ വിവാഹത്തിന് ദൂതനായി അല്ലാഹു നിശ്ചയിച്ചത് ജിബ്‌രീലിനെയായിരുന്നു.

ഈ വിവാഹവുമായി ബന്ധപ്പെട്ടാണ് ഹിജാബിന്റെ ആയത്തും ഇറങ്ങിയത്. സാധാരണ നമ്മുടെ നാടുകളിലെ മുസ്‌ലിയാക്കൾ സ്ത്രീകൾക്ക് പള്ളിയിലേക്ക് പോകൽ ഹറാമാണെന്നും ഹിജാബിന്റെ ആയത്ത് ഇറങ്ങിയതിനുശേഷം സ്വഹാബാവനിതകൾ പള്ളിയിലേക്ക് പോയിട്ടില്ലെന്നുമെല്ലാം പറയുന്നത് കേട്ട് 'ഹിജാബിന്റെ ആയത്ത്' എന്ന പ്രയോഗം നമുക്കിടയിൽ സുപരിചിതമാണ്. എന്നാൽ ഇക്കൂട്ടർ പറയുന്നതുപോലെ ഹിജാബിന്റെ ആയത്തും സ്ത്രീകൾ പള്ളിയിലേക്ക് പോകലും തമ്മിൽ യാതൊരു ബന്ധവുമില്ല. 'ഹിജാബ്' എന്നു പറഞ്ഞാൽ 'മറ' എന്നാണ് അർഥം. പർദ എന്നത് ഉർദു പദമാണ്. അഥവാ സ്ത്രീകളുടെ ഔറത്ത് (നഗ്നത) മറക്കുന്നതുമായി ബന്ധപ്പെട്ട വിധിയാണ് ഇതിലൂടെ നിയമമാക്കപ്പെട്ടത്.

നബി(സ്വ)യും സയ്നബും(റ) തമ്മിൽ വിവാഹം നടന്ന്, വീടുകൂടിയതിന്റെ പ്രഭാതത്തിലാണ് ഈ വചനങ്ങൾ ഇറങ്ങിയത്.

നബി(സ്വ)യുടെ ഭാര്യമാരുടെ സമീപത്ത് പലപ്പോഴും നല്ല മനസ്സുള്ളവരും അല്ലാത്തവരും ചെല്ലും. ഇത് ഉമറി(റ)ന്റെ മനസ്സിൽ വല്ലാത്ത പ്രയാസം സൃഷ്ടിച്ചു. അപ്പോൾ ഉമർ(റ) ഈ കാര്യം പറഞ്ഞ് ഭാര്യമാരോട് പർദ അണിയാൻ കൽപിക്കാനായി നിർദേശിക്കും. അല്ലാഹുവിന്റെ അടുക്കൽനിന്നുള്ള കൽപനവരാത്തതിനാൽ നബി(സ്വ) അത് ഗൗനിച്ചിരുന്നില്ല.

ഈ വിവാഹം നടന്നശേഷം അതിന്റെ വലീമ (വിവാഹ സദ്യ)

**സാധാരണ നമ്മുടെ നാടുകളിലെ മുസ്‌ലിയാക്കൾ സ്ത്രീകൾക്ക് പള്ളിയിലേക്ക് പോകൽ ഹറാമാണെന്നും ഹിജാബിന്റെ ആയത്ത് ഇറങ്ങിയതിനുശേഷം സ്വഹാബാവനിതകൾ പള്ളിയിലേക്ക് പോയിട്ടില്ലെന്നുമെല്ലാം പറയുന്നത് കേട്ട് 'ഹിജാബിന്റെ ആയത്ത്' എന്ന പ്രയോഗം നമുക്കിടയിൽ സുപരിചിതമാണ്. എന്നാൽ ഇക്കൂട്ടർ പറയുന്നതുപോലെ ഹിജാബിന്റെ ആയത്തും സ്ത്രീകൾ പള്ളിയിലേക്ക് പോകലും തമ്മിൽ യാതൊരു ബന്ധവുമില്ല. 'ഹിജാബ്' എന്നു പറഞ്ഞാൽ 'മറ' എന്നാണ് അർഥം. പർദ എന്നത് ഉർദു പദമാണ്. അഥവാ സ്ത്രീകളുടെ ഔറത്ത് (നഗ്നത) മറക്കുന്നതുമായി ബന്ധപ്പെട്ട വിധിയാണ് ഇതിലൂടെ നിയമമാക്കപ്പെട്ടത്.**

നടത്തി. നബി(സ്വ)യുടെ വീട്ടിലെ വേലക്കാരനായ അനസി(റ)ന്റെ മാതാവ് ഉമ്മു സുലൈം ഗോതമ്പുകൊണ്ട് പായസവും അലീസയുമെല്ലാം ഉണ്ടാക്കി മകൻ അനസി(റ)ന്റെ പക്കൽ നബി(സ്വ)യുടെ വീട്ടിലേക്ക് കൊടുത്തയച്ചു. അവർ മകനോട് പറഞ്ഞു: 'മോനേ, നബിയോട് എന്റെ സലാം പറയണം. ഭക്ഷണം അൽപമേയുള്ളൂ എന്നും പറഞ്ഞേക്കണം.' അങ്ങനെ അനസ്(റ) ഇതുമായി നബി(സ്വ)യെ സമീപിച്ചു. അനസി(റ)നെ സദ്യയിലേക്ക് ആളുകളെ ക്ഷണിക്കാൻ ഏൽപിച്ചു. ആളുകൾ വന്നു. അൽപം ആഹാരം മാത്രമെ ഉണ്ടായിരുന്നുള്ളൂവെങ്കിലും എല്ലാവരും സുഭിക്ഷമായി അത് കഴിച്ചു. അത് നബിയുടെ ഒരു മുഅ്ജിസതായിരുന്നു. ജനങ്ങൾ കഴിക്കുന്നതിന് മുമ്പ് നബി(സ്വ) അല്ലാഹു ഉദ്ദേശിച്ചതെല്ലാം പ്രാർഥിച്ചിരുന്നു. അങ്ങനെ ആ ഭക്ഷണം അധികരിക്കുകയാണ് ഉണ്ടായത്. മുന്നൂറിൽപരം ആളുകൾ ആ വിവാഹ സൽക്കാരത്തിൽ പങ്കാളികളായി എന്ന് അനസ്(റ) പറയുന്നത് നമുക്ക് കാണാം.

ഭക്ഷണം കഴിച്ചു കഴിഞ്ഞിട്ടും ആളുകൾ പിരിയുന്നില്ല. അവർ നബി(സ്വ)യുടെ വീട്ടിൽ ഇരുന്ന് സംസാരത്തിൽ മുഴുകി. ആളുകൾ ഒഴിവാകാൻ വേണ്ടി നബി(സ്വ) എഴുന്നേറ്റു. അപ്പോൾ കുറച്ചാളുകൾ കാര്യം മനസ്സിലാക്കി എഴുന്നേറ്റുപോയി. ഏതാനും ചിലർ അവിടെത്തന്നെ ഇരിപ്പുറപ്പിച്ചു. നബി(സ്വ) സയ്നബി(റ)ന്റെ അടുത്ത് പ്രവേശിക്കാൻ ഒരുങ്ങുമ്പോൾ ആളുകൾ അവിടെയിരുന്ന് സംസാരത്തിൽ തന്നെയാണ്. വീണ്ടും നബി(സ്വ) അവിടെനിന്നും പോയപ്പോൾ അവർ ഒഴിവായി. അനസ്(റ) നബി(സ്വ)യെ ആളുകൾ ഒഴിവായ വിവരം അറിയിച്ചു. അങ്ങനെ നബി(സ്വ) സയ്നബി(റ)ന്റെ അടുത്തേക്ക് പ്രവേശിക്കാൻ ഒരുങ്ങിയപ്പോൾ വേലക്കാരനായ അനസ്(റ) നബി(സ്വ)യുടെ കൂടെ കയറി. അപ്പോൾ നബി(സ്വ)ക്കും



അദ്ദേഹത്തിനും ഇടയിൽ ഒരു മറയിടപ്പെട്ടു. ഹിജാബിന്റെ നിയമം ഇറങ്ങി.

മതനിഷ്ഠയുള്ള, സ്വന്തം അധ്വാനത്തിലൂടെ ഉപജീവനമാർഗം കണ്ടെത്തിയിരുന്ന, ലഭിക്കുന്ന സമ്പാദ്യം ധർമം ചെയ്തിരുന്ന മഹതിയായിരുന്നു സയ്നബ്(റ). ആഇശ(റ) സയ്നബി(റ)ന്റെ സ്വഭാവ മഹിമകൾ എടുത്തുപറയാറുണ്ടായിരുന്നതായി നമുക്ക് കാണാം.

നബി(സ്വ)യുടെ വഫാതിനുശേഷം ആദ്യമായി മരണപ്പെട്ട അവിടുത്തെ പത്നി സയ്നബായിരുന്നു. അവരുടെ മരണത്തെ സംബന്ധിച്ച് നബി(സ്വ) സൂചന നൽകിയതായി നമുക്ക് കാണാൻ സാധിക്കും. ഹിജ്റ 9ൽ ആയിരുന്നു മഹതിയുടെ വിയോഗം. അന്ന് അവരുടെ പ്രായം 53 വയസ്സായിരുന്നു. അവരുടെ ജനാസ നസ്കാരത്തിന് ഖലീഫ ഉമർ(റ) ആയിരുന്നു നേതൃത്വം നൽകിയിരുന്നത്. ബഖീഇലാണ് അവരെ ഖബ്റടക്കിയത്.

### ജുവയ്രിയത് ബിൻത് ഹാരിഥ് (റ)

നബി(സ്വ)യുടെ ജീവിതത്തിലേക്ക് പിന്നീട് കടന്നുവന്ന മഹതിയായിരുന്നു ജുവയ്രിയ(റ). ഹിജ്റ അഞ്ചാം വർഷത്തിലായിരുന്നു ഈ വിവാഹം നടന്നത്. ബനൂമുസ്ത്വലക് ഗോത്ര നേതാവും പ്രമാണിയുമായ ഹാരിഥിന്റെ കീഴിലായിരുന്നു അവര് ജീവിച്ചിരുന്നത്. മദീനയോട് ചേർന്ന് ജീവിച്ചിരുന്ന ഗോത്രക്കാരായിരുന്നു ബനൂമുസ്ത്വലക്. ഇസ്ലാമിന്റെ ബദ്ധവൈരികളായിരുന്നു ഈ കുടുംബം. ഇസ്ലാമിനെ നശിപ്പിക്കാൻ ആവുന്നതെല്ലാം പരീക്ഷിക്കുകയും പ്രവർത്തിക്കുകയും ചെയ്തായിരുന്നു അവർ അവിടെ താമസിച്ചിരുന്നത്. നബി(സ്വ)യോട് ശത്രുതയുള്ള സർവഗോത്രക്കാരെയും വിഭാഗക്കാരെയും സംഘടിപ്പിക്കാൻ അവർ തീരുമാനിച്ചു. ഈ ഗോത്രത്തിലാണ് ജുവയ്രിയ(റ) താമസിച്ചിരുന്നത്. ബനൂമുസ്ത്വലക് യുദ്ധം വിവരിച്ചപ്പോൾ ഈ വിവാഹത്തെ സംബന്ധിച്ച് പറഞ്ഞിട്ടുള്ളതിനാൽ ഇവിടെ അധികം വിശദീകരിക്കുന്നില്ല. ഹിജ്റ അഞ്ചാം വർഷത്തിൽ അവരെ നേരിടാനായി നബി(സ്വ) സ്വഹാബിമാരെയും കൂട്ടി അവിടേക്ക് പുറപ്പെട്ടു.



ബനൂമുസ്ത്വലക് യുദ്ധത്തിൽ ശത്രുക്കൾക്ക് പരാജയം സംഭവിച്ചത് വായനക്കാർ ഓർക്കുന്നുണ്ടാകും. യുദ്ധത്തിൽ പരാജയമുണ്ടായപ്പോൾ ജുവയ്രിയ(റ) ബന്ധിയായി പിടിക്കപ്പെട്ടു. ബന്ധികളെ വീതിക്കപ്പെട്ടപ്പോൾ ഥാബിതി(റ)വിന്റെ അടുത്താണ് അവർ ചെന്നെത്തിയത്.

യുദ്ധത്തിൽ ബന്ധിയായി പിടിക്കപ്പെടുന്നവർ അടിമകളായി നിലനിൽക്കും. ആ അടിമക്ക് പിന്നീട് മോചനം ലഭിക്കണമെങ്കിൽ മോചനമൂല്യം നൽകാൻ സാധിക്കേണ്ടതുണ്ട്. ജുവയ്രിയയെ മോചിപ്പിക്കാൻ ഥാബിത്(റ) വലിയ മൂല്യം ആവശ്യപ്പെട്ടു. അല്ലാഹു അവരുടെ മനസ്സിൽ തോന്നിപ്പിച്ചതാകാം. അവർ മോചനമൂല്യത്തിന് സഹായത്തിനായി നബി(സ്വ)യെ സമീപിച്ചു. അടിമത്വത്തിൽനിന്നും തനിക്ക് മോചനം വേണമെന്ന് അവർ വളരെ വിനയത്തോടെ ആവശ്യപ്പെട്ടു: "വലിയ തുകയാണ് അതിന് എന്നോട് ആവശ്യപ്പെടുന്നത്. അത് നൽകാൻ എന്റെ പക്കൽ ഇല്ല. എന്നെ സഹായിച്ചാലും. പിന്നീട് ഞാൻ അങ്ങേക്ക് അത് നൽകി വീട്ടിക്കൊള്ളാം." അവരുടെ കഷ്ടത കണ്ട നബി(സ്വ)യുടെ മനസ്സലിഞ്ഞു. അങ്ങനെ അവരെ നബി(സ്വ) സ്വതന്ത്രയാക്കി. പിന്നീട് അവരെ വിവാഹം കഴിക്കുകയും ചെയ്തു.

നബി(സ്വ) വിവാഹം ചെയ്യുന്നതിന് മുമ്പ് അവരുടെ പേര് ബർറ എന്നായിരുന്നു. നബി(സ്വ) അത് മാറ്റി ജുവയ്രിയ എന്നാക്കി. സയ്നബി(റ)നും ഇതേ പേര് ഉണ്ടായതായി നാം മനസ്സിലാക്കിയല്ലോ.

ഈ വിവാഹത്തിലൂടെ ഇസ്ലാമിനും മുസ്ലിംകൾക്കും വമ്പിച്ച നേട്ടമാണ് ഉണ്ടായത്. ബനൂമുസ്ത്വലക് ഗോത്രക്കാർ നബി(സ്വ)യുടെ ബന്ധുക്കളായി മാറി. നബി(സ്വ)നോട് ശത്രുതയിലും കുടിപ്പകയിലും കഴിഞ്ഞിരുന്ന അവരി

**നബി(സ്വ) വിവാഹം ചെയ്ത ഒരാളുടെ കുടുംബത്തെ ഇവിടെ ബന്ധികളാക്കി നിർത്തുന്നത് നബി(സ്വ)നോട് ചെയ്യുന്ന അനാദരവാണെന്ന് സ്വഹാബിമാരും മനസ്സിലാക്കി. അങ്ങനെ മുഴുവൻ ബന്ധികളെയും സ്വഹാബിമാർ സൗജന്യമായി മോചിപ്പിക്കുകയും ചെയ്തു. അതിന്റെ കൂറും നന്ദിയും ആഹ്ളാദവും പ്രകടിപ്പിച്ചുകൊണ്ട് ബനൂമുസ്ത്വലക് ഗോത്രം ഒന്നടങ്കം ഇസ്ലാമിലേക്ക് പ്രവേശിക്കുകയുണ്ടായി. അവരുടെ ഇസ്ലാം സ്വീകരണം ലക്ഷ്യം വെച്ചാകാം നബി(സ്വ) ജുവയ്രിയ(റ)യെ വിവാഹം ചെയ്തത്.**

ലെ ഒരു പെണ്ണ് നബി(സ്വ)യുടെ ഭാര്യയായി മാറിയതിൽ അവർക്കിടയിൽ വലിയ ചർച്ചയായി.

നബി(സ്വ) വിവാഹം ചെയ്ത ഒരാളുടെ കുടുംബത്തെ ഇവിടെ ബന്ധികളാക്കി നിർത്തുന്നത് നബി(സ്വ)നോട് ചെയ്യുന്ന അനാദരവാണെന്ന് സ്വഹാബിമാരും മനസ്സിലാക്കി. അങ്ങനെ മുഴുവൻ ബന്ധികളെയും സ്വഹാബിമാർ സൗജന്യമായി മോചിപ്പിക്കുകയും ചെയ്തു. അതിന്റെ കൂറും നന്ദിയും ആഹ്ളാദവും പ്രകടിപ്പിച്ചുകൊണ്ട് ബനൂമുസ്ത്വലക് ഗോത്രം ഒന്നടങ്കം ഇസ്‌ലാമിലേക്ക് പ്രവേശിക്കുകയുണ്ടായി. അവരുടെ ഇസ്‌ലാം സ്വീകരണം ലക്ഷ്യം വെച്ചാകാം നബി (സ്വ) ജുവയ്‌രിയ(റ)യെ വിവാഹം ചെയ്തത്.

ഒരു സ്ത്രീ കാരണത്താൽ അവളുടെ കുടുംബത്തിന് ഇത്ര വലിയ ബറകത്ത് ലഭിച്ച മറ്റൊരു പെണ്ണിനെ പറ്റി എനിക്ക് അറിയില്ല എന്ന് ആഇശ(റ) അവരുടെ മഹിമയായി പറയാറുണ്ടായിരുന്നു.

നബി(സ്വ)യിലേക്ക് വന്നശേഷം വളരെ പക്വമായ ജീവിതമാണ് മഹതി നയിച്ചത്. ദിക്റുകളും ദുആകളുമായി കഴിഞ്ഞുകൂടലായിരുന്നു മഹതിക്ക് ഏറ്റവും കൂടുതൽ പ്രിയം.

ഹിജ്റഃ 50ലാണോ 56ലാണോ അവരുടെ മരണം നടന്നത് എന്നതിൽ ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. ബഖീഇലാണ് അവരെ മറവുചെയ്തിട്ടുള്ളത്. അന്ന് ഭരിച്ചിരുന്ന മർവാൻ ഇബ്നു അബ്ദിൽമലികാണ് നമസ്കാരത്തിന് നേതൃത്വം നൽകിയത്.

**ഉമ്മു ഹബീബ റംല ബിൻത് അബീസുഫ്‌യാൻ(റ)**

അബൂസുഫ്‌യാനി(റ)ന്റെ മകളാണ് റംല(റ). അവർക്ക് ഹബീബ എന്ന ഒരു കുട്ടിയുണ്ടായിരുന്നു. ആ കുട്ടിയിലേക്ക് ചേർത്താണ് അവർ ഉമ്മു ഹബീബ എന്ന് വിളിക്കപ്പെട്ടത്.

അബൂസുഫ്‌യാൻ ഇസ്‌ലാം സ്വീകരിക്കുന്നതിന് മുമ്പ് നബി (സ്വ)യോട് കടുത്ത ശത്രുതയിലായിരുന്നല്ലോ. എന്നാൽ നബി (സ്വ) മക്കയിൽ ഇസ്‌ലാം പ്രബോധനം ചെയ്യുന്നത് മഹതി റംല കേൾക്കുകയുണ്ടായി. നബി(സ്വ) പറയുന്നത് സത്യമാണെന്ന് മഹതിക്ക് ബോധ്യമായി. അങ്ങനെ അവർ നബി(സ്വ)യിൽ വിശ്വസിച്ചു. അവരുടെ ഇസ്‌ലാം സ്വീകരണം മക്കയിൽ ശത്രുക്കളുടെ ക്രൂരത അഴിഞ്ഞാടിയിരുന്ന ആദ്യ കാലത്തായിരുന്നു. ശത്രുക്കളുടെ നേതാവായ പിതാവ് തന്റെ ഇസ്‌ലാം സ്വീകരണം അറിഞ്ഞാൽ സ്വീകരിക്കുന്ന നടപടികൾ എന്തായിരിക്കുമെന്ന് മഹതിക്ക് ഉത്തമബോധ്യമുണ്ടായിരുന്നു. എന്നിട്ടും ധീരയായ ആ വനിത സത്യം സ്വീകരിക്കുന്നതിൽ ഒട്ടും അമാന്തം കാണിച്ചില്ല.

റംല(റ)യുടെ ഭർത്താവ് ഉബയ്ദുല്ലാഹ് ഇബ്നു ജഹ്ഷ് ആയിരുന്നു. അദ്ദേഹവും നബി(സ്വ)യുടെ പ്രബോധനത്തിൽ ആകൃഷ്ടനാകുകയും വിശ്വസിക്കുകയും ചെയ്തിരുന്നു. പിതാവ് ഇരുവരെയും ആവുംവിധം പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും റംല(റ) ധീരമായ നിലപാടിൽ ഉറച്ചുനിന്നു. അബൂസുഫ്‌യാനെ പോലെയുള്ള മുശ്‌രിക്കിന് ശത്രുവായ മുഹമ്മദിന്റെ കൂടെ സ്വന്തം മകളും മരുമകനും ചേർന്നു എന്നത് അങ്ങേയറ്റം ദേഷ്യമുണ്ടാക്കുന്ന കാര്യം തന്നെയാണല്ലോ. അപ്പോൾ അദ്ദേഹം മകളെയും മരുമകനെയും കൈവെടിഞ്ഞ് തന്റെ അഭിമാനം സംരക്ഷിക്കാൻ ശ്രമിച്ചു. അപ്പോഴും മകളുടെ ഹൃദയം കുലുങ്ങിയില്ല. അവർ ഉറച്ചുനിന്നു.

പിതാവ് ഒഴിവാക്കിയവർ എന്ന നിലക്ക് ശത്രുക്കൾ അവസരം മുതലെടുത്തു. കടുത്ത പീഡനങ്ങൾക്ക് ഇരയാക്കി. അങ്ങനെ മക്കയിൽ മർദനം കടുത്തപ്പോൾ മഹതി ഭർത്താവിന്റെ കൂടെ എത്യോപ്യയിലേക്ക് ഹിജ്റ പോയി. മുസ്‌ലിംകളെ അവിടെയും സ്വസ്ഥമായി നിൽക്കാൻ മക്കക്കാർ സമ്മതിച്ചില്ല. അങ്ങനെ അവിടത്തെ രാജാവുമായി അവർ ബന്ധപ്പെട്ടു. അന്ന് അവിടെ ഭരണം നടത്തിയിരുന്നത് നജ്ജാശി (നേഗസ്) എന്ന ക്രിസ്ത്യൻ രാജാവായിരുന്നു. അയാളെ മക്കയിലെ പ്രമാണിമാർ കാണാൻ തീരുമാനിച്ചു. 'മുഹമ്മദിന്റെ ആളുകൾ നാട്ടിൽ കുഴപ്പമുണ്ടാക്കുന്നവരാണ്, ബാപ്പകാരണവന്മാർ കാണിച്ചുതന്ന മാർഗത്തെ ചോദ്യം ചെയ്ത് പുത്തൻ ആശയവുമായി കടന്നുവരുന്നവരാണ്, ആയതിനാൽ അവർക്ക് നിങ്ങൾ സംരക്ഷണം നൽകരുത്, അവരെ നിങ്ങൾ അഭയാർഥികളായി സ്വീകരിക്കരുത്, അവരെ നിങ്ങൾ നാട്ടിൽനിന്നും പുറത്താക്കണം' എന്നെല്ലാം അവർ പറഞ്ഞു. പക്ഷേ, നജ്ജാശിയുടെ മനസ്സ് ഈമാൻ നിറഞ്ഞതായിരുന്നു. അദ്ദേഹം പിൽക്കാലത്ത് ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം മക്കയിലെ പ്രമാണിമാരുടെ വാക്കിന് അനുകൂലമായി നിന്നില്ല. *(തുടരും)*

**അബൂസുഫ്‌യാൻ ഇസ്‌ലാം സ്വീകരിക്കുന്നതിന് മുമ്പ് നബി (സ്വ)യോട് കടുത്ത ശത്രുതയിലായിരുന്നല്ലോ. എന്നാൽ നബി (സ്വ) മക്കയിൽ ഇസ്‌ലാം പ്രബോധനം ചെയ്യുന്നത് മഹതി റംല കേൾക്കുകയുണ്ടായി. നബി(സ്വ) പറയുന്നത് സത്യമാണെന്ന് മഹതിക്ക് ബോധ്യമായി. അങ്ങനെ അവർ നബി(സ്വ)യിൽ വിശ്വസിച്ചു. അവരുടെ ഇസ്‌ലാം സ്വീകരണം മക്കയിൽ ശത്രുക്കളുടെ ക്രൂരത അഴിഞ്ഞാടിയിരുന്ന ആദ്യ കാലത്തായിരുന്നു. ശത്രുക്കളുടെ നേതാവായ പിതാവ് തന്റെ ഇസ്‌ലാം സ്വീകരണം അറിഞ്ഞാൽ സ്വീകരിക്കുന്ന നടപടികൾ എന്തായിരിക്കുമെന്ന് മഹതിക്ക് ഉത്തമബോധ്യമുണ്ടായിരുന്നു. എന്നിട്ടും ധീരയായ ആ വനിത സത്യം സ്വീകരിക്കുന്നതിൽ ഒട്ടും അമാന്തം കാണിച്ചില്ല**



# തശഹ്ഹുദിലെ പ്രാർഥന; നാം അറിയേണ്ടത്

ദുൽക്കർഷാൻ അലനല്ലൂർ

: 9447745299

**ജനങ്ങളുടെ വിശ്വാസത്തെ പരീക്ഷിക്കുവാനായി അയാളിൽ മറ്റു മനുഷ്യർക്കില്ലാത്ത ചില കഴിവുകൾ അല്ലാഹു നിശ്ചയിച്ചിരിക്കുന്നു. ദജ്ജാലിനെ അനുധാവനം ചെയ്യുന്നതിൽനിന്ന് നബി(സ്വ) സമുദായത്തെ വിലക്കി. അവന്റെ സൃഷ്ടിപരവും സ്വഭാവപരവുമായ പ്രത്യേകതകൾ വിവരിച്ച് അവൻ തികഞ്ഞ പരീക്ഷണമാണെന്ന് ഉണർത്തുകയും അവനിൽനിന്നുള്ള രക്ഷാമാർഗങ്ങൾ സമുദായത്തെ പഠിപ്പിക്കുകയും ചെയ്തു.**

**4. മസീഹുദ്ദജ്ജാലിന്റെ ഉപദ്രവത്തിൽനിന്നുള്ള കാവൽ**

കാലാവസാനമായാൽ സംഭവിക്കാനിരിക്കുന്ന, മനുഷ്യചരിത്രത്തിലെ ഏറ്റവും വലിയ കുഴപ്പവും പരീക്ഷണവുമാണ് ദജ്ജാലിന്റെ ഫിത്ന അഥവാ കുഴപ്പം. അതിനാൽതന്നെ എല്ലാ നബിമാരും അവരുടെ ജനങ്ങൾക്ക് ദജ്ജാലിന്റെ വിഷയത്തിൽ മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ട്. ഈ യാഥാർഥ്യം നബി(സ്വ) പറഞ്ഞുതരുന്നു:

"നിശ്ചയം, ആദമിന്റെ സന്തതികളെ അല്ലാഹു സൃഷ്ടിച്ചതുമുതൽ ദജ്ജാലിന്റെ ഫിത്നയോളം വലിയ ഫിത്ന ഉണ്ടായിട്ടില്ല. നിശ്ചയം, തന്റെ സമുദായത്തിന് ദജ്ജാലിനെക്കുറിച്ച് മുന്നറിയിപ്പു നൽകാതെ ഒരു നബിയെയും അല്ലാഹു നിയോഗിച്ചിട്ടില്ല. ഞാൻ അന്ത്യപ്രവാചകനാണ്. നിങ്ങളാകട്ടെ അവസാനത്തെ സമുദായവുമാണ്. നിസ്സംശയം, അവൻ നിങ്ങളിൽ പുറപ്പെടുന്നവനാണ്" (ഇബ്നുമാജ).

മസീഹുദ്ദജ്ജാലിനെ കുറിച്ച് ഏറ്റവും കൂടുതൽ മുന്നറിയിപ്പുകളും താക്കീതുകളും നൽകിയിട്ടുള്ളത് മുഹമ്മദ് നബി(സ്വ)യാണ്. അന്ത്യനാളിന്റെ വലിയ അടയാളങ്ങളിൽപെട്ടതാണ് മസീഹുദ്ദജ്ജാലിന്റെ ആഗമനം.

ഹുദയ്ഫതുബ്നു ഉസയ്ദിൽ ഗിഫ്ഫാരിയി(റ)ൽനിന്നും നിവേദനം, അദ്ദേഹം പറഞ്ഞു: "ഞങ്ങൾ അനുസ്മരിച്ച് സംസാരിക്കവെ നബി(സ്വ) ഞങ്ങളിലേക്ക് എത്തിനോക്കി. തിരുമേനി(സ്വ) ചോദിച്ചു: 'നിങ്ങൾ എന്താണ് അനുസ്മരിക്കുന്നത്?' അവർ പറഞ്ഞു: 'ഞങ്ങൾ അന്ത്യനാളിനെ അനുസ്മരിക്കുന്നു.' തിരുമേനി(സ്വ) പറഞ്ഞു: 'പത്ത് അടയാളങ്ങൾ നിങ്ങൾ കാണുന്നതുവരെ നിശ്ചയം, അന്ത്യനാൾ സംഭവിക്കുകയില്ല.' അങ്ങനെ

തിരുമേനി(സ്വ) പറഞ്ഞു: 'ദുഖാൻ, ദജ്ജാൽ...'' (മുസ്‌ലിം).

ജനങ്ങളുടെ വിശ്വാസത്തെ പരീക്ഷിക്കുവാനായി അയാളിൽ മറ്റു മനുഷ്യർക്കില്ലാത്ത ചില കഴിവുകൾ അല്ലാഹു നിശ്ചയിച്ചിരിക്കുന്നു. ദജ്ജാലിനെ അനുധാവനം ചെയ്യുന്നതിൽനിന്ന് നബി(സ്വ) സമുദായത്തെ വിലക്കി. അവന്റെ സൃഷ്ടിപരവും സ്വഭാവപരവുമായ പ്രത്യേകതകൾ വിവരിച്ച് അവൻ തികഞ്ഞ പരീക്ഷണമാണെന്ന് ഉണർത്തുകയും അവനിൽനിന്നുള്ള രക്ഷാമാർഗങ്ങൾ സമുദായത്തെ പഠിപ്പിക്കുകയും ചെയ്തു.

നബി(സ്വ) മസീഹുദ്ദജ്ജാലിന്റെ ശാരീരിക പ്രത്യകതളെ കുറിച്ച് വിശദീകരിച്ച ഏതാനും ഹദീസുകൾ കാണുക:

നവ്വാസിബ്നു സംആനി(റ)ൽനിന്ന് നിവേദനം, നബി(സ്വ) പറഞ്ഞു: "നിശ്ചയം, അവൻ യുവാവാണ്. നന്നായി ജടകുത്തിയ മുടിയുള്ളവനാണ്. ഞാൻ അയാളെ സാദൃശ്യപ്പെടുത്തുന്നത് അബ്ദുൽഉസ്സാ ഇബ്നുകത്വനോടാണ്'' (മുസ്‌ലിം).

ഉബാദതുബ്നുസ്വാമിതി(റ)ൽനിന്ന് നിവേദനം, നബി(സ്വ) പറഞ്ഞു: "നിശ്ചയം, മസീഹുദ്ദജ്ജാൽ കുറിയവനും വളഞ്ഞ കാലുകളുള്ളവനും ജടകുത്തിയ മുടിയുള്ളവനും ഒറ്റക്കണ്ണനും കണ്ണിന്റെ (കാഴ്ച) മായ്ക്കപ്പെട്ടവനുമായ വ്യക്തിയാണ്. ആ കണ്ണ് പുറത്തേക്ക് ഉന്തിനിൽക്കുന്നതോ കുഴിഞ്ഞിരിക്കുന്നതോ അല്ല...'' (അബൂദാവൂദ്).

ഹുദയ്ഫ(റ)യിൽനിന്നും നിവേദനം, നബി(സ്വ) പറഞ്ഞു: "ദജ്ജാൽ ഇടതുകണ്ണിന് കാഴ്ചയില്ലാത്തവനും ധാരാളമായി മുടിയുള്ളവനുമാണ്...'' (മുസ്‌ലിം).

അനസി(റ)ൽനിന്ന് നിവേദനം, നബി(സ്വ) പറഞ്ഞു: "നിശ്ചയം, അവന്റെ ഇരുകണ്ണുകൾക്കിടയിൽ കാഫിർ എന്ന് എഴുതപ്പെട്ടിട്ടുണ്ട്'' (മുസ്‌ലിം).

ഹുദയ്ഫ(റ) നിവേദനം ചെയ്യുന്ന ഹദീസിൽ ഇപ്രകാരംകൂടി വന്നിട്ടുണ്ട്: "...എല്ലാ മുഅ്മിനും അത് വായിക്കും; എഴുത്തറിയുന്നവനാകട്ടെ എഴുത്തറിയാത്തവനാകട്ടെ'' (മുസ്‌ലിം).

മസീഹുദ്ദജ്ജാൽ നബി(സ്വ)യുടെ ജീവിത നാളിൽതന്നെ ഉണ്ടായിരുന്നു എന്നതും അവൻ ഒരു ദ്വീപിൽ തടയപ്പെട്ടവനായിരുന്നു എന്നതും സ്വഹീഹായ ഹദീസുകൊണ്ട് സ്ഥിരപ്പെട്ടതാണ്. തമീമുദ്ദാരി(റ)യുടെ കഥയുടെ വിഷയത്തിൽ ഫാത്വിമ ബിൻത് ക്വയ്സി(റ)ൽനിന്ന് ഇമാം മുസ്‌ലിം നിവേദനം ചെയ്യുന്ന ക്വിസ്സ്വതുജസ്സാസ(ജസ്സാസയുടെ കഥ)യിൽ ദജ്ജാൽ ഇപ്രകാരം പറഞ്ഞതായി കാണാം:

"നിശ്ചയം, ഞാൻ എന്നെക്കുറിച്ച് നിങ്ങളോട് പറയുന്നു: തീർച്ചയായും ഞാനാകുന്നു അൽമസീഹ്. എനിക്ക് പുറപ്പെടുന്നതിന് അനുവാദം നൽകപ്പെടുവാനും ഞാൻ പുറപ്പെടുവാനും ആയിരിക്കുന്നു. ഞാൻ ഭൂമിയിൽ സഞ്ചരിക്കും. നാൽപത് നാളുകളിലായി ഞാൻ ചെന്നിറങ്ങാതെ യാതൊരു ഗ്രാമവും ഞാൻ ഉപേക്ഷിക്കുകയില്ല. മക്കയും മദീനയുമൊഴിച്ച്; അവ രണ്ടും എനിക്ക് നിഷിദ്ധമാക്കപ്പെട്ടവയാണ്. അവ രണ്ടിലൊന്നിൽ ഞാൻ പ്രവേശിക്കാൻ ഉദ്ദേശിക്കുമ്പോഴെല്ലാം ഒരു മലക്ക് ഊരിപ്പിടിച്ച വാളുമായി എന്നെ അഭിമുഖീകരിക്കുകയും അതിൽനിന്ന് എന്നെ തടുക്കുകയും ചെയ്യും. നിശ്ചയം, അതിലെ ഓരോ മലമ്പാതയിലും അതിനെ കാക്കുന്നതായ മലക്കുകളുണ്ടായിരിക്കും'' (മുസ്‌ലിം).

എന്നാൽ ഖേദകരമെന്നു പറയട്ടെ, ഇമാം മുസ്‌ലിം തന്റെ സ്വഹീഹിൽ ഒരധ്യായത്തിന് ക്വിസ്സ്വതുൽ ജസ്സാസ എന്ന് പേരുനൽകുകയും അതിനു കീഴിൽ തമീമുദ്ദാരിയുടെ ഈ ഹദീസ് കൊണ്ടുവരികയും ചെയ്തതിനെ ദുർബല ഹദീസിന്റെ ഗണത്തിൽ പെടുത്തിയും മറ്റും വിമർശിക്കുകയും നിഷേധിക്കുകയും ചെയ്യുന്നവരും മുസ്‌ലിംകളുടെ കൂട്ടത്തിലുണ്ട്. എന്നാൽ വിധിവൈപരീത്യം എന്നും പറയാം, നമസ്കാരത്തിലെ അത്തഹിയ്യാത്തിൽ മസീഹുദ്ദജ്ജാലിന്റെ ഫിത്നയെ തൊട്ട് അല്ലാഹുവിനോട് ഇവർ കാവലിനെ തേടുകയും ചെയ്യുന്നു. അന്ധത ബാധിച്ചതാണോ അതോ അന്ധത നടിക്കുകയാണോ ഇക്കൂട്ടർ എന്നറിയില്ല. ഏതായിരുന്നാലും ഇസ്‌ലാമിക പ്രമാണങ്ങളെ നിഷേധിക്കുകയും വിമർശിക്കുകയും ചെയ്ത് ജീവിക്കുന്നവർക്ക് പരലോകത്ത് എന്ത് ഓഹരിയാണ് ലഭിക്കുക എന്നതിനെപ്പറ്റി ആലോചിച്ചാൽ നന്ന്.

**ഇമാം മുസ്‌ലിം തന്റെ സ്വഹീഹിൽ ഒരധ്യായത്തിന് ക്വിസ്സ്വതുൽ ജസ്സാസ എന്ന് പേരുനൽകുകയും അതിനു കീഴിൽ തമീമുദ്ദാരിയുടെ ഈ ഹദീസ് കൊണ്ടുവരികയും ചെയ്തതിനെ ദുർബല ഹദീസിന്റെ ഗണത്തിൽ പെടുത്തിയും മറ്റും വിമർശിക്കുകയും നിഷേധിക്കുകയും ചെയ്യുന്നവരും മുസ്‌ലിംകളുടെ കൂട്ടത്തിലുണ്ട്. എന്നാൽ വിധിവൈപരീത്യം എന്നും പറയാം, നമസ്കാരത്തിലെ അത്തഹിയ്യാത്തിൽ മസീഹുദ്ദജ്ജാലിന്റെ ഫിത്നയെ തൊട്ട് അല്ലാഹുവിനോട് ഇവർ കാവലിനെ തേടുകയും ചെയ്യുന്നു. അന്ധത ബാധിച്ചതാണോ അതോ അന്ധത നടിക്കുകയാണോ ഇക്കൂട്ടർ എന്നറിയില്ല. ഏതായിരുന്നാലും ഇസ്‌ലാമിക പ്രമാണങ്ങളെ നിഷേധിക്കുകയും വിമർശിക്കുകയും ചെയ്ത് ജീവിക്കുന്നവർക്ക് പരലോകത്ത് എന്ത് ഓഹരിയാണ് ലഭിക്കുക എന്നതിനെപ്പറ്റി ആലോചിച്ചാൽ നന്ന്.**

ഏതായിരുന്നാലും, വിശ്വാസികളെ സംബന്ധിച്ചിടത്തോളം മസീഹുദ്ദജ്ജാൽ കാലങ്ങളായി ദുൻയാവിലുണ്ടെന്നും അവൻ ഒരു ദ്വീപിൽ തടയപ്പെട്ടിരിക്കുകയാണെന്നും അവന് വരാൻ സമയമായാൽ അവൻ ജനങ്ങളിലേക്ക് വരികയും ലോകം മുഴുവൻ സഞ്ചരിക്കുകയും ജനങ്ങളെ അവൻ അവന്റെ ഫിത്നയിൽ അകപ്പെടു

ത്തുകയും ചെയ്യുമെന്നും അവർ വിശ്വസിക്കേണ്ടതുണ്ട്.

നവ്വാസുബ്നു സംആനി(റ)ൽനിന്നുള്ള നിവേദനത്തിൽ ദജ്ജാലിന്റെ വിഷയത്തിൽ സ്വഹാബത്തിന്റെ ചോദ്യങ്ങളും നബി(സ്വ)യുടെ മറുപടിയും ഫിത്നയെക്കുറിച്ചുള്ള അനുസ്മരണവും ഇപ്രകാരമാണ് ഉള്ളത്:

"അല്ലാഹുവിന്റെ ദൂതരേ, ഭൂമിയിൽ അവന്റെ താമസം എത്രയാണ്?"

തിരുമേനി(സ്വ) പറഞ്ഞു: "നാൽപത് നാളുകളാണ്. ഒരു ദിവസം ഒരു വർഷത്തെപ്പോലെയാണ്. ഒരു ദിവസം ഒരു മാസത്തെപ്പോലെയാണ്. ഒരു ദിവസം ഒരാഴ്ച പോലെയാണ്. മറ്റു ദിവസങ്ങൾ നിങ്ങളുടെ (സാധാരണ) ദിവസങ്ങൾ പോലെയാണ്."

ഞങ്ങൾ ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ഒരു വർഷത്തെപ്പോലെ ദൈർഘ്യമുള്ള ആ ദിവസത്തിൽ ഞങ്ങൾക്ക് ഒരു ദിവസത്തെ നമസ്കാരം മതിയാകുമോ?"

നബി(സ്വ) പറഞ്ഞു: "മതിയാകില്ല. നിങ്ങൾ ഒരു ദിവസത്തിന്റെ തോത് അതിൽ കണക്കാക്കുക."

ഞങ്ങൾ ചോദിച്ചു: "ഭൂമിയിൽ അവന്റെ വേഗത എത്രയാണ്?"

നബി(സ്വ) പറഞ്ഞു: "കാറ്റ് കൊണ്ടുവരുന്ന മഴയെപോലെയാണ്. അവൻ ഒരു ജനവിഭാഗത്തിന് അടുത്തുവരികയും അവരെ ക്ഷണിക്കുകയും അതോടെ അവർ അവനിൽ വിശ്വസിക്കുകയും അവന് ഉത്തരമേകുകയും ചെയ്യും. അവൻ ആകാശത്തോട് (മഴപെയ്യിക്കുവാൻ) കൽപിക്കും. അതോടെ ആകാശം മഴപെയ്യിക്കും. ഭൂമിയോട് (സസ്യലതാതികൾ മുളപ്പിക്കുവാൻ) കൽപിക്കും. അതോടെ (ഭൂമി സസ്യലതാതികളെ) മുളപ്പിക്കും. അവരുടെ കാലികൾ ഉയർന്ന പൂഞ്ഞകളുമായി, പാലു ചുരത്തുന്ന അ കിടുകളുമായി, നിറഞ്ഞ വയറുകളുമായി വൈകുന്നേരം അവരിലേക്ക് (കൂടണയാൻ) വരും. ദജ്ജാൽ (മറ്റൊരു) ജനവിഭാഗത്തിലേക്ക് വരികയും അവരെ ക്ഷണിക്കുകയും ചെയ്യും. അവർ അവന്റെ ക്ഷണം തിരസ്കരിക്കും. അതോടെ അവൻ അവരിൽനിന്ന് പിരിഞ്ഞുപോകും. അവർ വരൾച്ച ബാധിച്ചവരായി പ്രഭാതത്തിൽ പ്രവേശിക്കും. അവരുടെ കയ്യിൽ അവരുടെ സ്വത്തുക്കളൊന്നും ശേഷിക്കുകയില്ല. കൃഷിയിടത്തിൽ ദജ്ജാൽ നടക്കും. അതിനോട് പറയും: 'നീ നിന്റെ നിധി പുറത്തെടുക്ക്.' അപ്പോൾ തേനീച്ചക്കൂട്ടം കണക്കെ അതിലെ നിധി അവനെ പിന്തുടരും.

പിന്നീട് യൗവനം തുടുത്ത ഒരു യുവാവിനെ അവൻ ക്ഷണിച്ചുവരുത്തി വാളുകൊണ്ട് വെട്ടുകയും രണ്ടാക്കി മുറിച്ച് കണ്ണെത്തും ദൂരം ഇടുകയും ചെയ്യും. ശേഷം അവൻ ആ യുവാവിനെ വിളിക്കും. അപ്പോൾ പ്രസന്നവദനനായി, ചിരിതൂകി ആ യുവാവ് മുന്നിട്ടുവരും..." (മുസ്‌ലിം).

അബൂഉമാമ(റ)യിൽനിന്നുള്ള നിവേദനത്തിൽ ദജ്ജാലിന്റെ ഫിത്നയുടെ വിഷയം ഇപ്രകാരമാണ് ഉള്ളത്; "നിശ്ചയം, അവന്റെ ഫിത്നയിൽ പെട്ടതാണ് അവൻ ഒരു അഅ്റാബിയോട് (ഇങ്ങനെ) പറയുക എന്നത്: 'നിനക്ക് നിന്റെ മാതാപിതാക്കളെ ജീവിപ്പിച്ചുതന്നാൽ ഞാൻ നിന്റെ റബ്ബാണെന്നതിന് നീ സാക്ഷ്യം വഹിക്കുമോ?" അപ്പോൾ അഅ്റാബി പറയും: 'അതെ.' അതോടെ രണ്ടു പിശാചുക്കൾ അയാളുടെ മാതാപിതാക്കളുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുകയും അവർ പറയുകയും ചെയ്യും:

മനുഷ്യന്റെ വിശ്വാസത്തെ തകർക്കുകയും അങ്ങനെ അവൻ ചെയ്ത സൽകർമങ്ങളെ നിഷ്ഫലമാക്കുകയും നരകത്തിന്റെ അവകാശിയാക്കിത്തീർക്കുകയും ചെയ്യുന്ന ദജ്ജാലിന്റെ ഫിത്ന ഏറ്റവും വലിയ ഫിത്നയാണെന്നു പറയേണ്ടതില്ലല്ലോ. ആ ഫിത്നയിൽനിന്നും രക്ഷതേടുകയാണ് ഏറ്റവും പ്രാധാന്യമുള്ള ആരാധനയായ നമസ്കാരത്തിലൂടെ നാം ചെയ്യുന്നത്.

'മകനേ, നീ അവനെ പിൻപറ്റുക. നിശ്ചയം, അവൻ നിന്റെ റബ്ബാണ്" (ഇബ്നുമാജ).

അബൂസഈദി(റ)ൽനിന്നുള്ള നിവേദനത്തിൽ ദജ്ജാലിന്റെ ഫിത്നയുടെ വിഷയം ഇപ്രകാരമാണ് ഉള്ളത്: "ദജ്ജാൽ വരും. അവനാകട്ടെ മദീനയുടെ വഴികളിൽ പ്രവേശനം നിഷേധിക്കപ്പെട്ടവനാണ്. അതിനാൽ മദീനയോട് ചേർന്ന ചതുപ്പുസ്ഥലങ്ങളിൽ അവൻ ചെന്നിറങ്ങും. അന്നാളിൽ ജനങ്ങളിൽ ശ്രേഷ്ഠനായ ഒരാൾ ദജ്ജാലിലേക്ക് പുറപ്പെട്ടു ചെല്ലും. അദ്ദേഹം പറയും: 'അല്ലാഹുവിന്റെ റസൂൽ(സ്വ) ഞങ്ങളോട് വൃത്താന്തമോതിയ ദജ്ജാലാണ് നീ എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു.' അപ്പോൾ ദജ്ജാൽ തന്നോടൊപ്പമുള്ള ജനാവലിയോട് പറയും: 'ഈ വ്യക്തിയെ ഞാൻ വധിക്കുകയും ശേഷം ജീവിപ്പിക്കുകയും ചെയ്താൽ (ഞാൻ റബ്ബാണെന്ന) വിഷയത്തിൽ നിങ്ങൾ സംശയിക്കുമോ?' അവർ പറയും: 'ഇല്ല.' അതോടെ ദജ്ജാൽ അയാളെ കൊല്ലുകയും ശേഷം ജീവിപ്പിക്കുകയും ചെയ്യും."

മറ്റൊരു നിവേദനത്തിൽ 'ദജ്ജാൽ വാളുകൊണ്ട് വെട്ടുകയും വിദൂരത്തേക്ക് രണ്ടു കഷ്ണമായി മുറിച്ചിടുകയും ചെയ്യും. ശേഷം അയാളെ വിളിക്കും. അപ്പോൾ അയാൾ പ്രസന്നവദനനായി ചിരിതൂകി മുന്നിട്ടുവരും'" എന്നാണുള്ളത്. അയാൾ പറയും: 'അല്ലാഹുവാണെ, നിന്നെക്കുറിച്ച് ഇപ്പോൾ എനിക്കുള്ള തികഞ്ഞ ഉൾക്കാഴ്ച മുമ്പൊരിക്കലും എനിക്കുണ്ടായിരുന്നില്ല' (ബുഖാരി).

മനുഷ്യന്റെ വിശ്വാസത്തെ തകർക്കുകയും അങ്ങനെ അവൻ ചെയ്ത സൽകർമങ്ങളെ നിഷ്ഫലമാക്കുകയും നരകത്തിന്റെ അവകാശിയാക്കിത്തീർക്കുകയും ചെയ്യുന്ന ദജ്ജാലിന്റെ ഫിത്ന ഏറ്റവും വലിയ ഫിത്നയാണെന്നു പറയേണ്ടതില്ലല്ലോ. ആ ഫിത്നയിൽനിന്നും രക്ഷതേടുകയാണ് ഏറ്റവും പ്രാധാന്യമുള്ള ആരാധനയായ നമസ്കാരത്തിലൂടെ നാം ചെയ്യുന്നത്.

*(അവസാനിച്ചു)*

കാഴ്ച



# കാണരുത്, ആ കാഴ്ചകൾ

നബീൽ പയ്യോളി

എവിടെയും സിസിടിവിയാണ്! എവിടെ പോയാലും അവ നമ്മെ ഒപ്പിയെടുക്കുന്നുണ്ട്. സുരക്ഷയാണ് ക്യാമറക്കണ്ണുകൾ എന്നതിൽ തർക്കമില്ല. വീടുകളിലും സ്ഥാപനങ്ങളിലും ക്യാമറകൾ ഉണ്ടെന്ന മുന്നറിയിപ്പ് ബോർഡുകൾ കാണുമ്പോൾ കൂടുതൽ സൂക്ഷ്മത പുലർത്താനും അബദ്ധങ്ങളും കള്ളത്തരങ്ങളും ചെയ്യാതിരിക്കാനും എല്ലാവരും ജാഗ്രത കാണിക്കും. കുറ്റകൃത്യങ്ങളും അപകടങ്ങളുമൊക്കെ തെളിയിക്കാൻ ക്യാമറകൾ വലിയ രീതിയിൽ സഹായകമാവുന്നുണ്ട്. വീട്ടുകാർക്കും സ്ഥാപന ഉടമകൾക്കും ക്യാമറയുണ്ടല്ലോ എന്ന ആശ്വാസം നൽകുന്ന സുരക്ഷിതബോധം ചെറുതല്ല.

എന്നാൽ ഇത്തരം ക്യാമറക്കണ്ണുകൾ ഒപ്പിയെടുക്കുന്നതെല്ലാം കാണേണ്ടവയും കാണിക്കേണ്ടവയുമല്ല. ഹൃദയത്തിൽ മുറിവുണ്ടാക്കുന്ന, കണ്ണുകളെ ഈറനണിയിക്കുന്ന കാഴ്ചകളും സിസിടിവികളിൽ പതിയാറുണ്ട്. അവ സാമൂഹിക മാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്നതിന് വലിയ ആവേശമാണ് പലർക്കും. നിമിഷനേരം കൊണ്ട് അവ ആയിരങ്ങളിലേക്ക് എത്തും. അപകടങ്ങളും അക്രമങ്ങളും കൊലപാതകങ്ങളും അടക്കം മനസ്സിനെ മരവിപ്പിക്കുന്ന, വികാരങ്ങളെ വൃണപ്പെടുത്തുന്ന നിരവധി ദൃശ്യങ്ങൾ ഉത്തരത്തിൽ നമ്മുടെ മൊബൈലിലേക്കും എത്താറുണ്ട്. അവ ആവർത്തിച്ചുകണ്ട് സ്വന്തം മനസ്സിനെ ക്രമേണ നിർവികാരതയിലേക്ക് തള്ളിവിടുകയാണ് നാം ചെയ്യുന്നതെന്ന് എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ?


കുറ്റകൃത്യങ്ങളും തിന്മകളും നിരന്തരം കണ്ട് അതിനോട് താദാത്മ്യം പ്രാപിക്കുന്നതും അവ നമ്മെ വേദനിപ്പിക്കാത്ത രീതിയിൽ മനസ്സ് പാകപ്പെടുന്നതും നാം ഭയപ്പെടേണ്ടതുതന്നെയാണ്. കുട്ടികളടക്കം കുടുംബാംഗങ്ങളെല്ലാം ഇത്തരം ദൃശ്യങ്ങൾ കാണാൻ നമ്മൾ കാരണക്കാരാവാറുണ്ട് പലപ്പോഴും. ഇളം തലമുറയുടെ മനസ്സുകളിൽ അതുണ്ടാക്കുന്ന ഗുരുതര പ്രത്യാഘാതങ്ങൾ അറിയാത്തതുകൊണ്ടാണോ നാം അങ്ങനെ ചെയ്യുന്നത്? അതിനെക്കുറിച്ച് ആ നിലയിൽ ആലോചിക്കാത്തതുകൊണ്ടാവും ചിലപ്പോൾ.

ഉപകാരമുള്ളത് മാത്രം കാണുകയും കാണിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക. അനാവശ്യങ്ങൾ കാണുന്നതിൽനിന്നും കാണിക്കുന്നതിൽനിന്നും പ്രചരിപ്പിക്കുന്നതിൽനിന്നുമെല്ലാം വിട്ടുനിൽക്കുക. അത് ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് ബോധവാന്മാരാവുകയും മറ്റുള്ളവരെ ബോധ്യപ്പെടുത്തുകയും ചെയ്യുക. ചവറുകൾ എറിയപ്പെടുന്ന മാലിന്യ കേന്ദ്രങ്ങളിലാവരുത് നമ്മുടെ സാമൂഹിക മാധ്യമ ഇടങ്ങളും മനസ്സും. നന്മയുടെ പ്രചാരകരാവുക, തിന്മകളിൽനിന്ന് വിട്ടുനിൽക്കുക.

കവിത

# വെറുപ്പ്

സുലൈമാൻ പെരുമുക്ക്



അധികാരത്തിന്റെ
മൗനം പിഴച്ചുപെറ്റതാണ്
വെറുപ്പിനെ.
അതു പിച്ചവെക്കുന്നതൊക്കെ
അധികാരം ഇടങ്കണ്ണിട്ട്
നോക്കിരസിക്കും.
പിന്നെ
കയറു പൊട്ടിച്ച്
ഓടാൻ തുടങ്ങിയാൽ
അധികാരത്തിനും
പിടിച്ചുകെട്ടാനാവില്ല!
ഒത്തിരി ദൂരം
ഓടിത്തളർന്നാൽ
പിന്നെ
സ്വയം മടുക്കും
അങ്ങനെ
മടുത്തുമടുത്താണ്
വെറുപ്പ് ഒരു തുള്ളി
സ്നേഹംപോലും കിട്ടാതെ
അറപ്പോടെ
ചത്തൊടുങ്ങുന്നതെന്നത്
ചരിത്ര സത്യം!


ഇനി പഠനം രസകരമാകും
peaceradio
peaceradio
e മദ്റസ
റെഗുലർ കോഴ്സ്
Class Tests
Activities
Star of the Week
Parent Review
Final Exam
Phone in Viva
Live Chat
പ്രക്ഷേപണം
ഇന്ത്യൻ സമയം
01:30 PM
നമ്മുടെ കൂട്ടുകാരെ രജിസ്റ്റർ ചെയ്യാൻ മറക്കരുത്
വീഡിയോ ക്ലാസുകൾ ലഭിക്കാൻ
zameel
Zameel
Online Library
സന്ദർശിക്കുക
പീസ് റേഡിയോ നിങ്ങളുടെ ഫോണിൽ ലഭിക്കുവാൻ
ANDROID APP ON Google play
Available on the App Store
Peace Radio
RadioForPeace

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 JUNE 11

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI
GooglePay Paytm